# വിവാഹ മംഗളാശംസകൾ



ചാലക്കുടി കൊട്ടാരത്തിൽ മഠത്തിൽ (ശ്രീലകം) കെ. ആർ. നന്ദകുമാരവർമ്മയുടെയും ചാഴൂർ കോവിലകത്ത് രമണി നന്ദകുമാർ വർമ്മയുടെയും മകൾ **ശ്രീലേഖാ വർമ്മയും** ചിറയ്ക്കൽ കോവിലകത്ത് പ്രസേനകുമാർ വർമ്മയുടെയും പാലിയക്കര കൊട്ടാരത്തിൽ കൃഷ്ണകുമാരീവർമ്മയുടെയും മകൻ **കൃഷ്ണദാസ് വർമ്മയും** തമ്മിലുള്ള വിവാഹം മെയ് 13ന് ചാലക്കുടി ഗോപാലകൃഷ്ണ ആഡിറ്റോറിയത്തിൽ സമംഗളം നടന്നു.

# വിവാഹ മംഗളാശംസകൾ



മേലാറ്റൂർ ആയിരനാഴി കോവിലകത്തു തങ്കമണി തമ്പുരാട്ടിയുടെയും കടത്തനാട് പുറമേരി എടവലത്തു കോവിലകത്തു പരേതനായ ചന്ദ്രശേഖരൻ തമ്പുരാന്റെയും പുത്രി **മഞ്ജുളയും** പാലക്കാട് കാവിൽപാട് ലക്ഷ്മിനഗറിൽ ചന്ദ്രകാന്തം ഭവനത്തിൽ മല്ലികയുടെയും ഗോപാലകൃഷ്ണന്റെയും പുത്രൻ **അജയനും** തമ്മിലുള്ള വിവാഹം 2011 മെയ് 5ന് തിരുമാന്ധാംകുന്ന് ക്ഷേത്രത്തിൽ വെച്ചു നടന്നു.

‘ആവർത്തിക്കുന്ന സംസാരേ ചാവുന്നേവൻജനിച്ചിടാ
ഏവൻ കുലമുയർത്തിടുമവനത്രേ ജനിച്ചവൻ’

Kshatra Sandesam
Quarterly News Magazine of
Kshatriya Kshema Sabha
April-June 2011
Me 1186 Medam - Midhunam
Volume 11 Issue 2

ക്ഷാത്രസന്ദേശം
ക്ഷത്രിയ ക്ഷേമ സഭയുടെ
ത്രൈമാസ വാർത്താപത്രിക
ഏപ്രിൽ - ജൂൺ 2011
1186 മേടം - മിഥുനം
വാല്യം 11, ലക്കം 2

## വിഷയവിവരം


| | |
|---|---|
| പത്രാധിപക്കുറിപ്പ് | 1 |
| വായനക്കാരുടെ കത്തുകൾ | 2 |
| സാംസ്കാരിക വിനിമയം | 3 |
| **കെ.സി. മാനവർമ്മരാജ** | |
| രാഗസുധാരസം | 4 |
| **മനോജ് വർമ്മ** | |
| കൊടുങ്ങല്ലൂർ രാജവംശം - | 5 |
| വിദ്വാന്മാരും വിദുഷികളും | |
| **കൊടുങ്ങല്ലൂർ കുഞ്ഞുണ്ണിരാജ** | |
| വേണാട് (തിരുവിതാംകൂർ രാജവംശം) | 6 |
| **ഡോ. ആർ.പി. രാജാ** | |
| ഹരിവരാസനം | 8 |
| ക്യാപ്റ്റൻ കേരളവർമ്മ | 9 |
| **ആർ.വി. രാമഭദ്രൻതമ്പുരാൻ** | |
| ക്ഷത്രിയസഭ - പഴയ ഏടുകളിൽ നിന്ന് | 10 |
| ചൂണ്ടയിൽ കൊളുത്തിയിട്ട ഇര | 13 |
| **നാരായൺ ഗംഗോപാദ്ധ്യായ** | |
| **പരിഭാഷ: ഡോ. കെ.സി.എം. രാജ** | |
| ഓർമ്മച്ചെപ്പിലെ മിന്നാമിനുങ്ങുകൾ | 15 |
| **ഹൈമവതി വർമ്മ** | |
| എന്റെ പ്രിയപ്പെട്ട വല്ല്യേട്ടൻ | 17 |
| **പി.സി. കുമാരിത്തമ്പുരാട്ടി** | |
| ഷോഡശക്രിയ കർമ്മപദ്ധതി | 18 |
| ശിഥില ചിന്തകൾ | 21 |
| **കെ.കെ. അശോകൻ** | |
| ഒറ്റ ശ്ലോകങ്ങൾ | 22 |
| **പി.കെ. കുഞ്ഞിയനുജത്തി തമ്പുരാട്ടി** | |
| ശിവരാമൻ | 23 |
| **കെ. ഹരികൃഷ്ണ വർമ്മ** | |
| പുസ്തകജാലകം | 25 |
| **പി. സുഭാഷ് കുമാർ വർമ്മ** | |
| വളരുന്ന പ്രതിഭകൾ | 26 |
| ബാലവേദി | 27 |
| വാർത്തകൾ - വിശേഷങ്ങൾ | 28 |
| വൈവാഹികം | 35 |


**പത്രാധിപക്കുറിപ്പ്**

## ക്ഷേത്രസ്വത്തുക്കൾ ക്ഷേത്രത്തിൽത്തന്നെ സംരക്ഷിക്കണം

ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ നിലവറകളിൽ നിന്നും പുറത്തെടുത്ത തിരുവാഭരണങ്ങളും അലങ്കാര ആഭരണങ്ങളുമുൾപ്പെടുന്ന സ്വർണ്ണ, നവരത്നഖചിതങ്ങളായ ആഭരണങ്ങളും അനേകായിരം നാണയങ്ങളും അടങ്ങുന്ന വൻസമ്പത്തിനെപ്പറ്റിയുള്ള വാർത്തകൾ ലോകമെമ്പാടും വ്യാപിച്ചിരിക്കുകയാണല്ലോ. ശ്രീപദ്മനാഭന്റെയും തദ്വാരാ തിരുവിതാംകൂർ രാജകുടുംബത്തിന്റെയും കീർത്തിയും സൽപ്പേരും ലോകമാസകലം വ്യാപിച്ചത് നല്ലതുതന്നെ. സഹസ്ര കോടികൾ വിലമതിക്കുന്ന ഈ വൻസുവർണ്ണശേഖരം നൂറ്റാണ്ടുകളായി കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കാനായത് ശ്രീപദ്മനാഭസ്വാമിയുടെയും അവിടുത്തെ ദാസന്മാരായ രാജകുടുംബത്തിന്റെയും അനുഗ്രഹം കൊണ്ടു മാത്രമാണ്. രാജകുടുംബത്തിന്റെ കുലദൈവമായ പദ്മനാഭസ്വാമിക്ക് കാണിക്കയായും വഴിപാടായും, പ്രായശ്ചിത്തമായുമൊക്കെ ശതാബ്ദങ്ങളായി രാജകുടുംബാംഗങ്ങൾ അർപ്പിച്ചിട്ടുള്ളതാണ് ഇപ്പോൾ പുറത്തെടുത്ത വിലപിടിച്ച രത്നങ്ങളും ആഭരണങ്ങളും നാണയങ്ങളുമെല്ലാം തന്നെ. അതുകൊണ്ടുതന്നെയാണല്ലോ ഈ സ്വത്തുക്കൾ പദ്മനാഭ സ്വാമിയുടെതാണെന്നും അത് അവിടെത്തന്നെ സുരക്ഷിതമായി സംരക്ഷിക്കുവാൻ വേണ്ട എല്ലാ നടപടികളും സ്വീകരിക്കാൻ സംസ്ഥാന സർക്കാർ തയ്യാറായതും. സംസ്ഥാന സർക്കാരിന്റെ ഈ തീരുമാനത്തെ ക്ഷത്രിയക്ഷേമസഭ ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു.

അതേസമയം ക്ഷേത്രത്തിലെ നിലവറകളിൽ നിന്നും പലതും മോഷണം പോയി എന്നും അവ സുരക്ഷിതമല്ല എന്നും മറ്റുമുള്ള ചില തൽപ്പര കക്ഷികളുടെ വാദം പൊള്ളയായി എന്നും ഇത് തെളിയിച്ചിരിക്കുന്നു. രാജകുടുംബത്തിന്റെ സൽപ്പേരിന് കളങ്കം വരുത്താൻ പ്രസ്തുത കക്ഷികൾ നടത്തിയ ശ്രമം പാളിപ്പോയതിൽ അവർക്ക് നിരാശയുണ്ടായത് സ്വാഭാവികം. പക്ഷേ, അത് രാജകുടുംബത്തിന്റെ സൽപ്പേരിനും യശസ്സിനും പതിന്മടങ്ങ് മാറ്റ് വർദ്ധിപ്പിച്ചിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം.

പദ്മനാഭസ്വാമിക്ഷേത്രത്തിലെ സ്വത്തുവിവരം പുറത്തായതുകൊണ്ടാണോ ഇപ്പോൾ ഇതു സംബന്ധിച്ച് കൂടുതൽ വാദകോലാഹലങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇതര മതസ്ഥരുടെ ദേവാലയങ്ങളിലെ സ്വത്തുവിവരങ്ങൾ

*തുടർച്ച പേജ് 3-ൽ*

**പത്രാധിപ സമിതി**
**എം. രവിവർമ്മ രാജാ**
*മുഖ്യപത്രാധിപർ*
**ഡോ. എഴുമറ്റൂർ രാജരാജവർമ്മ**
**ദിനേശ്**
**സെക്രട്ടറി, ക്ഷത്രിയക്ഷേമസഭ**
**ടി.എൻ. ആദിത്യവർമ്മ തമ്പാൻ**
**ആർ. കിഷോർ കുമാർ വർമ്മ**

ഓഫീസ് നിർവഹണം : ആർ. രാജരാജവർമ്മ
മുഖചിത്രം : ശ്രീപദ്മനാഭസ്വാമിക്ഷേത്രം

## വായനക്കാരുടെ കത്തുകൾ

ക്ഷത്രിയക്ഷേമസഭ (കേന്ദ്രസഭ)യുടെ പ്രവർത്തനം കഴിഞ്ഞ ഒരു വർഷമായി വേണ്ടതുപോലെ മുന്നോട്ട് കൊണ്ടുപോകുന്നുണ്ടോ? ഒരു മാന്ദ്യം സംഭവിച്ചിട്ടുണ്ട്. യൂണിറ്റുകളുമായുള്ള ബന്ധം കുറഞ്ഞുവരുന്നു. ക്ഷാത്രസന്ദേശം പ്രതിമാസം പ്രസിദ്ധീകരിക്കാനുള്ള ഒരു നടപടിയും ഉണ്ടായിട്ടില്ല. പുതുതായി ചില യൂണിറ്റുകൾ തുടങ്ങാൻ സാധിച്ചത് സെക്രട്ടറിയുടെ പ്രവർത്തനമികവ് തന്നെയാണ്. മാസികയിൽ പരസ്യനിരക്കുകൾ ഒന്നുകൂടി പ്രസിദ്ധീകരിക്കുന്നത് ഉപകാരപ്രദമായിരിക്കും.

*ടി.എം. ശ്രീകുമാർ, കരിവെള്ളൂർ*

### ക്ഷാത്രസന്ദേശം

*ക്ഷാത്ര സന്ദേശമേ! നിനക്കിതാ സ്വാഗതം*
*നിന്നെയറിയുവാൻ ഒട്ടേറെ വൈകി ഞാൻ*
*കാലോചിതമാകും പത്രാധിപക്കുറിപ്പും,*
*വായനക്കാരുടെ കത്തുകളും,*
*അതീവ ഹൃദ്യമാം കഥകളും പിന്നെ കവിതകളും*
*ക്ഷാത്രസന്ദേശത്തിന്നലങ്കാരമായിടുന്നു.*
*ഓർമ്മയിൽ നിന്നും ചികഞ്ഞെടുത്തൊരാ–*
*ഗ്രാമത്തിൻ കഥയെത്ര മനോഹരം*
*ആചാര്യൻ പറഞ്ഞൊരാകഥകളോ*
*നല്ലൊരുപദേശമായിടുന്നു.*
*ചിരിയുണർത്തുന്ന സർദാർജി ഫലിതങ്ങൾ*
*ചിരിക്കാൻ മറക്കുന്നവർക്കേറ്റമുത്തമം*
*പുസ്തകജാലകത്തിലൂടെ ഞാൻ കാണുന്നു*
*പുസ്തകപ്രേമികൾക്കുള്ള വിഭവങ്ങൾ*
*വളരുന്ന പ്രതിഭകൾ പിന്നെ ബാലവേദിയും*
*വായിക്കുവാനെനിക്കേറ്റമിഷ്ടം.*
*വാർത്തകളും പിന്നെ വിശേഷങ്ങളുമറിയാൻ*
*ആകാംക്ഷയോടെ കാത്തിരിക്കുന്നു ഞാൻ*
*സമസ്യയെപ്പറ്റി ഞാനൊന്നുണ്ടു ചൊല്ലുന്നു*
*ഓരോ പൂരണവുമെത്ര രസകരം*
*വിവാഹപ്രായമണ്ണെത്തിയവർക്കേറ്റ–*
*മുചിതമാം വൈവാഹിക പംക്തി,*
*ഇത്രയും വിഭവങ്ങൾ നിറഞ്ഞൊരു ത്രൈമാസിക,*
*ക്ഷത്രിയർക്കേറ്റമഭിമാനകരം.*
*നാൾക്കുനാൾ പടരട്ടെ നിൻ കീർത്തിയെങ്ങും*
*മംഗളം നേരുന്നു ഞാനെന്നുമെന്നും.*

*കുമാരി വർമ്മ, ഭുവനേശ്വർ*

### എം.സി. കേരളവർമ്മ ജന്മശതാബ്ദി സംഭാവന

**₹. 1000/-** ശ്രീ. കെ. കുഞ്ഞുണ്ണിരാജ, പാലസ് നമ്പർ 13, തൃപ്പൂണിത്തുറ. കഴിഞ്ഞ ലക്കത്തിൽ പേരു ചേർക്കാൻ വിട്ടുപോയതിൽ ഖേദിക്കുന്നു.

### വൈകരുത്



കഴിഞ്ഞ രണ്ടു ലക്കങ്ങൾ വൈകിയാണ് കിട്ടിയത്. കഴിഞ്ഞ ലക്കത്തിലെ പുറംചട്ടയിലെ മഹാവിഷ്ണു രൂപ ചിത്രം അതിമനോഹരമായിട്ടുണ്ട്. രാജവംശങ്ങളെപ്പറ്റി എഴുതുന്നവരുടെ ബയോഡേറ്റയും ഫോട്ടോയും കൊടുക്കണം. ക്ഷാത്രസന്ദേശം വൈകാതെ ലഭിക്കാനുള്ള നടപടി സ്വീകരിക്കണം.

*കുട്ടി അനിയൻ രാജ, ചെർപ്പുളശ്ശേരി*

### തിരുത്ത്

കഴിഞ്ഞ ലക്കത്തിലെ പത്രാധിപക്കുറിപ്പിൽ 'തിരുവല്ല മുത്തൂറ്റു വലിയ കോയിക്കൽ ഗോദവർമ്മ പണ്ടാരത്തിൽ' എന്നെഴുതിയിരുന്നു. അദ്ദേഹം എഴുമറ്റൂർ നെയ്തല്ലൂർ കോയിക്കൽ കുടുംബാംഗമാണ്. തെറ്റു പറ്റിയതിൽ ഖേദിക്കുന്നു. *പത്രാധിപർ*

### കൊടുങ്ങല്ലൂർ ഗുരുകുലം

ലക്കം 1 വാല്യം 9തിൽ കൊടുങ്ങല്ലൂർ ഗുരുകുലത്തെക്കുറിച്ച് എന്റെ ലേഖനം പ്രസിദ്ധീകരിച്ച ശേഷം അറിവായ ചില കാര്യങ്ങൾ ഈ വൈകിയ വേളയിലെങ്കിലും വായനക്കാരെ അറിയിക്കുവാനാണ് ഈ കുറിപ്പ് എഴുതുന്നത്.

പൊളിച്ചുവിറ്റത് കഴിഞ്ഞ് താഴെ പറയുന്നത് ചേർക്കേണ്ടതാണ്.

കിഴക്കേബംഗ്ലാവിൽ വെച്ചും പുത്തൻ ബംഗ്ലാവിൽ വെച്ചും വിദ്യാർത്ഥികളെ പഠിപ്പിച്ചിരുന്നു. വലിയ കൊച്ചുണ്ണി തമ്പുരാന്റെ വാസസ്ഥലമായ കിഴക്കേ ബംഗ്ലാവിൽ കാലത്ത് 8 മണി മുതൽ 10 മണിവരെ ആയിരുന്നു അദ്ധ്യയനം. മറ്റുള്ള ആചാര്യന്മാർ 1 മണി മുതൽ 5 മണി വരെയായിരുന്നു വിദ്യാർത്ഥികളെ പഠിപ്പിച്ചിരുന്നത്. എന്നാൽ രസാഭ്യസനം കാലത്താണ് പഠിപ്പിച്ചിരുന്നത്. വലിയ കൊച്ചുണ്ണി തമ്പുരാന്റെ കാലശേഷം കിഴക്കേ ബംഗ്ലാവ് തമ്പുരാട്ടിമാരുടെ താമസത്തിനായി പൊളിച്ച് പുതുക്കിപ്പണിതു.

സവർണ്ണരെ മാത്രമല്ല, അവർണ്ണരെയും ഈ ഗുരുകുലത്തിൽ പഠിപ്പിച്ചിരുന്നു. ഈഴവ സമുദായത്തിൽപ്പെട്ട കുണ്ഠിനി ഗോവിന്ദൻ ആശാൻ, പണിക്കശ്ശേരി കണ്ണപ്പൻ, ഈശ്വര മംഗലത്ത് ശങ്കരൻ, കൃഷ്ണൻ എന്നിവരും, ധീവര സമുദായാംഗമായ കെ.പി. കറുപ്പൻ, ആശാരിയായ നീലകണ്ഠൻ എന്നിവരും ഈ ഗുരുകുലത്തിലെ ശിഷ്യന്മാരായിരുന്നു. കിഴക്കേ ബംഗ്ലാവിന്റെ വടക്ക് കിഴക്ക് ഉണ്ടായിരുന്ന പടിപ്പുര മാളികയിൽ വെച്ചാണ് അവർണ്ണരെ പഠിപ്പിച്ചിരുന്നത്. ഈ പടിപ്പുര കാലക്രമത്തിൽ ജീർണ്ണിച്ച് നശിച്ചുപോയി.

*കെ. കുഞ്ഞുണ്ണിരാജ, അനന്തപുരം*

പ്രസിഡന്റിന്റെ കത്ത്

# സാംസ്ക്കാരിക വിനിമയം

ക്ഷത്രിയരുടെ സാമുദായിക ഐക്യത്തിനുവേണ്ടിയുള്ള ഉദ്ഘോഷണങ്ങൾക്ക് ഒരു നൂറ്റാണ്ടോളം പഴക്കമുണ്ട്. സംഘടനാപരമായ ശ്രമങ്ങൾ പല കാലത്തും പല സ്ഥലത്തും നടന്നതായി കാണാം. സംഘടനാ പ്രവർത്തനത്തിലൂടെയുള്ള സഹകരണവും ഐക്യവും ബോധപൂർവമായ ഇടപെടലുകൾ കൊണ്ട് സാധ്യമായേക്കാം. എന്നാൽ ശ്രമങ്ങൾക്കു ഫലപ്രാപ്തിയുണ്ടാകണമെങ്കിൽ സഹകരണത്തിനു പ്രേരകമാകുന്ന സ്വാഭാവികവും ജൈവപരവുമായ സാഹചര്യം പശ്ചാത്തലത്തിലുണ്ടാകണം. സമുദായാംഗങ്ങളുടെ പ്രത്യക്ഷത്തിൽ പ്രകടമാകാത്ത സ്വാഭാവിക ആവശ്യങ്ങൾ തിരിച്ചറിയുക എന്നതാണ് സാമുദായിക നേതൃത്വത്തിന്റെ ഒരു ചുമതലയെന്ന് ഞാൻ കരുതുന്നു. ഈ ആവശ്യങ്ങൾ മുൻപറഞ്ഞ സാഹചര്യം സൃഷ്ടിച്ചേക്കാം. ഇപ്പോൾ വൈവാഹികബന്ധമാണ് കേരളത്തിലങ്ങോളമിങ്ങോളമുള്ള ക്ഷത്രിയ കുടുംബങ്ങളെ തമ്മിൽ കോർത്തിണക്കുന്നത്. എന്നാൽ അത് ഒരു സാംസ്ക്കാരിക ഐക്യത്തിന് വളരെയൊന്നും സഹായകരമായി ഭവിക്കുന്നില്ല. ഇത്തരുണത്തിൽ ഒരു നിർദ്ദേശം മുന്നോട്ടു വയ്ക്കട്ടെ. കേരളത്തിലെ വിവിധ ക്ഷത്രിയ കുടുംബങ്ങളിലെ കലാകാരന്മാരെയും സാഹിത്യകാരന്മാരെയും സംസ്ഥാനത്തിന്റെ മറ്റ് ഭാഗങ്ങളിലെ സമുദായാംഗങ്ങൾക്ക് പരിയപ്പെടുത്തുന്നതിനായി ഒരു ശ്രമം വിവിധ തലങ്ങളിൽ ആരംഭിക്കുക എന്നതാണത്. ക്ഷത്രിയക്ഷേമസഭയുടെ വിവിധ യൂണിറ്റുകൾ അവരുടെ സാംസ്കാരിക പരിപാടികളിലേക്ക് സംസ്ഥാനത്തിന്റെ ഇതര വിഭാഗങ്ങളിലുള്ള യൂണിറ്റുകളിൽ നിന്നുള്ള കലാകാരന്മാരെയും സാഹിത്യകാരന്മാരെയും പ്രഭാഷകരെയും ക്ഷണിക്കണം. മുൻപൊരു കത്തിൽ സൂചിപ്പിച്ചിരുന്നതുപോലെ കേരളത്തിൽ നിരവധി ക്ഷത്രിയ കുടുംബങ്ങളിൽ കുടുംബയോഗം പതിവായി നടക്കുന്നുണ്ട്. ഈ കുടുംബയോഗത്തിലേക്ക് മറ്റു കുടുംബങ്ങളിൽ നിന്നും പ്രദേശങ്ങളിൽ നിന്നുമുള്ള പ്രതിഭകളെ സൗഹൃദ പ്രതിനിധികളായി പങ്കെടുപ്പിക്കുവാൻ ശ്രമിക്കണം. ഒരു മേഖലയിലെ കലാകാരന്മാരെ ഒന്നിച്ചുകൊണ്ടുവരുന്ന പരിപാടികളും സംഘടിപ്പിക്കാവുന്നതാണ്. വളർന്നുവരുന്ന കലാകാരന്മാർക്ക് പ്രോത്സാഹനമെന്ന നിലയിൽ ഇക്കാര്യത്തിൽ പ്രാഥമിക പരിഗണന നൽകണം. മുതിർന്ന കലാകാരന്മാർക്ക് അംഗീകാരം എന്ന നിലയിലുമാകട്ടെ ഈ അവസരങ്ങൾ. ഇക്കാര്യത്തിൽ ഗൗരവപൂർണ്ണമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിന് ചില മുന്നൊരുക്കങ്ങൾ ആവശ്യമാണെന്നു കാണാം. നിലവിൽ ക്ഷത്രിയക്ഷേമസഭയുടെ യൂണിറ്റുകൾ ഉള്ള സ്ഥലങ്ങളിൽ യൂണിറ്റു നേതൃത്വം അവരുടെ യൂണിറ്റുപരിധിയിൽപ്പെട്ട ക്ഷത്രിയരായ പ്രൊഫഷണൽ/ അമചർ കലാകാരന്മാരുടേയും സാഹിത്യകാരന്മാരുടേയും പ്രഭാഷകരുടേയും വിവരങ്ങൾ ശേഖരിച്ച് മേൽവിലാസവും ടെലിഫോൺ നമ്പരും സഹിതം മറ്റു യൂണിറ്റുകൾക്ക് കൈമാറാവുന്നതാണ്. കുടുംബയോഗങ്ങളുടെ സംഘാടകരും അവരുടെ കുടുംബത്തിലെ പ്രതിഭകളുടെ വിവരം തയ്യാറാക്കി മറ്റു കുടുംബയോഗങ്ങളേയോ ക്ഷത്രിയസഭാ ഘടകങ്ങളെയോ അറിയിക്കാവുന്നതാണ്. സമുദായാംഗങ്ങൾക്ക് സ്വാധീനമുള്ള ക്ഷേത്രങ്ങൾ മറ്റ് സാംസ്ക്കാരിക സ്ഥാപനങ്ങൾ തുടങ്ങിയ വേദികളിലും ഈ പ്രതിഭകൾക്ക് അവസരം നൽകണം. അങ്ങിനെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ക്ഷത്രിയ കുടുംബങ്ങൾക്കിടയിലെ സാംസ്ക്കാരിക വിനിമയം വഴി സാമുദായിക ഐക്യത്തിന് ജൈവപരമായ പശ്ചാത്തലം സൃഷ്ടിക്കാൻ സാധിക്കുമെന്നാണ് എന്റെ വിശ്വാസം. നിലവിലുള്ള സഭായൂണിറ്റുകളും കുടുംബയോഗങ്ങളും ഇക്കാര്യത്തിൽ മുൻകൈയെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം

**കെ.സി. മാനവർമ്മരാജ**
പ്രസിഡന്റ്

*തുടർച്ച 1–ൽ നിന്നും*

ആരെങ്കിലും അറിയാൻ ശ്രമിക്കുകയോ സർക്കാർ അതിൽ ഇടപെടുകയോ ചെയ്യാതിരിക്കെ, പദ്മനാഭസ്വാമിയുടെ സ്വത്ത് സർക്കാരിന്റേതാണെന്നോ അതിൽ സർക്കാർ നിയന്ത്രണം ഏർപ്പെടുത്തണമെന്നോ ആരെങ്കിലും പറഞ്ഞാൽ അത് അംഗീകരിക്കാനാവില്ല.നാടിന്റെ സാംസ്കാരിക പൈതൃകത്തിന്റെ പ്രതീകമായ ശ്രീപദ്മനാഭ സ്വാമിക്ഷേത്രം കേരളത്തിന്റെ മാത്രമല്ല ഭാരതത്തിന് മുഴുവൻ അഭിമാനമാണ്. രാജ്യം തീറെഴുതി കൊടുത്താലും തീരാത്ത കടം ബാക്കിവച്ചിട്ട് ഇറങ്ങിപ്പോകുന്ന രാഷ്ട്രീയ നേതാക്കൾക്കും ഭരണാധികാരികൾക്കും തിരുവിതാംകൂർ രാജകുടുംബം മാതൃകയാകേണ്ടതാണ്. ●

മഹിളാരത്നങ്ങൾ

# രാഗസുധാരസം

**മനോജ് വർമ്മ**

2011 മെയ് 11 രാവിലെ ഒമ്പതു മണി കഴിഞ്ഞ് മിനി അമ്മായി വിളിച്ചു പറഞ്ഞു. സുധാദേവി ചേച്ചി മരിച്ചു.

പ്രശസ്ത സംഗീതജ്ഞ സുധാവർമ്മ അന്തരിച്ചു!!!

സുധാവർമ്മ സംഗീത ലോകത്ത് ഏറെ പ്രഗത്ഭയായിരുന്നു. ശാസ്ത്രീയ സംഗീത രംഗത്തും ഭജൻ ഗീതങ്ങളിലും അവർ പ്രാവീണ്യം പുലർത്തി. കേരളത്തിൽ അങ്ങോളമിങ്ങോളം സംഗീതക്കച്ചേരികൾ അവതരിപ്പിച്ചു. നിർമല മാനസവും വിനയാന്വിതമായ പെരുമാറ്റവും അവരുടെ പാടവത്തിന് മാറ്റുകൂട്ടി. സ്വർണ്ണത്തിനു സുഗന്ധമെന്ന പോൽ.

* * * *

തൃപ്പൂണിത്തുറ കോവിലകത്ത് രവിവർമ്മ തമ്പുരാന്റേയും പാലിയത്ത് തങ്കക്കുട്ടി രവിവർമയുടേയും മകൾ. മൃദംഗ വിദ്വാൻ ശ്രീ. തിലകന്റെ സഹോദരി. തൃപ്പൂണിത്തുറ കോവിലകത്ത് ദേവദാസ് രാമവർമ്മയുടെ പത്നി. മീരയുടേയും ഹരിഗോപാലിന്റേയും അമ്മ.

ജീവിതത്തിൽ തന്റെ മാർഗ്ഗദർശി അച്ഛനാണ് എന്ന് അവർ പറയുമായിരുന്നു. നാലു വയസ്സുവരെ തൃപ്പൂണിത്തുറയിൽ, പിന്നീട് തൃശൂരിൽ.

* * * *

സംഗീതം തലമുറകളിലൂടെ പെയ്തിറങ്ങിയതാണ്. ആദ്യ ഗുരു അമ്മ തന്നെ. 5–ാം വയസ്സു മുതൽ പഠിപ്പിച്ചു. 8–ാം വയസ്സു മുതൽ പുതുക്കോട് കൃഷ്ണമൂർത്തിയുടെ കീഴിൽ അഭ്യസിച്ചു. പിന്നീട് ചെമ്പൈ സംഗീതനാടക അക്കാ



ദമിയിൽ (ഗവ. മ്യൂസിക് അക്കാദമി) പഠനം. 'നൊട്ടേഷൻ' സമ്പ്രദായത്തിൽ അഭ്യസിച്ചിട്ടുണ്ട്. ഇവരുടെ അരങ്ങേറ്റം 'അരങ്ങത്ത്' ആണ്. ആലക്കോട് അരങ്ങത്ത് ശിവക്ഷേത്രത്തിലായിരുന്നു അരങ്ങേറ്റം.

* * * *

1965 മെയ് മാസത്തിൽ ബോംബെ ആകാശവാണിയിൽ ശാസ്ത്രീയ സംഗീതം അവതരിപ്പിച്ചു. 1968–ൽ കോഴിക്കോട് ആകാശവാണിയിലും. 1973–ൽ തൃശൂർ ആകാശവാണിയിൽ തംബുരു ആർട്ടിസ്റ്റ് ആയി ചേർന്നു. 1986 വരെ ഉണ്ടായിരുന്നു. മദ്രാസ് മ്യൂസിക് അക്കാദമി 1980–ൽ ജി.വി. നാരായണ സ്വാമി അവാർഡ് നല്കി ഈ പ്രതിഭയെ ആദരിച്ചു. മദ്രാസിൽ നിരവധി സംഗീതസഭകളിൽ പാടിയിട്ടുണ്ട്. ബെങ്കളൂരിൽ രഞ്ജിനി സഭ, മല്ലേശ്വരം സഭ ഇവയിലെല്ലാം പാടി.

1971–ൽ ചലച്ചിത്രരംഗത്തും എത്തി. സി.ഐ.ഡി. നസീർ എന്ന ചിത്രത്തിൽ ജയചന്ദ്രനോടൊപ്പം പാടിയ 'സങ്കല്പത്തിൽ തങ്കരഥത്തിൽ' എന്ന യുഗ്മഗാനം മറ്റു ഗാനങ്ങളോടൊപ്പം ഹിറ്റ് ആയി ഈ ഗാനം അർജ്ജുനൻ മാഷ് ഈണം നൽകിയതാണ്. ചലച്ചിത്ര ഗാനപ്രവേശത്തിന്റെ രസകരമായ ചിത്രങ്ങൾ അവർ ഓർത്തെടുത്തിരുന്നു. മദ്രാസ് രേവതി സ്റ്റുഡിയോയിൽ ആയിരുന്നു റെക്കോർഡിംഗ്. അവിടെ ചെല്ലുമ്പോൾ പ്രശസ്ത സംഗീത സംവിധായകൻ ബാബുരാജ് ഉണ്ടായിരുന്നു. ശബ്ദ പരിശോധയ്ക്ക് പാടിയ പാട്ടുകൾ.

1. വാസന്ത പഞ്ചമിനാളിൽ

2. ആരാധികയുടെ പൂജാകുസുമം

3. മഞ്ഞണി പൂനിലാവിൽ

എന്നിവയായിരുന്നു. ഈയിടെ അന്തരിച്ച 'ഉദ്യോഗസ്ഥ വേണു' വായിരുന്നു സംവിധായകൻ. പിന്നീട് വേണു തന്നെ സംവിധാനം ചെയ്ത 'ടാക്സി കാറി'ലും പാടി.

എച്ച്.എം.വി. ഇവരുടെ പാട്ട് ഇറക്കിയിട്ടുണ്ട്. ആർ.കെ. ശേഖറിന്റെ ദേശഭക്തിഗാനം, യേശുദാസിനോടൊപ്പം 'സിന്ധുഗംഗാ സമതലഭൂവിൽ'തുടങ്ങിയ ഗാനങ്ങളും ഇറങ്ങി.

സംഗീത ലോകത്ത് രാഗസുധാരസം പകർന്ന്, ആന്ദോളികയിൽ വന്നിറങ്ങി രഞ്ജിപ്പിച്ച ആ വിദുഷി ഘനീഭൂത മൗനത്തിന്റെ സ്ഥായികളിലേക്ക് ശ്രുതി ചേർന്നു. മന്ദ്രസ്ഥായി മുതൽ താരസ്ഥായി വരെ മനുഷ്യനു കേൾക്കാവുന്ന നാദതലങ്ങളിൽ ഇത്രനാൾ അവർ ഉണ്ടായിരുന്നു.

ഇപ്പോൾ അതിനുമപ്പുറത്തെ ഒക്റ്റേവിൽ അവർ എത്തി. ●

കേരളത്തിലെ രാജവംശങ്ങൾ

# കൊടുങ്ങല്ലൂർ രാജവംശം
## (പന്ത്രണ്ടാം ഭാഗം)
# വിദ്വാന്മാരും വിദുഷികളും

(തുടർച്ച)

കൊടുങ്ങല്ലൂർ കുഞ്ഞുണ്ണിരാജ

**ഒരു മഹച്ചരമം**

അവിചാരിതമായിരുന്നു കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ മരണം. 1087 മിഥുനം മുതൽ അന്ത്യം വരെ കൊടുങ്ങല്ലൂരിൽ, ഇളയ തമ്പുരാനായ അവനിക്കാട് (മാതുലൻ) താമസിച്ചിരുന്ന കോട്ട ക്കോവിലകത്തായിരുന്നു ഇദ്ദേഹത്തിന്റെ താമസം. 1088 ധനു 29–ാം തീയതി, തമ്പുരാനെ കാണാൻ, പെട്ടരിയം വലിയ രാമൻ ഇളയത് കോവിലകത്തു ചെന്നു. തമ്പുരാൻ കോയിപ്പിള്ളിയിലാണെന്നറിഞ്ഞ് അവിടേക്കു പോയി. നേരം വൈകിയാണവിടെ എത്തിയത്. ഇളയത് അത്താഴം കഴിച്ചിട്ടില്ലെന്നറിഞ്ഞ് തമ്പുരാൻ അവിലും പഴവും വരുത്തി. രണ്ടു പേരും കൂടി അതു കഴിച്ച് പാലും കുടിച്ച്, ചതുരംഗം കളിക്കുവാനിരുന്നു. വെളുപ്പിനു $2^1/_2$ വരെ കളിച്ചു. അതിനുശേഷം കിടന്നെന്നു വരുത്തി. $41/_2$ മണിയോടെ എഴുന്നേറ്റപ്പോൾ വയറു പന്തിയല്ലെന്നു തോന്നി. തണുപ്പത്ത് കുളിച്ച് കാവിലമ്പലത്തിലെത്തിയപ്പോൾ ഉഷഃപൂജക്ക് നടയടക്കാൻ തുടങ്ങുകയായിരുന്നു. പടിഞ്ഞാറെ നട തുറന്നു തൊഴാനുള്ള അവകാശം കൊടുങ്ങല്ലൂർ രാജകുടുംബാംഗങ്ങൾക്കു മാത്രമാണ് ഉള്ളത്. ഉടനെ തുറക്കുവാൻ പറഞ്ഞു. ഉഷഃപൂജ കഴിഞ്ഞിട്ടു പോരേ എന്ന് പരിചയക്കാരനായ ശാന്തിക്കാരൻ ചോദിച്ചു. തമ്പുരാൻ ക്ഷോഭിച്ചു; നട തുറക്കുവാനാജ്ഞാപിച്ചു. സ്വതവെ ശാന്തപ്രകൃതനായ തമ്പുരാന്റെ ഭാവമാറ്റം കണ്ട ശാന്തിക്കാരൻ അമ്പരന്ന് നട തുറന്നു. തമ്പുരാൻ ദേവിയെ തൊഴുതു വേഗം പുറത്തേക്കിറങ്ങി.

ദർശനം കഴിഞ്ഞ് നേരെ കോട്ടക്കോവിലകത്തേക്കു പോയി. അവിടെവെച്ച് ദേഹാസ്വാസ്ഥ്യം തോന്നുകയും തമ്പുരാൻ തീരെ അവശനാകുകയും ചെയ്തു. വിവരമറിഞ്ഞ് കോയിപ്പിള്ളി പരമേശ്വരക്കുറുപ്പും, നന്ത്യേലത്തു പത്മനാഭമേനോനും ഗവൺമെന്റ് ആശുപത്രിയിലെ ഡോക്ടർ നമശ്ശിവായൻപിള്ളയേയും കൂട്ടി എത്തി, ചികിത്സ തുടങ്ങി. നേരത്തോടു നേരം കഴിഞ്ഞിട്ടും ഭേദമില്ലെന്നു വന്നപ്പോൾ, കോവിലകംവൈദ്യൻ ഈച്ചരവാരിയർ, ആനാറ്റു വേലുമേനോൻ മുതലായ നാട്ടുവൈദ്യന്മാരും ചികിത്സിച്ചു തുടങ്ങി. ചെറിയ കൊച്ചുണ്ണി തമ്പുരാനും രോഗിയെ പരിശോധിച്ചു. രോഗത്തിന് ശമനം കണ്ടില്ല. മാതാവ് കുഞ്ഞിപ്പിള്ള തമ്പുരാട്ടി പല പ്രാവശ്യം കോട്ടക്കോവിലകത്തു പോയി മകനെ കാണുകയുണ്ടായി. അസുഖത്തിനു കുറവു കാണാത്തതിനാൽ വലിയ കൊച്ചുണ്ണിതമ്പുരാൻ നിർബന്ധിച്ച് കുഞ്ഞിക്കുട്ടൻ തമ്പുരാനെ പുത്തൻ കോവിലകത്തേക്ക് മാറ്റി, പഴയ ബംഗ്ലാവിലെ കിഴക്കിനിയിലെ തെക്കെ മുറിയിൽ കൊണ്ടുവന്ന് കിടത്തി ചികിത്സ തുടങ്ങി. പിറ്റേന്നു മുതൽ കലശലായ പനി തുടങ്ങി. രോഗം വിഷൂചികയാണെന്നഭിപ്രായമുയർന്നു. പനി വർദ്ധിച്ച വാർത്തയറിഞ്ഞ്, സ്ഥാനത്യാഗം ചെയ്ത കൊച്ചി മഹാരാജാവ്, കൊച്ചിയിലെ ചീഫ് മെഡിക്കൽ ആപ്പീസറായിരുന്ന ഡോക്ടർ കുബ്സിനെ, തമ്പുരാനെ പരിശോധിക്കാൻ കൊടുങ്ങല്ലൂർക്കയച്ചു. അദ്ദേഹം പല മരുന്നുകളും നല്കി. പനി കുറയുവാൻ ശിരസ്സിൽ ഐസ് വെക്കാൻ കൊച്ചിയിലേക്ക് ആളെ വിട്ടു. അയാൾ തിരിച്ചെത്തിയപ്പോഴേക്കും തമ്പുരാൻ മരിച്ചുകഴിഞ്ഞിരുന്നു. മകരമാസം 10–ാം തീയതിയാണ് തമ്പുരാൻ മരിച്ചത്.

ഇതിനൊന്നുരണ്ടു ദിവസം മുമ്പ്, ചെറിയ കൊച്ചുണ്ണിതമ്പുരാന്റെ നിർദ്ദേശപ്രകാരം പ്രയാസപ്പെട്ടെഴുന്നേറ്റിരുന്ന്, കുഞ്ഞുക്കുട്ടൻ തമ്പുരാൻ അഞ്ചാറു ശ്ലോകങ്ങൾ രചിച്ചു അതായിരുന്നു അദ്ദേഹത്തിന്റെ അവസാനത്തെ കവിത. അവയിൽ രണ്ടെണ്ണം മാത്രമേ മനസ്സിലാക്കാൻ കഴിഞ്ഞുള്ളൂ. അവ താഴെ ചേർക്കുന്നു.

*'ലോകമാതാവിന് സർവ്വ–*
*ലോകമാം സ്വന്ത സന്തതി*
*അവിടേക്കു പിഴ ചെയ്തി–*
*ട്ടിവിടെക്കിട്ടുമോ സുഖം*
*സ്വന്തസന്താനങ്ങൾ തമ്മിൽ*
*ചന്തം വിട്ടിട്ടെതൃക്കുകിൽ*
*ഹന്തഃ ദുരസ്ഥർ ദുഃഖിപ്പൂ*
*സ്വാന്തസ്ഥ സുഖമെന്നിയെ'*

*തുടർച്ച പേജ് 20ൽ*

# വേണാട്

## (തിരുവിതാംകൂർ) രാജവംശം - XLIX

ഡോ. ആർ. പി. രാജാ

1805-ൽ ബാലരാമവർമ്മ തുല്യം ചാർത്തിയ ഉടമ്പടിയെപ്പറ്റി പിൽക്കാല ബ്രിട്ടീഷ് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിരിക്കുന്നത് വളരെ ശ്രദ്ധേയമാണ്. ഭാരതത്തിൽ ബ്രിട്ടീഷ് ആധിപത്യം ഉറപ്പിക്കുവാനും നിലനിറുത്തുവാനും വേണ്ടി സ്വീകരിച്ച പല മാർഗ്ഗങ്ങളിൽ സത്യത്തിൽ, തിരുവിതാംകൂറിൽ സ്വീകരിച്ച നടപടികൾക്ക് യാതൊരു ന്യായീകരണവുമില്ല തന്നെ. രാജാവിനെ സംരക്ഷിക്കുവാൻ ആദ്യകാലത്ത് സ്വീകരിച്ച നടപടികൾ മഹാമനസ്കതയുടേയും രാഷ്ട്രീയ മാന്യതയുടേയും പ്രതീകങ്ങളായിരുന്നു. എന്നാൽ, തിരുവിതാംകൂറിനകത്ത്, അദ്ദേഹത്തിന്റെ രാജ്യത്തിനകത്ത്, ഒരു സൈനിക ആധിപത്യം നിലനിറുത്തുന്നത് ബ്രിട്ടീഷ് നയത്തിന്റെ ഒരു ആവശ്യമായി കാണുവാൻ തുടങ്ങി. അത്, ആദ്യകാലങ്ങളിൽ രാജാവിന്റെ താല്പര്യങ്ങൾക്ക് എതിരുമായിരുന്നില്ല. എന്നാൽ അദ്ദേഹത്തിന്റെ രാജ്യം സംരക്ഷിക്കുവാൻ ആവശ്യമുള്ളതിലധികം ബ്രിട്ടീഷ് സൈന്യത്തെ തിരുവിതാംകൂറിനകത്ത് നിറുത്തുകയും അതിനെ രാജാവ് സംരക്ഷിയ്ക്കണമെന്ന കടുംപിടുത്തം പിടിക്കുകയും ചെയ്തത് ന്യായീകരിക്കാനാവുകയില്ല. രാജ്യത്തിന്റെ വരുമാനത്തെ വളരെ പ്രതികൂലമായി ബാധിക്കുമെന്നതിനുപുറമെ, അത് പിരിക്കുവാൻ സ്വീകരിച്ച മാർഗ്ഗങ്ങളും നീതിബോധത്തിനും സംസ്കാരത്തിനും പേരുകേട്ട ബ്രിട്ടീഷ് രാജ്യത്തിന് ന്യായീകരിക്കുവാനാവുകയില്ല.

അതേസമയം, രാജ്യത്തിന്റെ സാമ്പത്തിക നില വളരെ തകർച്ചയിലായിരുന്നു. കൊ.വ. 975 ഇടവമാസം 12-ാം തീയതി ബാലരാമവർമ്മ മഹാരാജാവ് തുലാപുരുഷദാനം നടത്തി. (എ.ഡി. 1800) കൊ.വ. 976 മിഥുനമാസം 4-ാം തീയതി (എ.ഡി. 1801) ഹിരണ്യഗർഭദാനവും നടത്തി. ചേരരാജവംശത്തിന്റെ കിരീടമായ 'ചേരമുടി' ചൂടി കിരീടധാരണം നടത്തി 'കുലശേഖരപ്പെരുമാൾ' പട്ടം കെട്ടുവാനുള്ള ചടങ്ങുകളാണ് മേല്പറഞ്ഞവ. അതേ സമയം ഈ ദാനങ്ങൾ ഫലത്തിൽ സ്വർണ്ണം കൊണ്ട് ബ്രാഹ്മണർക്ക് ഒരഭിഷേകം കൂടിയാണ്. കൂടാതെ, 56 ദിവസം നീണ്ടുനില്ക്കുന്ന മുറജപവും അനുബന്ധിച്ചുള്ള ലക്ഷദീപവും, 975-ലും 981-ലും നടത്തി. ഇവയെല്ലാം രാജ്യത്തിന്റെ സാമ്പത്തിക ഭദ്രതയെ വല്ലാണ്ട് തളർത്തിയിരുന്നു. ഇവയുടെ മേലാണ് കൂനിന്മേൽ കുരുവെന്ന പോലെ, രണ്ടു ലക്ഷം രൂപാ കപ്പം കൊടുത്തിരുന്ന സ്ഥാനത്ത് പെട്ടെന്ന് നാല് ലക്ഷം രൂപാ കൊടുക്കുവാൻ മഹാരാജാവ് നിർബന്ധിതനായത്.

വേലുത്തമ്പി ഇതിനൊരു പരിഹാരം രണ്ടുവിധത്തിലാണ് കണ്ടത്. ഒന്ന്, കൂട്ടിയ കപ്പം, തല്ക്കാലം നാല് ഗഡുക്കളായി 4 വർഷങ്ങൾക്കകം കൊടുക്കുക. രണ്ടാമത് കർണ്ണാറ്റിക് സൈന്യവിഭാഗത്തെ പിരിച്ചുവിടുക. അവർക്കായി ആണ്ടിനാൽ ചെലവാക്കുന്ന പണം, കമ്പനിക്ക് കപ്പം കൊടുക്കുവാൻ കുറച്ചെങ്കിലും സഹായിക്കുമല്ലോ എന്നതായിരുന്നു തമ്പിയുടെ കാഴ്ചപ്പാട്. കേണൽ മെക്കാളെയ്ക്കും ഈ അഭിപ്രായത്തോട് യോജിപ്പായിരുന്നു. എന്നാൽ തങ്ങളുടെ സൈന്യത്തിൽ ഒരു കർണ്ണാറ്റിക് സൈന്യവിഭാഗം ഉണ്ടെന്ന് പറയുന്നത് ഒരു അന്തസ്സും അഭിമാനവുമായി തിരുവിതാംകൂർ രാജാക്കന്മാർ കരുതിയിരുന്നു. അതു കാരണം, ബാലരാമവർമ്മ മഹാരാജാവും അനുയായികളും തമ്പിയുടെ ഈ അഭിപ്രായത്തോട് വിയോജിപ്പ് പ്രകടിപ്പിച്ചിരുന്നു.

പത്ത് വകുപ്പുകളുള്ള പുതിയ ഉടമ്പടി 1805 ജനുവരി 12-ാം തീയതി എഴുതി, ഇംഗ്ലീഷിലും പേർസ്യനിലും ഈരണ്ട് പകർപ്പുകളും തയ്യാറാക്കി, ഒരു പകർപ്പിൽ മഹാരാജാവും മറ്റേ പകർപ്പിൽ ഗവർണ്ണർ ജനറൽ വെല്ലസ്ലി പ്രഭുവിന് വേണ്ടി മെക്കാളെയും, തിരുവനന്തപുരം കോട്ടയ്ക്കകത്ത് വച്ച് ഒപ്പും ഇട്ട് മുദ്രയും വച്ച് പരസ്പരം കൈമാറിയെങ്കിലും അത് പ്രാബല്യത്തിൽ വരണമെങ്കിൽ ഗവർണ്ണർ ജനറലിന്റെ അംഗീകാരം വേണം. ഈ ഉടമ്പടിയുടെ പകർപ്പ് മെക്കാളെ കൽക്കട്ടയിലുള്ള ഗവർണ്ണർ ജനറലിന് അയച്ചുകൊടുത്തു. 1805 ജനുവരി 12-ാം തീയതി പരസ്പരം ഒപ്പിട്ട ഉടമ്പടിയാണെങ്കിലും ഗവർണ്ണർ ജനറലിന്റെ അനുമതി ലഭിച്ചത് 1805

മേയ് മാസം 2–ാം തീയതിയാണ്. സർക്കാർ കാര്യം മുറപോലെയാണല്ലോ. ഒരു സംസ്ഥാനത്തെ ബ്രിട്ടീഷ് റസിഡന്റ് ഒരു കമ്പനി പ്രതിനിധി മാത്രമാണ്. ഒരു കാര്യസ്ഥൻ, അത്രമാത്രം. ശുപാർശകൾ ചെയ്യാം. എന്നാൽ പ്രധാനപ്പെട്ട തീരുമാനങ്ങൾക്ക് ഗവർണ്ണർ ജനറലിന്റെയും കൂടി അനുമതി വേണം. 'ത്രു പോപ്പർ ചാനൽ' ആകുമ്പോൾ, അക്കാലത്ത്, തിരുവനന്തപുരത്തുനിന്നും മദിരാശിയിലേക്കും മദിരാശിയിൽ നിന്നും കല്ക്കട്ടയിലേക്കും, തിരിച്ചും ഈ വഴി തന്നെ മടങ്ങി വരേണ്ടതുകൊണ്ടാണ് ഇത്തരത്തിൽ ഒരു കാലതാമസം വരുന്നത്. ഈ ചരിത്രസത്യം വളരെ ശ്രദ്ധേയമാണ്. കാരണം, ചില ചരിത്രകാരന്മാർ ഈ വസ്തുത മനസ്സിലാക്കാതെ ചരിത്രത്തെ വികൃതവും വികലവും ആക്കിയിട്ടുണ്ട്.

ബാലരാമവർമ്മയും മെക്കാളെയും കൂടി ഒപ്പ് വച്ച കരാർ, ഗവർണ്ണർ ജനറൽ വെല്ലസ്ലിയുടെ 'തുല്യ'ത്തോടെ തിരുവിതാംകൂറിലെത്തിയപ്പോൾ, അത് ഒരു വലിയ ആഘോഷമാക്കണമെന്ന് മെക്കാളെ തീരുമാനിച്ചു. കാരണം, അത് അയാളുടെ വിജയമായിരുന്നു. തിരുവിതാംകൂറിന് മേൽ കമ്പനിയുടെ നുകം കേറ്റുന്നത് ഒരു ആഘോഷവുമായിരുന്നില്ല. ശുദ്ധഗതിക്കാരായ രാജാവിനും തമ്പിയ്ക്കും അതൊട്ട് മനസ്സിലായുമില്ല. ഉടമ്പടി കമ്പനിസർക്കാർ അംഗീകരിച്ചതിന്റെ ആഘോഷപരിപാടികൾ അഞ്ചുതെങ്ങിലുള്ള ഇംഗ്ലീഷ് കോട്ടയിൽ വച്ച് നടത്തിയാൽ കൊള്ളാമെന്ന ആഗ്രഹം മെക്കാളെ തമ്പിയെ അറിയിച്ചപ്പോൾ തമ്പിക്കും അത് സ്വീകാര്യമായി. ആഘോഷം വിജയിപ്പിക്കുവാൻ മുൻകൈ എടുത്തതും വേലുത്തമ്പി തന്നെ. സംസ്ഥാനത്തെ പ്രധാന ഉദ്യോഗസ്ഥന്മാരെ എല്ലാം നിശ്ചിത ദിവസം ആറ്റിങ്ങൽ വരുത്തി. മഹാരാജാവും അവിടെ സന്നിഹിതനായിരുന്നു. അവിടെ നിന്നും അഞ്ചുതെങ്ങ് കോട്ടയിലേക്ക് ആകർഷകമായ ഒരു ഘോഷയാത്രയാണ് രാജാവും പരിവാരങ്ങളും പോയത്. ഗവർണർ ജനറൽ തമ്പിക്ക് നല്കിയ ആകർഷകമായ ഉടുപ്പും മറ്റും ധരിച്ചുകൊണ്ട് ഈ ആഘോഷപരിപാടികൾക്ക് നായകത്വം വഹിച്ചതും വേലുത്തമ്പി തന്നെയായിരുന്നു. അങ്ങിനെ, ഗവർണർ ജനറൽ 'തുല്യം' ചാർത്തിയ ഉടമ്പടി, തിരുവിതാംകൂർ മഹാരാജാവായ ബാലരാമവർമ്മയ്ക്ക് കൈമാറുന്ന ചടങ്ങ്, ഒരു ദേശീയ ആഘോഷമായിത്തന്നെ കൊണ്ടാടപ്പെട്ടു.

പക്ഷെ, ഈ ഉടമ്പടിയെപ്പറ്റി, രാജ്യത്താകെ എതിർപ്പുകൾ ഉയർന്നിരുന്നു. വേലുത്തമ്പിയെ വേദനിപ്പിക്കുന്ന തരത്തിലുള്ള വിമർശനങ്ങളും ആക്ഷേപങ്ങളും അദ്ദേഹത്തിനെതിരെ ഉയരുവാൻ തുടങ്ങി. കൊട്ടാരത്തിലുള്ള ഉദ്യോഗസ്ഥവൃന്ദങ്ങളുടെ പ്രേരണ മൂലം കൊണ്ടുമാകാം മഹാരാജാവിന് പോലും വേലുത്തമ്പിയോട് ഒരു നീരസഭാവം ജനിച്ചു. വേലുത്തമ്പി ഉദ്യോഗസ്ഥന്മാരുടെ യോഗം വിളിച്ചു കൂട്ടുകയും ഈ ഉടമ്പടി കൊണ്ട് രാജ്യത്തിനും രാജകുടുംബത്തിനും ലഭിക്കുന്ന ഗുണങ്ങളെ വിശദീകരിക്കുകയും ചെയ്തു. എന്നാൽ കപ്പം കൂട്ടിയത് തീരെ ശരിയായില്ലെന്നും അത് രാജ്യത്തിന് ദോഷം ചെയ്യുമെന്ന പൊതു അഭിപ്രായത്തോട് വേലുത്തമ്പിയും യോജിക്കേണ്ടി വന്നു. വേലുത്തമ്പിയുടെ പരിശ്രമഫലമായി, രണ്ടു ലക്ഷം കൂട്ടിയത് ഒരു വർഷത്തേക്ക് ഒരു ലക്ഷമായി കുറയ്ക്കുവാൻ സാധിച്ചു. ഈ കുറവ് വരുംവർഷങ്ങളിലും നിലനിറുത്തുവാനാകും എന്ന് വേലുത്തമ്പി പ്രതീക്ഷിക്കുകയും ചെയ്തു. അവിടെയാണ് അദ്ദേഹത്തിന് തെറ്റ് പറ്റിയത്, ദുരന്തങ്ങൾ തുടങ്ങിയതും. പല തരത്തിൽ ശ്രമിച്ചിട്ടും കപ്പത്തിന്റെ തുക കുറയ്ക്കുവാനോ, കപ്പം കൊടുക്കുവാനുള്ള പണം കണ്ടെത്തുവാനൊ കഴിഞ്ഞില്ല. അതേസമയം മെക്കാളെയാണെങ്കിൽ യാതൊരയവുമില്ലാതെ, ഒരു ദാക്ഷിണ്യവുമില്ലാതെ, ക്രൂരതയോടെ തന്നെ കപ്പം അടയ്ക്കുവാൻ നിരന്തരമായ സമ്മർദ്ദം ചെലുത്താവനും തുടങ്ങി. പണം അടയ്ക്കുവാൻ താമസം കൂടിക്കൂടി വന്നപ്പോൾ, കപ്പം അടയ്ക്കാതിരിക്കുവാനുള്ള അടവുകളിലേക്ക് വേലുത്തമ്പി നീങ്ങുകയാണെന്ന ഒരു ധാരണ മെക്കാളെയുടെ മനസ്സിൽ ഉയർന്നു. അത് ശക്തമായ ഒരു തെറ്റിദ്ധാരണയായി വളർന്നു. മാത്രവുമല്ല, മെക്കാളെയുടെ മനസ്സുമാറ്റം, 1807 ഫെബ്രുവരി 18–ാം തീയതി, സ്ഥാനപതി (രാജകൊട്ടാരത്തിലുള്ള ബ്രിട്ടീഷ് പ്രതിനിധി) സുബ്ബയ്യന് അയച്ച എഴുത്തിൽ നിന്നും വളരെ വ്യക്തമാകുന്നുണ്ട്. ആവശ്യമെന്ന് കണ്ടാൽ, രാജ്യകാര്യങ്ങളിൽ ഇടപെടാമെന്നും, ബ്രിട്ടീഷ് സർക്കാരിന്റെ അനുമതിയോടെ, റസിഡന്റ് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ മന്ത്രിമാർ ലംഘിച്ചാൽ, അവരെ വലിയതുറ കടലിൽ വലിച്ചെറിയുമെന്നും എഴുതിയിരുന്നു. ആ അനുസരണക്കേട് രാജാവാണ് കാണിക്കുന്നതെങ്കിൽ പിന്നെ സംഭവിക്കുന്നതെന്താണെന്ന് പറയാതിരിക്കുകയാണ് ഭേദം എന്നു കൂടി എഴുതിയിരുന്നു.

മാർച്ച് അവസാനമായിട്ടും കുടിശ്ശിക അടയ്ക്കുവാൻ സാധിച്ചില്ല. 1807 ഏപ്രിൽ 22ന് വേലുത്തമ്പിയെ ശകാരിച്ചും നിന്ദിച്ചും കൊണ്ട് മെക്കാളെ, രാജാവിന് എഴുതി. ഇതറിഞ്ഞ വേലുത്തമ്പി, മെക്കാളെ റസിഡന്റ് ആയിരിക്കുന്നിടത്തോളം കാലം താൻ ദിവാൻജിയായി തുടരുകയില്ലാ എന്ന് പ്രഖ്യാപിക്കുവാൻ തുടങ്ങി. ഈ പ്രസ്താവനകൾ ഒരു സൗകര്യമായി കണക്കിലെടുത്ത്, വേലുത്തമ്പി ഒരു രോഗബാധിതനാണെന്നും കൂടെക്കൂടെ കിടപ്പിലാ

ണെന്നും ദിവാൻ ഉദ്യോഗം തുടരാനാവുന്നില്ലെന്നും ഈ ഉദ്യോഗത്തിൽ നിന്നും വിടുതൽ തരണമെന്ന് തന്നോട് അറിയിച്ചിട്ടുണ്ടെന്നും മറ്റും മദിരാശിയിലേക്ക് എഴുതി.

വേലുത്തമ്പിയാണെങ്കിൽ പണം പിരിക്കുവാനുള്ള കഠിന പ്രയത്നത്തിലായിരുന്നു. ഉദിയേരി നമ്പൂതിരിമാരുടെ കാലത്ത് ചെവി 'അറത്ത് വിടൂ' മാത്തു തരകൻ ഇംഗ്ലീഷുകാരുടെ വലിയ സുഹൃത്ത് ആയി തീർന്നതിനാൽ വടക്കൻ തിരുവിതാംകൂറിലും കൊച്ചിയിലുമായി വൻപിച്ച ഭൂസ്വത്തിന്റെ ഉടമയായി തീർന്നിരുന്നു. പണത്തിനു വേണ്ടി വേലുത്തമ്പി തിരിഞ്ഞതിലൊന്ന് മാത്തുതരകന്റെ നേർക്കായിരുന്നു. വർഷങ്ങളായി തരകൻ ഭൂനികുതി അടച്ചിട്ടില്ലായിരുന്നു. തമ്പി നികുതി അടയ്ക്കുവാൻ തരകനോടാവശ്യപ്പെട്ടപ്പോൾ വേലുത്തമ്പി തന്നെ തടവിലാക്കിയ കാര്യവും തന്റെ മുതലുകൾ കണ്ടുകെട്ടിയ കാര്യവും ഒക്കെ, തന്റെ സുഹൃത്തും കൂടിയായിരുന്ന മെക്കാളെയെ അറിയിക്കുകയും മെക്കാളെ തമ്പിയെ വിലക്കുവാൻ നടപടികൾ സ്വീകരിക്കുകയും ചെയ്തു.

മെക്കാളെയും വേലുത്തമ്പിയുമായുള്ള വിരോധം നാൾക്കുനാൾ വർദ്ധിച്ചുവന്നു. വേലുത്തമ്പിയെ എങ്ങിനെയെങ്കിലും ദിവാൻ പദത്തിൽ നിന്നും പിഴുതെറിയണമെന്ന ലക്ഷ്യമായി റസിഡന്റിന്. മെക്കാളെ റസിഡന്റായിരിക്കുമ്പോൾ ദിവാൻ പദവിയിൽ തുടരാൻ തമ്പിക്ക് താല്പര്യം നഷ്ടപ്പെട്ടെങ്കിലും, തന്നെ പുറത്താക്കാനുള്ള വാശിയിലാണ് മെക്കാളെ എന്ന് മനസ്സിലാക്കിയ തമ്പി, ആ പദം ഒഴിയാനും വിട്ടുകൊടുക്കുവാനും തയ്യാറായില്ല. പൊട്ടിത്തെറിക്കുവാൻ ഒരുങ്ങുന്ന ഒരഗ്നി പർവ്വതത്തിന്റെ ഇരമ്പൽ കണക്കെ, കാര്യങ്ങൾ തിരുവിതാംകൂറിൽ നീങ്ങുവാൻ തുടങ്ങി. *(തുടരും)*



# ഹരിവരാസനം

ഹരിവരാസനം വിശ്വ മോഹനം
ഹരിദധീശ്വരം ആരാധ്യപാദുകം
അരിവിമർദ്ദനം നിത്യനർത്തനം
ഹരിഹരാത്മജം ദേവമാശ്രയേ

ശരണകീർത്തനം ശക്തമാനസം
ഭരണലോലുപം നർത്തനാലസം
അരുണഭാസുരം ഭൂതനായകം
ഹരിഹരാത്മജം ദേവമാശ്രയേ

പ്രണയസത്യകംപ്രാണനായകം
പ്രണതകൽപകം സുപ്രഭാഞ്ചിതം
പ്രണവമന്ദിരം കീർത്തനപ്രിയം
ഹരിഹരാത്മജം ദേവമാശ്രയേ

തുരഗവാഹനം സുന്ദരാനനം
വരഗദായുധം ദേവവർണ്ണിതം
ഗുരുകൃപാകരം കീർത്തനപ്രിയം
ഹരിഹരാത്മജം ദേവമാശ്രയേ

ത്രിഭുവനാർച്ചിതം ദേവതാത്മകം
ത്രിനയനം പ്രഭും ദിവ്യദേശികം
ത്രിദശപൂജിതം ചിന്തിതപ്രദം
ഹരിഹരാത്മജം ദേവമാശ്രയേ

ഭവഭയാപഹം ഭാവുകാവഹം
ഭുവനമോഹനം ഭൂതിഭൂഷണം
ധവള വാഹനം ദിവ്യവാരണം
ഹരിഹരാത്മജം ദേവമാശ്രയേ

കളമൃദുസ്മിതം സുന്ദരാനനം
കളഭകോമളം ഗാത്രമോഹനം
കളഭകേസരീ വാജിവാഹനം
ഹരിഹരാത്മജം ദേവമാശ്രയേ

ശ്രിതജനപ്രിയം ചിന്തിതപ്രദം
ശ്രുതിവിഭൂഷണം സാധുജീവനം
ശ്രുതി മനോഹരം ഗീതലാലസം
ഹരിഹരാത്മജം ദേവമാശ്രയേ!



# ക്യാപ്റ്റൻ കേരളവർമ്മ

## ആർ.വി. രാമഭദ്രൻതമ്പുരാൻ

അടുത്ത സുഹൃത്തുക്കളും, സമപ്രായക്കാരും മറ്റും ക്യാപ്റ്റനെന്നും, കുടുംബാംഗങ്ങൾ പ്രായഭേദമനുസരിച്ച് കൊച്ചയെന്നും കൊച്ചനിയനെന്നും, കൊച്ചേട്ടനെന്നും, ക്യാപ്റ്റൻ ചേട്ടനെന്നും ആദരപൂർവവും സ്നേഹപൂർവവും വിളിക്കുന്ന ക്യാപ്റ്റൻ കേരളവർമ്മ ഓർമ്മയായി. ഒരു ഇടതുപക്ഷ സഹയാത്രികനായിരുന്ന അദ്ദേഹം, മുൻമന്ത്രി ടി.കെ. രാമകൃഷ്ണൻ, രാജകുടുംബാംഗവും തൃപ്പൂണിത്തുറ നഗരസഭ അദ്ധ്യക്ഷനുമായിരുന്ന കേരളവർമ്മ (P.K.), കെ.ടി. രാമവർമ്മ (CR), പി. ആർ. വർമ്മ തുടങ്ങി കുടുംബത്തിലേയും അല്ലാതെയുമുള്ള നിരവധി പ്രവർത്തകർക്കൊപ്പം പ്രസ്ഥാനത്തിനു വേണ്ടി അനേകം ത്യാഗങ്ങൾ സഹിച്ചിട്ടുണ്ട്. നിരവധി പ്രതികൂല സാഹചര്യങ്ങളെ മറികടന്ന് പട്ടാളത്തിൽ ചേർന്നെങ്കിലും തന്റെ രാഷ്ട്രീയകാഴ്ചപ്പാടുമൂലം ആ പദവി ഉപേക്ഷിക്കേണ്ടി വന്നു. ഫാസിസത്തിനെതിരെ പടപൊരുതുക എന്ന അടങ്ങാനാവാത്ത അഭിനിവേശം വച്ചുപുലർത്തിയിരുന്ന കേരളവർമ്മ സഖാവ് പി. കൃഷ്ണപിള്ളയുടെ നിർദ്ദേശപ്രകാരമാണ് പട്ടാളത്തിൽ ചേർന്നത്. കൊച്ചിരാജ്യത്തിന്റെ നായർപട്ടാളം നിർത്തലാക്കി മതേതരസ്വഭാവത്തോടെ ഇന്ത്യൻ ആർമിയുടെ രീതിയിലുള്ള സൈന്യത്തെ രൂപീകരിക്കുക എന്ന ഒരാശയം അക്കാലത്ത് കേരളവർമ്മയുടെ മനസ്സിൽ രൂപംകൊണ്ടു. ഈ ഒരു ആശയത്തിന്റെ സാക്ഷാൽക്കാരമാണ് അദ്ദേഹത്തെ പട്ടാളത്തിൽ എത്തിച്ചത്. ലോകമഹായുദ്ധം കൊടുമ്പിരിക്കൊണ്ട സമയം...! നാസിപ്പടയെ തുരത്താൻ റഷ്യയോടൊപ്പം ബ്രിട്ടനും അമേരിക്കയും പടപൊരുതുന്നു....! പല രാജാക്കന്മാരും കത്തുകളിലൂടെ തങ്ങളുടെ പിന്തുണ അറിയിക്കുന്ന സമയത്താണ്, കൊച്ചിരാജവംശത്തിന്റെ കൂറ് പ്രഖ്യാപിക്കുന്ന തരത്തിൽ ഒരു രാജകുടുംബാംഗം തന്നെ പട്ടാളത്തിൽ ചേരുന്നത്. അങ്ങിനെ 1943-ൽ കൊച്ചി സ്റ്റേറ്റ് ഫോഴ്സിൽ അംഗമായതോടെ കേരളവർമ്മ രാജകുടുംബത്തിൽ നിന്നുള്ള ആദ്യ പട്ടാളക്കാരനായി. ഇന്ത്യൻ ആർമി സ്ക്കൂളുകളിൽ ആധുനിക യുദ്ധ തന്ത്രങ്ങളിൽ പരിശീലനം സിദ്ധിച്ചിട്ടുള്ള ഇദ്ദേഹത്തിന് 1944ൽ കൊച്ചിൻ സ്റ്റേറ്റ് ഫോഴ്സിൽ സെക്കന്റ് ലെഫ്റ്റനന്റ് റാങ്കിൽ സ്ഥിരനിയമനം ലഭിച്ചുവെങ്കിലും കമ്മ്യൂണിസ്റ്റ് അനുഭാവിയാണെന്ന കാരണത്താൽ 1949-ൽ സർവ്വീസിൽ നിന്നും പിരിച്ചുവിടപ്പെട്ടു. വിമുക്തഭടന്മാരുടെ ക്ഷേമത്തിനും നിരവധി പ്രവർത്തനങ്ങൾ കാഴ്ചവച്ചിട്ടുണ്ട്. ഇടതുപക്ഷ സഹയാത്രികനെന്നാണറിയപ്പെട്ടിരുന്നതെങ്കിലും ക്യാപ്റ്റൻ കേരളവർമ്മയുടെ സുഹൃദ് വലയം രാഷ്ട്രീയ മതിൽക്കെട്ടുകൾക്കപ്പുറത്തേക്ക് കടന്നുചെന്നു. സൗഹൃദബന്ധങ്ങൾ സൃഷ്ടിക്കുന്നതിൽ രാഷ്ട്രീയമെന്നോ, ജാതിസമുദായമെന്നോ ധനികനെന്നോ പാവപ്പെട്ടവനെന്നോ ഉള്ള തരംതിരിവുകൾ അദ്ദേഹത്തിനുണ്ടായിരുന്നില്ല. ഭാഗവതത്തിൽ, ഒരു ഉത്തമഭക്തന്റെ ലക്ഷണം പറയുന്നതുപോലെ, എല്ലാവരോടും സമഭാവനയായിരുന്നു ക്യാപ്റ്റൻ കേരളവർമ്മയ്ക്ക്. സരളമായ പെരുമാറ്റവും, സരസമായ സംഭാഷണപാടവവും അദ്ദേഹത്തിന്റെ പ്രത്യേക സിദ്ധികളാണ്. തൊഴിൽപരമായിട്ടല്ലെങ്കിലും പത്രപ്രവർത്തനം കേരളവർമ്മയ്ക്ക് ഇഷ്ടപ്പെട്ട മേഖലയായിരുന്നു. അതുകൊണ്ടുതന്നെ ദേശീയതലത്തിലുള്ള മാദ്ധ്യമപ്രവർത്തകരടക്കം നിരവധി പത്രപ്രവർത്തകർ ക്യാപ്റ്റൻ കേരളവർമ്മയുടെ അടുത്ത സുഹൃത്തുക്കളായിരുന്നു. പാലസ്സ് അഡ്മിനിസ്ട്രേഷൻ ബോർഡംഗം എന്ന നിലയിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. കൊച്ചിൻ റോയൽ ഫാമിലി ഹിസ്റ്റോറിക്കൽ സൊസൈറ്റി (CRFHS)വർഷംതോറും കളിക്കോട്ടയിൽ വച്ചു നടത്താറുള്ള സെമിനാറുകളിൽ സജീവമായി പങ്കെടുക്കുകയും ചരിത്രപരമായി വളരെ വിജ്ഞാനപ്രദമായ പ്രഭാഷണങ്ങൾ നടത്താറുമുണ്ടായിരുന്നു. കൊച്ചിരാജ്യ ചരിത്രത്തെക്കുറിച്ച് അല്ലെങ്കിൽ തൃപ്പൂണിത്തുറയുടെ തന്നെ ചരിത്രത്തെക്കുറിച്ചൊക്കെ ആധികാരികമായി അറിയുവാൻ മാദ്ധ്യമപ്രവർത്തകർ പലപ്പോഴും ക്യാപ്റ്റൻ കേരളവർമ്മയെ ആശ്രയിക്കുക പതിവുണ്ട്. 1920 ജൂലായ് 19ന് പ്രസിദ്ധ തന്ത്രി കുടുംബമായ ചേർപ്പ് കുന്നത്ത് പടിഞ്ഞാറേടത്ത് ഇല്ലത്ത് വിഷ്ണു ഭട്ടതിരിപ്പാടിന്റെയും കച്ചേരി മാളിക (കമലാലയം പാലസ്സ്) യിലെ ഇക്കുത്തമ്പുരാന്റെയും മകനായി ജനിച്ച കേരളവർമ്മ, കൊച്ചി രാജകുടുംബ

⇒ തുടർച്ച 12-ൽ

# ക്ഷത്രിയസഭ - പഴയ ഏടുകളിൽ നിന്ന്

## (എണ്ണയ്ക്കാട്ടു കൊട്ടാരത്തിൽ മൂലം തിരുനാൾ രാമവർമ്മ വലിയരാജ കൊ.വ. 1112-ാമാണ്ട് ഹരിപ്പാട്ട് വച്ച് ചെയ്ത അദ്ധ്യക്ഷപ്രസംഗത്തിൽ നിന്ന്)

കഴിഞ്ഞ ലക്കം തുർച്ച

സമ്പാ: ചാലക്കുടി തെക്കേമഠത്തിൽ ടി. കേരളവർമ്മ

നമ്മുടെ ഈ സഭയ്ക്ക് ഇപ്പോൾ സ്ത്രീകളുടെ സഹകരണം വളരെ കുറവാണെന്നു തോന്നുന്നു. ഈ സഭയിൽ പാസ്സാക്കുന്ന പ്രധാന നിശ്ചയങ്ങൾ അവർ അറിയുന്നതിനോ തദനുസരണം പ്രവർത്തിക്കുന്നതിനോ, സാധിക്കയില്ലെന്നുള്ളതാണ് ഇതിന്റെ പ്രധാന ദൂഷ്യം. മറ്റു സമുദായങ്ങളിലെ സ്ത്രീജനങ്ങളോടൊപ്പം നമ്മുടെ സ്ത്രീകളും സമുദായോദ്ധാരണത്തിൽ വേണ്ടത്ര ശ്രദ്ധിക്കേണ്ടതാണ്. നാം പാസ്സാക്കുന്ന നിശ്ചയങ്ങൾക്ക് അവർകൂടി സഹകരിയ്ക്കാത്തപക്ഷം അവ പ്രായോഗികമാക്കുന്നത് എങ്ങനെയാണ്? ഈ സഭ പുരുഷന്മാർക്കു മാത്രമായി സ്ഥാപിച്ചിട്ടുള്ളതാണോ എന്നു ഞാൻ അറിയുന്നില്ല. ഏതായാലും സ്ത്രീജനങ്ങളെകൂടി ഈ സഭയിൽ അംഗങ്ങളായിചേർത്ത് യോഗനടപടികൾ മനസ്സിലാക്കി, അവർക്കും കാലാനുസൃതമായ സംസ്കരണം ഉണ്ടാക്കുന്നതിന് നാം നിഷ്കർഷിക്കേണ്ടതാണ്. ഒരു പക്ഷേ ഈ നിർബ്ബന്ധം നമ്മുടെ ആഭിജാത്യമേറിയ കുടുംബങ്ങളിലുള്ള സ്ത്രീകൾക്ക് വിസമ്മതമായി തോന്നിയേക്കാം. ഇന്നത്തെ കാലത്ത് ആഭിജാത്യത്തിന് സ്ഥാനമില്ല. മുമ്പ് തിരുവിതാംകൂർ മഹാരാജാക്കന്മാർ ഈ വക കാര്യങ്ങളിൽ സ്വീകരിച്ചിരുന്ന ചില ക്രമങ്ങളെ അതിലംഘിച്ച് ഇന്നത്തെ കാലസ്ഥിതിക്ക് അനുയോജ്യമായ വിധത്തിൽ നമ്മുടെ അന്നദാതാവായ പൊന്നുതിരുമേനി വർത്തിക്കുന്നത് കണ്ട സ്ഥിതിയ്ക്ക് നമ്മളും അദ്ദേഹത്തിന്റെ കാലടികളെ പിൻതുടരുക മാത്രമല്ലാതെ മറ്റൊന്നും ചിന്തിക്കേണ്ട ആവശ്യവും ഇല്ല. സജാതീയ വിവാഹം മുതലായ നവീന പരിപാടികൾ അവിടുത്തെ ആനുകൂല്യമില്ലെങ്കിൽ നമുക്കു എങ്ങനെ സാധിക്കാൻ കഴിയുമായിരുന്നു. സഭയിൽ ക്ഷത്രിയ സ്ത്രീകൾ ഹാജരാകുന്നതിൽ എന്താണ് ദോഷമെന്ന് അറിയുന്നില്ല. ഘോഷാസ്ത്രീകളായ അന്തർജ്ജനങ്ങൾ തുടങ്ങിയിട്ടുള്ളവർ ഇന്ന് പുറത്തിറങ്ങി മഹാസമ്മേളനങ്ങളിൽ പങ്കുകൊള്ളുന്നതു കാണുമ്പോൾ നമ്മുടെ സ്ത്രീകളുടെ നില ഏറ്റവും ലജ്ജാവഹമല്ലയോ? നമ്മുടെ സ്ത്രീകളുടെ ഔദാസീന്യം പരിതാപകരമാണ്. സജാതീയ വിവാഹം മുതലായ പരിഷ്കാരങ്ങൾ നമ്മുടെ ഇടയിൽ വരുത്തിയിരിക്കുന്ന സ്ഥിതിയ്ക്ക് പൊതുക്കാര്യപ്രവർത്തനങ്ങൾക്ക് സ്ത്രീകളെ പ്രേരിപ്പിക്കേണ്ടതല്ലയോ?

കൂടാതെ സ്ത്രീ വിദ്യാഭ്യാസം നമ്മുടെ ഇടയിൽ പ്രായേണ കുറവാണെങ്കിലും, ഉന്നതവിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള സ്ത്രീകളെ സാമാന്യേന കാണാവുന്നതാണ്. ഉന്നത വിദ്യാഭ്യാസം എന്നുപറഞ്ഞാൽ ആയതു ഇംഗ്ലീഷിൽതന്നെ ആയിരിക്കണമെന്നു അർത്ഥമില്ല. മാനസിക സംസ്കാരം ലഭിച്ചിട്ടുള്ളവരും പൊതുക്കാര്യപ്രവർത്തനങ്ങളിൽ തല്പരകളും ആയ സ്ത്രീജനങ്ങൾ നിഷ്കർഷയോട് ഇറങ്ങിപ്പുറപ്പെട്ട് നമ്മുടെ സമുദായത്തെ ഉത്സാഹിപ്പിച്ചാൽ വിദ്യാഭ്യാസസംബന്ധമായ അഭ്യുന്നതി ഉണ്ടാകുന്നതിന് പ്രയാസമില്ലെന്ന് തോന്നുന്നു. ആഭിജാത്യഭ്രമവും പർദ്ദാരീതിയും, മാമൂൽപ്രിയവും കൊണ്ട് സ്ത്രീവിദ്യാഭ്യാസത്തിൽ വേണ്ടത്ര ശുഷ്കാന്തി നമ്മിൽ പലർക്കും ഇന്നും ഉണ്ടായിട്ടില്ല. ഇന്നത്തെ ലോകത്തിൽ കഴിഞ്ഞുകൂടുന്നതിന് മാത്രമെങ്കിലും ഉതകുന്ന സാമാന്യവിദ്യാഭ്യാസം ക്ഷത്രിയ സ്ത്രീകൾക്ക് ഉണ്ടായില്ലെങ്കിൽ വിദ്യാഭ്യാസ സമ്പന്നരായ ക്ഷത്രിയ പുരുഷന്മാരുടെ വിവാഹജീവിതവും, സന്താനങ്ങളുടെ ശ്രേയസ്സും വേണ്ടത്ര തൃപ്തികരമാകയില്ലാ, നിശ്ചയം. തെറ്റു കൂടാതെ എഴുതുവാനും വായിക്കുവാനും മാതൃഭാഷയും, പുരാണാദികൾ വായിച്ച് അർത്ഥം ശരിയായി മനസ്സിലാക്കി രസിക്കത്തക്കവണ്ണം സംസ്കൃതവും അഭ്യസിച്ചിരിക്കേണ്ടത് കൂടാതെ ഭാരതീയരായ നമുക്ക് ഒരു രാഷ്ട്രീയഭാഷയായി തീർന്നേക്കാനിടയുള്ള ഹിന്ദിയും അവശ്യം അഭ്യസിക്കേണ്ടതാണ്. രാജഭാഷയായ ഇംഗ്ലീഷ് അത്യാവശ്യമെങ്കിലും അറിഞ്ഞിരിക്കേണ്ടതാണ്. പ്രത്യേകംപറയേണ്ടല്ലൊ? അതിനാൽ സ്ത്രീവിദ്യാഭ്യാസത്തിൽ ക്ഷത്രിയർ കൂടുതൽ ഉത്സാഹം പ്രദർശിപ്പിക്കേണ്ടതാണ്.

സംഘടന, വിദ്യാഭ്യാസം, ഇവയെപ്പോലെതന്നെ പ്രധാനമായ ഒരു

കാര്യമാണ് ആചാരപരിഷ്കരണം. ക്ഷത്രിയർക്കെല്ലാം ഒരേ ഒരു ആചാരമാണ് വേണ്ടത്. ആചാരമെല്ലാം നിയമത്തെ അടിസ്ഥാനമാക്കി വേണമെന്നാണ് ധർമ്മശാസ്ത്രം വിധിച്ചിട്ടുള്ളത്. നമുക്ക് പൊതുവായ ഒരു നിയമം ഉണ്ടായിക്കഴിഞ്ഞിട്ടും ആചാരങ്ങൾ വിവിധങ്ങളായി നിലനിന്നുപോരുന്നത് ആശാസ്യമല്ല. അതിനാൽ ആചാരങ്ങൾക്ക് ഏകീകരണം ഉണ്ടാകേണ്ടിയിരിക്കുന്നു. ക്ഷത്രിയരിൽ തന്നെ വളരെ അവാന്തരവിഭാഗങ്ങൾ ഉണ്ട്. പൂണുനൂൽ ഉള്ളവരെന്നും ഇല്ലാത്തവരെന്നും രണ്ടു കൂട്ടർ കാണുന്നു. പൂണുനൂലിന് ഒരു പ്രത്യേക മാഹാത്മ്യം കല്പിക്കാതെ ക്ഷത്രിയരെല്ലാം ഒന്നു തന്നെ എന്നുള്ള നിലയിൽ, സഹഭോജനം, പരസ്പരവിവാഹം മുതലായവ നടപ്പിലാക്കി സംഘടന ഉറപ്പിക്കേണ്ടത് ഏറ്റവും അത്യാവശ്യമാണ്. കരുണാനിധിയും, വിശാലഹൃദയനും, ഗംഭീരനും, ധൈര്യവാനുമായ ഒരു യുവ മഹാരാജാവിനെയാണ് നമുക്ക് ഇന്ന് ഭാഗ്യവശാൽ കിട്ടിയിട്ടുള്ളത്. എങ്ങനെ എന്നാൽ,

*"കാമം നൃപാഃസ്സന്തു*
*സഹസ്രശോന്യേ*
*രാജന്വതീ മാഹുരനേന ഭൂമി*
*നക്ഷത്രസാരാഗ്രഹ സങ്കുലാപി*
*ജ്യോതിഷ്മതീ ചന്ദ്രമസൈവ*
*രാത്രി"*

ഇത് നമ്മുടെ മഹാരാജാവിന് ഏറ്റവും അനുയോജ്യമായിട്ടുള്ളതാണ്. അവിടുന്നു സൂക്ഷ്മദൃഷ്ടിയോടുകൂടി ഈയിടെ ചെയ്തിട്ടുള്ള ക്ഷേത്രപ്രവേശന വിളംബരം മേല്പറഞ്ഞ കാര്യങ്ങളെ എത്രയും സുസാധമാക്കിത്തീർക്കാൻ വഴികാണിച്ചിരിക്കുന്നു.

ഹിന്ദുജനത ആകമാനം ജാതിവിഭാഗം ഇല്ലാതാക്കുന്നതിന് പരിശ്രമിക്കുന്ന ഇക്കാലത്ത് ക്ഷത്രിയരുടെ ഇടയിൽമാത്രം ജാതിവിഭാഗംവച്ചു പുലർത്തിക്കൊണ്ടിരിക്കുന്നത് രാജശാസനയെ അതിലംഘിച്ചുകൊണ്ടുള്ള ഒരു പ്രവർത്തികൂടിയല്ലയോ എന്ന് ഞാൻ സംശയിക്കുന്നു.

നമ്മുടെ സമുദായത്തിനകത്തു കൂടി മാത്രമല്ലാതെ പുറത്തു കൂടിയും നാം കണ്ണോടിയ്ക്കേണ്ടതാണ്. നമ്മുടെ മുകളിൽ എന്ന് വച്ചിരിക്കുന്ന ബ്രാഹ്മണസമുദായത്തോടും, മറ്റുള്ള എല്ലാ സമുദായക്കാരോടും നാം സഹോദരഭാവേന വർത്തിക്കേണ്ടതാണ്. ചരങ്ങളും അചരങ്ങളും ആയ മൃഗങ്ങളുടേയും വൃക്ഷലതാദികളുടേയും, സാഹചര്യം നമുക്ക് അത്യന്താപേക്ഷിതമായിരിക്കുന്ന സ്ഥിതിയ്ക്ക് നാം അന്യോന്യാശ്രയമില്ലാതെ, സമുദായബന്ധമില്ലാതെ, ജീവിക്കുന്നത് എങ്ങിനെയാണ്? നാം സ്വസമുദായത്തിനുവേണ്ടി എങ്കിലും അത്യുത്സാഹത്തോടുകൂടി പ്രയത്നം ചെയ്തു അഭിവൃദ്ധിയെ പ്രാപിക്കാതിരിക്കുന്നത് കേവലം മൗഢ്യമല്ലയോ?

*"സജാതോയേന ജാതേന*
*യാതി വംശഃ സമുന്നതിം*
*പരിവർത്തിനി സംസാരേ,*
*മൃതഃ കോവാനു ജായതേ"*

എന്നാണല്ലോ പ്രമാണം. അതിനാൽ വിദ്വാന്മാരും യുവാക്കന്മാരും മറ്റു കഴിവുള്ളവരും ഈ സഭയുടെ അഭിവൃദ്ധിയിൽ ബദ്ധകങ്കണരായി പുറപ്പെടണമെന്ന് ഞാൻ അവരോട് വിനയപൂർവ്വം ഗുണദോഷിച്ചുകൊള്ളുന്നു. എന്നാൽ മാത്രമേ നമ്മുടെ ഭാവി ശോഭനമായിത്തീരുകയുള്ളൂ.

ഇന്ന് യുവാക്കന്മാരുടെ കാലമാണ്. അവർ അലസത വിട്ടു പരിഷ്കൃതലോകത്തിലേക്കു ഇറങ്ങി കർമ്മകുശലതയോടും, ധർമ്മബുദ്ധിയോടും കൂടി സമുദായോദ്ധാരണാർത്ഥം പ്രവർത്തിക്കുന്ന പക്ഷം വിജയം നിശ്ചയമാണ്. അടുത്തൂൺ വാങ്ങിയോ, ഉദ്യോഗം ഭരിച്ചോ മാത്രം ജീവിക്കേണ്ട കാലമല്ല ഇത്. കാർഷികപരമായും വ്യാവസായികപരമായും അത്യധ്വാനം ചെയ്തു നട്ടെല്ലുമുറിയത്തക്കവണ്ണം വേല ചെയ്യേണ്ട അവസരമാണ് ഇതെന്ന് ഓർമ്മിക്കണം. മുമ്പു പൂർവ്വീകന്മാർ ആർജ്ജിച്ചിരുന്ന സ്വത്തുക്കൾ ഭാഗിച്ച് കഷ്ടിച്ച് ഉപജീവിക്കുന്ന കൂട്ടരെയാണ് ഇന്നു അധികം കാണുന്നത്. അതിനാൽ ഭാഗം കൊണ്ടുള്ള ഗുണങ്ങൾ ശരിയായി അനുഭവിക്കണമെങ്കിൽ നാം ശരിയായി പരിശ്രമിക്കേണ്ടതാണ്. യാതൊരു തൊഴിലുകളും കുറച്ചിലുള്ളവയല്ല. അവരവർക്കു ഇഷ്ടമുള്ള തൊഴിലുകൾ സ്വീകരിച്ചു ആദർശപരമായ ജീവിതം നയിച്ചു സസ്സുഖം ജീവിക്കുന്നതിനാണ് ദൈവം നമുക്ക് ശരീരം തന്നിട്ടുള്ളത് എന്നതിനു

*"ക്ലേശത്യാഗകൃതേർപ്പിതേനകരണ*
*വ്യൂഹേന ദേ ഹനവ*
*സ്വാനർത്ഥം ബത ജന്തുരാർജ്ജയ*
*തിചേൽമന്തുർനിയന്തുർകത*
*ശസ്ത്രേ ശത്രു ജയായ നൈജഗു*
*രുണാദത്തേന തേനൈവചേൽ*
*പുരോഹന്തി നിജം വപുഃകഥയതേ*
*തത്രാപരാധീതുകാഃ"*

ഈ ആപ്തവാക്യം പ്രമാണമാണ്.

രാഷ്ട്രീയമായി നാം പ്രത്യേകമായി ഒന്നും ചെയ്യേണ്ടതായിട്ടില്ല. ന്യൂനപക്ഷ സമുദായമായ നമ്മൾക്ക് വോട്ടവകാശയോഗ്യതയ്ക്കോ നിയമസഭാസ്ഥാനാർത്ഥിത്വത്തിനോ, ഉദ്യോഗലാഭത്തിനോ വേണ്ടി ശ്രമിയ്ക്കേണ്ട ആവശ്യമോ കാരണമോ ഇല്ല. അല്പപക്ഷ സമുദായത്തിന്റെ താല്പര്യങ്ങൾ ഒരിക്കലും അഗണ്യകോടിയിലായേക്കുമെന്ന് പരിഭ്രമിയ്ക്കേണ്ട ആവശ്യവും ഇല്ല.

ഒന്നോ രണ്ടോ വ്യക്തിയിലല്ല സമുദായത്തിന്റെ ശുഭാപ്തി

വിശ്വാസം നില്ക്കുന്നത്. എന്നാൽ സർവ്വസമുദായ മൈത്രിയിലാണ് എന്ന് ഓർമ്മിക്കേണ്ടതാണ്. ഇന്ന് സർവ്വസമുദായമൈത്രി സ്ഥാപിതമായി കിട്ടേണ്ടുന്ന ഇക്കാലത്ത് സ്വസമുദായത്തെപ്പറ്റി അത്ര വലിയ നിഷ്കർഷ ചെയ്യേണ്ട ആവശ്യമുണ്ടോ എന്നും ചിലർ സംശയിച്ചേക്കാം. എന്നാൽ സ്വസമുദായ മൈത്രി കൂടാതെ സർവസമുദായ മൈത്രി സമ്പാദിക്കുവാൻ സാദ്ധ്യമായിട്ടുള്ളതല്ല "വീട്ടിലുണ്ടെങ്കിലെ വിരുന്നുചോറും കിട്ടു" എന്നുള്ള പഴമൊഴി ഓർമ്മയിൽ വരുന്നു. ഭഗവാൻ ശ്രീകൃഷ്ണൻ കല്പിച്ചിരിക്കുന്നത് നോക്കുക.

*"അതിയജേതനിജാംയദി ദേവതാ*
*മുദയതശ്ച്യവതെ ദിഷതൈ*
*പൃഘാ"*

തിരുവിതാംകൂറിൽ ഇപ്പോൾ ഹൈന്ദവസംഘടനയ്ക്ക് അത്യാവശ്യം പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണല്ലോ. അതിലേയ്ക്ക് നമ്മുടെ സമുദായവും മുന്നണിയിൽ നിന്ന് പ്രവർത്തിക്കേണ്ടതാണെന്ന് ഞാൻ നിങ്ങളെ ഉൽബോധിപ്പിച്ചുകൊള്ളുന്നു. നമ്മുടെ സമുദായപ്രമാണികൾ ഹിന്ദുമഹാസഭയിലെ പ്രധാന അംഗങ്ങളും പ്രവർത്തകന്മാരുമായിത്തീരണം. ഹരിജനോദ്ധാരണം നമ്മുടെ പരിപാടിയിൽ പെടേണ്ട പ്രധാനസംഗതി ആണ്. ഹരിജനോദ്ധാരണം ഇന്ന് എന്റെ ഒരു മുഖ്യ കൃത്യമായിട്ടാണ് ഞാൻ സ്വീകരിച്ചിട്ടുള്ളത്. അതിനുള്ള കാരണം അവശസമുദായത്തിന്റെ അഭിവൃദ്ധിക്കു ശ്രമിക്കുന്നത് മോക്ഷമാർഗ്ഗംകൂടിയാണെന്ന് ഞാൻ വിശ്വസിക്കുന്നതുകൊണ്ടും മഹാത്മജിയുടെ ആദർശങ്ങളിൽ പൂർണ്ണ വിശ്വാസമുള്ളതുകൊണ്ടുമാണെന്ന് പ്രസ്താവിച്ചുകൊള്ളട്ടെ.

ഇനിയും ജാതിവച്ചു പുലർത്തുന്നത് നന്നാണോ എന്നു നല്ലവണ്ണം ചിന്തിക്കണം. മതത്തിന്റെയും ജാതിയുടെയും പേരിൽ ഓരോരുത്തർ കാട്ടിക്കൂട്ടുന്ന അനാശാസ്യതകളെ നമ്മുടെ ശക്തി മുഴുവൻ ഉപയോഗിച്ച് എതിർക്കണം. അത് ഏതു ക്ഷത്രിയന്റെയും ധർമ്മമാണ്.

എന്റെ ഈ പ്രസംഗം ഇനിയും അധികം ദീർഘിപ്പിക്കണമെന്ന് വിചാരിക്കുന്നില്ല. രണ്ടു നാലു വാക്കുകളായി പൂരിപ്പിച്ചേക്കാം.

നമ്മുടെ ആശയങ്ങൾ എല്ലായ്പോഴും ഉന്നതങ്ങളും ഉത്തമങ്ങളും വിശാലങ്ങളും ആയിരിക്കണം. കർമ്മധീരതയും കർമ്മകുശലതയും കൂടി ഉണ്ടായെങ്കിലേ ആദർശങ്ങൾ പ്രവർത്തിരൂപത്തിൽ എത്തുകയുള്ളു. യാതൊരു മതത്തെയും സമുദായത്തെയും വ്യക്തിയേയും ഒരുവിധത്തിലും ദ്വേഷിക്കാതെ ത്രികരണങ്ങളെക്കൊണ്ട് സ്നേഹിച്ചും, ബഹുമാനിച്ചും, സർവ്വസമുദായമൈത്രീ സ്ഥാപനത്തിനും, ഐക്യഭാരത സൃഷ്ടിയ്ക്കു സദാ സഹായിച്ചും, അതേസമയംതന്നെ ക്ഷത്രിയസമുദായത്തിലെ സകല അംഗങ്ങളെയും, ഇതിനെല്ലാം തയ്യാറാക്കുന്നതിനു ശ്രമിച്ചും ജനനംകൊണ്ട് എന്തെങ്കിലും സാധിച്ചു എന്ന് സമാധാനിക്കാൻവേണ്ടി എങ്കിലും പ്രവർത്തിച്ചും സ്വസമുദായ സേവനം ചെയ്ത് ജീവിതമത്സരത്തിൽ വിജയം പ്രാപിക്കുന്നതിനാണ് നാം എന്നും എപ്പോഴും ഉത്സാഹിക്കേണ്ടത്.

രാജ്യക്ഷേമത്തിനും പൊതുജനനന്മയ്ക്കും ക്ഷത്രിയരെപ്പോലെ പ്രാധാനിത്വം കൈക്കൊള്ളാൻ മറ്റു ചുരുക്കംപേർക്കു മാത്രമേ സാധിക്കുകയുള്ളൂ എന്നാണ് എനിക്ക് തോന്നുന്നത്. രാജഭക്തിയിൽ നാം അദ്വിതീയരെന്നു സമാർജ്ജിച്ചിരിക്കുന്ന പേരിനു നാം ഒരിക്കലും കുറവു വരുത്തുകയില്ലെന്ന് എനിക്കു പൂർണ്ണവിശ്വാസമുണ്ട്.

ഉന്നതമായ ആദർശങ്ങൾക്കും, അതനുസരിച്ചുള്ള പ്രവർത്തനത്തിനും പേരുകേട്ട ക്ഷത്രിയസമുദായത്തിന്റെ യശസ്സിനു മേലിലും അശേഷം കുറവുണ്ടാകാതെ പരിരക്ഷിക്കുന്നതിൽ ഓരോ ക്ഷത്രിയനും മഹാസഭയും, തല്പരരായിരിക്കണ്ടതാണ്. അതിലേക്കു കരുണാനിധിയായ പാർത്ഥസാരഥിയുടെ കൃപാകടാക്ഷം നമ്മിൽ ചൊരിയുമാറാകണമെന്ന് പ്രാർത്ഥിച്ചുകൊണ്ടും നമ്മുടെ മഹാരാജാവുതിരുമേനിയ്ക്കു സർവ്വമംഗങ്ങളും ആശംസിച്ചുകൊണ്ടും നിങ്ങൾക്കെല്ലാവർക്കും ഒന്നുകൂടി വന്ദനം പറഞ്ഞും ഞാൻ തല്ക്കാലം വിരമിച്ചുകൊള്ളുന്നു.

(അവസാനിച്ചു)

*ക്യാപ്റ്റൻ തുടർച്ച...*

ത്തിലെ ഇളയ തമ്പുരാനായിരുന്നു. കർഷകശ്രീയുടെ ചീഫ് എഡിറ്റർ രവിവർമ്മ (സീരി), കുഞ്ഞുക്കുട്ടൻ തമ്പുരാൻ, അമ്മിണി തമ്പുരാൻ, ഭദ്രതമ്പുരാൻ, പരേതരായ ഡോ. രാമവർമ്മ, ആർ.വി. കുഞ്ഞപ്പൻ തമ്പുരാൻ, പത്മിനി തമ്പുരാൻ എന്നിവർ സഹോദരങ്ങളാണ്. പൂഞ്ഞാർ കാഞ്ഞിരമറ്റം പാലസ്സിലെ അംബികത്തമ്പുരാട്ടിയാണ് സഹധർമ്മിണി. പ്രതാപവർമ്മ, ഉഷാവർമ്മ, പത്മജാവർമ്മ, രാധികാവർമ്മ (ചിന്മയ വിദ്യാലയം തൃപ്പൂണിത്തുറ), എന്നിവർ മക്കളാണ്. സുജാതാവർമ്മ, ജയപ്രകാശൻ തമ്പുരാൻ, സുധാകരവർമ്മ, മോഹനചന്ദ്രവർമ്മ, പരേതനായ കൊച്ചപ്പൻ തമ്പുരാൻ എന്നിവരാണ് മരുമക്കൾ. തൃപ്പൂണിത്തുറയുടെ തന്നെ രാഷ്ട്രീയ-സാംസ്കാരിക-സാമൂഹ്യമണ്ഡലങ്ങളിൽ നിറഞ്ഞുനിന്ന വ്യക്തിത്വത്തിനുടമയായിരുന്നു ക്യാപ്റ്റൻ കേരളവർമ്മ. ●



ബംഗാളി കഥ

# ചൂണ്ടയിൽ കൊളുത്തിയിട്ട ഇര

('ബംഗാളി കി സർവ്വശ്രേഷ്ഠ കഹാനിയാ"
എന്ന ഹിന്ദി പരിഭാഷാ ഗ്രന്ഥത്തിലെ "ഷേർ കാ ചാരാ" എന്ന കഥയോടു കടപ്പാട്)

**നാരായൺ ഗംഗോപാദ്ധ്യായ**
വിവർത്തനം : ഡോ. കെ.സി. എം. രാജ

കഴിഞ്ഞലക്കം തുടർച്ച

ബംഗ്ലാവിന്നു മുന്നിൽ കുറെ കുട്ടികൾ ഓടികളിക്കുന്നുണ്ടായിരുന്നു. വൃത്തിയും വെടുപ്പും തീണ്ടാത്ത കുട്ടികളായിരുന്നു അവരെല്ലാവരും. അവിടത്തെ വേലക്കാരുടെ അനാഥസമ്പത്തുകളാണ് അവർ. ഭൃത്യന്മാരെ വല്ല ആവശ്യങ്ങൾക്കുമായി രാജബഹദൂർ പട്ടണത്തിലേക്ക് അയക്കുമ്പോഴെല്ലാം അമ്മയില്ലാത്ത അനാഥരായ ഇവർ രാജാബഹദൂറിന്റെ ബംഗ്ലാവിന്നു മുന്നിലുള്ള മുറ്റത്തു വന്നു പകലത്രയും കളിച്ചുകൂത്താടും. ബംഗ്ലാവിന്റെ മുകളിലെ നിലയിൽ നിന്നു രാജാബഹദൂർ കുട്ടികൾക്ക് ബിസ്കറ്റോ, റൊട്ടികഷണങ്ങളോ, ചിലപ്പോൾ നാണയതുട്ടുകളോ എറിഞ്ഞുകൊടുക്കും. പട്ടികുഞ്ഞുങ്ങളെപ്പോലെ അവർ അതിന്നു വേണ്ടി പരസ്പരം ലഹള കൂട്ടും. ഇതെല്ലാം കണ്ട് രാജാബഹദൂർ രസിച്ചു നില്കും.

അന്നു രാജാബഹദൂറിനെ കണ്ടപ്പോഴും കുട്ടികൾ ഓടിയെത്തി "സലാം സാർ! സലാം അങ്ങുന്നേ!" എന്നു ആർത്തുവിളിച്ചു. സുമാർ രണ്ടു മുതൽ എട്ടു വയസ്സുവരെ പ്രായം തോന്നിയ്ക്കുന്നവരായിരുന്നു അവർ. രാജാബഹദൂർ പോക്കെറ്റിൽ നിന്നു ചില്ലറ തുട്ടുകളെടുത്ത് അവർക്ക് എറിഞ്ഞുകൊടുത്തു. ചെറിയ ചില കാട്ടു ജീവികളെപ്പോലെ അവർ അവിടെ മുഴുവൻ ഓടി നടന്നു. വന്യ ജീവിതത്തിന്റെ വീര്യവും ഓജസ്സും പ്രകൃതിയിൽ നിന്നു ഉൾക്കൊണ്ടായിരുന്നു അവരുടെ വളർച്ച.

വൈകുന്നേരം സന്ധ്യകഴിഞ്ഞ് ഡിന്നർ കഴിച്ചുകൊണ്ടിരിക്കുമ്പോൾ ചെറിയൊരു ആശങ്കയോടെ ഞാൻ ചോദിച്ചു. "ഇന്നു രാത്രിയാണോ നമ്മൾ മത്സ്യം പിടിക്കുന്നത്"?

രാജാബഹദൂർ അല്പം ഇർഷ്യയോടെ എന്നെ നോക്കി. പകലത്രയും അദ്ദേഹം മദ്യപിച്ചുകൊണ്ടിരുന്നു. അതുകാരണം വ്യക്തമായി സംസാരിയ്ക്കാൻ കഴിയാത്ത ഒരവസ്ഥയിലായിരുന്നു അദ്ദേഹം. എന്തോ ഒരു ചിന്ത അദ്ദേഹത്തെ വല്ലാതെ ശല്യം ചെയ്യുന്നുണ്ടെന്നു എനിക്കു തോന്നി.

രാജാബഹദൂർ ഒന്നു മൂളുക മാത്രം ചെയ്തു.

ഞാൻ വീണ്ടും ചോദിച്ചു. "എപ്പോഴാണ് നമ്മൾ പുറപ്പെടുന്നത്?"

"സമയമാകുമ്പോൾ ഞാൻ വന്നു വിളിക്കാം. താങ്കൾ ഇപ്പോൾ പോയി കിടന്നുറങ്ങിക്കൊള്ളു.!"

ആ വാക്കുകളിൽ ഒരു ആജ്ഞയുടെ ധ്വനിയുണ്ടായിരുന്നു. പിന്നീടു അധികം സംസാരിയ്ക്കാൻ നില്ക്കുന്നത് അദ്ദേഹം ഇഷ്ടപ്പെടുന്നില്ലെന്നു എനിക്ക് തോന്നി. ഒരു ആതിഥേയൻ അനുനയത്തോടെ ഉറങ്ങാൻ പ്രേരിപ്പിയ്ക്കുന്ന രീതിയിലായിരുന്നില്ല രാജാബഹദൂറിന്റെ വാക്കുകളും സ്വരവും. അതുകാരണം ഒട്ടും കാത്തുനില്ക്കാതെ കല്പനയനുസരിയ്ക്കുകയാവും നല്ലതെന്നു ഞാൻ കരുതി.

നല്ല മാർദ്ദവമുള്ള കിടക്കയിൽ ഏറെ നേരം കിടന്നിട്ടും എനിക്കെന്തോ ഉറക്കം വന്നില്ല. ഉള്ളിൽ പലേ ചിന്തകളും ചുറ്റിത്തിരിഞ്ഞുകൊണ്ടിരുന്നു. മരത്തടി കൊണ്ടു നിർമ്മിച്ച ആ പാലം, അതിന്റെ അറ്റത്തായി ഘടിപ്പിച്ച രണ്ടു വലിയ മരകപ്പികൾ, തടിച്ച വടങ്ങൾ.... എല്ലാം കൂടി ആകെ അമ്പരപ്പിയ്ക്കുന്ന ചിത്രങ്ങൾ ..... അങ്ങിനെയങ്ങിനെ എപ്പോഴാണു ഞാൻ മയക്കത്തിലേയ്ക്കു വഴുതി നീങ്ങിയതെന്നറിയില്ല.

ശക്തിയേറിയ ഒരു പ്രകാശം മുഖത്തു വന്നടിച്ചപോലെ തോന്നിയപ്പോഴാണു ഞാൻ കണ്ണുതുറന്നത്. സമയം എത്രയായെന്ന് ഒരു പിടിയുമില്ല. വന്യമായ അന്തരീക്ഷത്തിൽ നിന്നു ചീവീടുകളുടെ നിലയ്ക്കാത്ത ശബ്ദം മാത്രമാണ് ചുറ്റിന്നും തിങ്ങിനിന്ന നിശ്ശബ്ദതയെ ഭേദിച്ചുകൊണ്ടിരുന്നത്. പെട്ടെന്ന് ശരീരത്തിന്നു തണുപ്പ് പകർന്നു കൊണ്ട് ഒരു സ്പർശം അനുഭവപ്പെട്ടു. ഞാൻ ആകെ ഭയന്ന് എന്തോ ചോദിക്കാനായി

ഒരുമ്പെട്ടപ്പോഴേയ്ക്കും രാജാബഹദൂർ ചുണ്ടിൽ കൈവെച്ചു വിലക്കി. "ഒന്നും സംസാരിക്കേണ്ട! കൂടെ വന്നാൽ മാത്രം മതി!" അത്തരം ഭീകരമായ രാത്രിയിലെ നിശ്ശബ്ദമായ ഒരു കല്പന! എല്ലാം കൂടി ഒരു കഥയ്ക്കു വേണ്ട അന്തരീക്ഷം. എന്താണെന്നറിയാൻ കഴിയാതെ ഒരു മുള്ളുകുത്തിയപോലെ ഞാൻ പെട്ടെന്നു പിടഞ്ഞെഴുന്നേറ്റു. ഒരു വശീകരണമന്ത്രം കൊണ്ടെന്നപോലെ, ഞാൻ രാജാബഹദൂറിന്റെ പിറകിലായി നടന്നു. അദ്ദേഹം പെട്ടെന്ന് എട്ടു സെല്ലുള്ള തന്റെ ടോർച്ച് തെളിയിച്ചു. ആ വെളിച്ചത്തിൽ മുന്നിലേയ്ക്കു തള്ളിനില്ക്കുന്ന ആ മരപ്പാലത്തിന്റെ മുകളിലേക്ക് അദ്ദേഹം എന്നെ കൊണ്ടുപോയി. അവിടെ എല്ലാം തയ്യാറാക്കിയിട്ടുണ്ട്. രണ്ടു കസേരകൾ അടുത്തടുത്തായി വെച്ചിട്ടുണ്ട്, തൊട്ടടുത്തു തന്നെ രണ്ടു തോക്കുകളും. രാജാബഹദൂർ ചുവട്ടിലേക്ക് ടോർച്ചടിച്ചു നോക്കി. സുമാർ ഇരുനൂറടി താഴെയായി വെളുത്ത ഒരു ഭാണ്ഡം താഴേയ്ക്ക് നീങ്ങിക്കൊണ്ടിരുന്നു.

"എന്താണ് ആ സാധനം?"

"മത്സ്യത്തിനുള്ള ഇരയാണ്." രാജാബഹദൂർ മറുപടി നല്കി.

"മനസ്സിലായില്ല!"

"എല്ലാം ഉടൻ മനസ്സിലാവും; കുറച്ചു നേരത്തേക്ക് ഒന്നും സംസാരിയ്ക്കരുത്!" വീണ്ടും ഒരു കല്പനയുടെ ധ്വനി. രാജാബഹദൂറിന്റെ മുഖത്തു നിന്ന് രൂക്ഷമായ മദ്യത്തിന്റെ മണം വന്നു കൊണ്ടിരുന്നു. അദ്ദേഹം പൂർണ്ണമായും സ്വബോധത്തോടെയായിരുന്നില്ല. ഞാനോ?

എന്താണ് സംഭവിയ്ക്കുന്നതെന്നു എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞില്ല. മനസ്സിലാക്കാൻ ഏറെ വിഷമമുള്ള ഒരു നാടകം കണ്ടിരിയ്ക്കുന്ന പ്രതീതിയോടെ അവിടെയുണ്ടായിരുന്ന ഒരു കസേരയിൽ ഞാൻ ഇരുപ്പുറപ്പിച്ചു. രാത്രിയുടെ ഇരുണ്ട മറനീക്കി നിലാവ് അല്പാല്പമായി പരന്നു തുടങ്ങി. ആ നിലാവിന്റെ പ്രകാശത്തിൽ ചുവടെയുള്ള കാട്ടരുവിയും സമീപപ്രദേശങ്ങളും തെളിഞ്ഞു വന്നു. കീഴോട്ടു നോക്കിയപ്പോൾ ആ വെളുത്ത ഭാണ്ഡം പാറപ്പുറത്ത് ചലിയ്ക്കുന്നതായി എനിയ്ക്ക് തോന്നി. രാജാബഹദൂർ ഒരു കയ്യിൽ തോക്കുപിടിച്ച്, മറ്റെകൈ ഉപയോഗിച്ച് ഭാണ്ഡത്തിന്റെ മുകളിൽ ടോർച്ച് തെളിയിച്ചും അണച്ചും കൊണ്ടിരുന്നു. ശക്തിയേറിയ ആ ടോർച്ചിന്റെ വെളിച്ചത്തിൽ, കെട്ടഴിഞ്ഞ ഭാണ്ഡത്തിൽ ജീവനുള്ള എന്തോ ഒരു സാധനം ഉള്ളപോലെ എനിക്ക് തോന്നി. എങ്കിലും എന്താണെന്നു വ്യക്തമായില്ല. ആകാംക്ഷാഭരിതമായ നിമിഷങ്ങൾ മുന്നേറിക്കൊണ്ടിരുന്നു. സെക്കൻഡുകൾ, മിനുറ്റുകളും കവിഞ്ഞ് മണിക്കൂറുകളായി. രാജാബഹദൂർ ടോർച്ച് തെളിയിച്ചും അണച്ചും കൊണ്ടിരുന്നു. ക്രമേണ, ക്രമേണ ഞാൻ ഒന്നു മയങ്ങി കണ്ണടച്ചിരിയ്ക്കണം. നാനൂറടി ചുവട്ടിൽ നിന്നുണ്ടായ ഒരു നരിയുടെ ഗർജ്ജനം കേട്ടാണ് ഞാൻ പൊടുന്നനെ ഉണർന്നത്; ഒപ്പം തന്നെ രാജാബഹദൂറിന്റെ തോക്കും ഒരു തവണ അലറി. ഈ ശബ്ദമെല്ലാം കേട്ട് പെട്ടെന്നു ഞാനൊന്നു വിറച്ചപ്പോൾ കസേര ആകെ ഒന്നിളകി. ടോർച്ചിന്റെ പ്രകാശധാര കാട്ടാറിന്റെ സമീപത്തുള്ള പാറകൂട്ടങ്ങളിൽ വീണുപരന്നു. വലിയൊരു നരി ആ ഭാണ്ഡത്തിന്മേൽ രണ്ടു കാലും നീട്ടി വെച്ചു കിടക്കുന്നു. അതിന്റെ വാൽ ഒരു പാമ്പിനെപ്പോലെ അപ്പോഴും പിടയുന്നുണ്ട്. തോക്കിൽ നിന്നും ഊക്കോടെ തെറിച്ച ഒരു തോട്ട വജ്രായുധം പോലെ നരിയുടെ തല തുളച്ചുപോയിരുന്നു. അങ്ങനെയൊരു ദുരന്തം മുകളിൽ നിന്നു കുതിച്ചെത്തുമെന്ന് ആ വന്യജീവി ഒട്ടും പ്രതീക്ഷിച്ചിരിക്കയില്ല.

രാജാബഹദൂർ സംതൃപ്തി വെളിവാക്കി "ജയിച്ചു!"

മത്സ്യം പിടിയ്ക്കുക എന്ന് രാജാബഹദൂർ പറഞ്ഞതിന്റെ രഹസ്യം എന്താണെന്ന് എനിക്ക് അപ്പോഴാണ് ബോധ്യമായത്.

"എന്തായാലും മത്സ്യം പിടിച്ചു. ഇനി അത് എങ്ങിനെ മുകളിലെത്തിയ്ക്കും?" ഞാൻ സംശയം ചോദിച്ചു.

"ആ കപ്പികളിലൂടെ ഉയർത്തി കൊണ്ടുവരും. അതിനു വേണ്ടിയാണ് അവ ഘടിപ്പിച്ചിട്ടുള്ളത്." രാജാബഹദൂർ എന്റെ സംശയത്തിന് മറുപടി നല്കി.

ആ ഒരു സംവിധാനം വളരെ ആകർഷകവും ഉപയോഗപ്രദവുമായി എനിക്ക് തോന്നി. ഞാൻ രാജാബഹദൂറിനെ ഉള്ളഴിഞ്ഞു അഭിനന്ദിയ്ക്കാൻ പുറപ്പെടുമ്പോഴാണ്, ചെറിയൊരു കുഞ്ഞിന്റെ കരച്ചിൽ ചുവട്ടിൽ നിന്നു കേട്ടത്. വളരെ ക്ഷീണിച്ചതായിരുന്നു ആ ശബ്ദം. എങ്കിലും വളരെ ചെറിയൊരു ശിശുവിന്റെയാണെന്നു ഞാൻ തിരിച്ചറിഞ്ഞു. ആ കുഞ്ഞ് എങ്ങിനെ അവിടെയെത്തി! നാനൂറടിചുവട്ടിൽ നിന്നായിരുന്നു ആ കരച്ചിൽ! മുഖത്തു കെട്ടിയിരുന്ന തുണി അഴിഞ്ഞു മാറിപോയിരുന്നുവെങ്കിലും, എല്ലാം ഏറെ താമസിച്ചുപോയിരുന്നു. എന്റെ ശരീരത്തിലെ ഓരോ രോമവും ഉയർന്നെഴുന്നേറ്റു നിന്നു. പെട്ടെന്നുണ്ടായ ഒരു വിഭ്രാന്തിമൂലം ഞാൻ അല്പം ഉച്ചത്തിൽ ചോദിച്ചു. "രാജാസാഹിബ്, ഇത് ഏതു തരം ഇരയാണ് താങ്കൾ കൊളുത്തിയിട്ടത്? ഇങ്ങനെയാണോ അങ്ങ് മത്സ്യം പിടിയ്ക്കുക പതിവ്?"

"മിണ്ടിപ്പോകരുത്!" അദ്ദേഹം എന്റെ നേരെ തോക്കു ചൂണ്ടിക്കൊണ്ടു പറഞ്ഞു.

ഇത്രയൊക്കെയായപ്പോഴേയ്ക്കും എനിക്ക് തലചുറ്റൽ അനുഭവപ്പെട്ടു.

*ശേഷം 19-ൽ*



# ഓർമ്മച്ചെപ്പിലെ മിന്നാമിനുങ്ങുകൾ

**ഹൈമവതി വർമ്മ, ചേർത്തല**

ആറു ദശവർഷങ്ങൾക്കു മുമ്പ്, സ്ഥലം തിരുവനന്തപുരം. ഒരു വിമൻസ് ഹോസ്റ്റൽ. സമയം ഉച്ച തിരിഞ്ഞ് മൂന്നുമണി. ഹോസ്റ്റലിന്റെ വാർഷിക കലാപരിപാടി. നിറഞ്ഞ സദസ്സ്. അതിന്റെ ഒരറ്റത്ത് ഞാനും. സ്റ്റേജിൽ കവിത ആലപിക്കുകയാണ്.

*“പച്ചപ്പനം തത്തേ പുന്നാരപ്പൂ മുത്തേ*
*പൂനെല്ലിൻ പൂങ്കതിരേ*
*ഉച്ചക്കു നീയെന്റെ കൊച്ചു വാഴ ത്തോപ്പിൽ*
*ഒന്നു വാ പൊന്നഴകേ.”*
*ഒന്നു വാ പൊന്നഴകേ.”*

പാട്ടിന്റെ മാധുര്യത്തിലൂടെ വാഴത്തോപ്പുകളും പച്ചക്കിളികളും സിരകളിലേക്ക് പതഞ്ഞുവന്നതുപോലെ. മനസ്സിന്റെ ഉള്ളിൽ മയങ്ങിക്കിടന്നു ഓർമ്മയുടെ ആ മുത്ത്.

ഇന്നൊരു സായംസന്ധ്യ. ടി. വി. ചാനലിൽ ചിത്രഗീതത്തിലാണ് ഞാനത് ശ്രദ്ധിച്ചത്. ആ പാട്ട്. ചിന്തകൾ പിറകോട്ട് പാഞ്ഞു. അറുപത് വർഷങ്ങൾ പിന്നിട്ടു.

തിരുവനന്തപുരത്ത് ഇന്റർമീഡിയറ്റും ബി.എസ്.സി. ഓണേഴ്സും പഠിച്ച കാലങ്ങൾ. ആദ്യത്തെ രണ്ടു വർഷം വിമൻസ് കോളേജ്. മൂന്നു വർഷം യൂണിവേഴ്സിറ്റി കോളേജിൽ. കോളേജ് പഠനകാലത്ത് താമസം മുഴുവൻ ഹോസ്റ്റലുകളിൽ.

വിമൻസ് കോളേജിൽ പഠിച്ച കാലം. മെയിൻ ഹോസ്റ്റൽ, അനക്സ്. പിന്നെ എക്സ്റ്റൻഷൻ. വീടുവിട്ടുള്ള ആദ്യകാലങ്ങൾ. അമ്മ, അച്ഛൻ, ബന്ധുക്കൾ – എല്ലാവരിൽ നിന്നും ഒറ്റപ്പെട്ടതുപോലെ.

എന്റെ ഏക ആശ്രയം മെസ്സിലെ മീനാക്ഷിഅമ്മ. കറുത്തു തടിച്ച ശരീരം. വെള്ളറവുക്ക. മേൽമുണ്ടായി ഒരു തോർത്തും. കുട്ടികൾക്കാർക്കും അവരെ കണ്ടുകൂടാ. അവർക്ക് തിരിച്ചും. പക്ഷേ എന്നോട് വലിയ സ്നേഹം. സന്ധ്യക്ക് ഏഴു മണിക്ക് Prayer Hall ൽ പോകാതെ ഒറ്റയ്ക്കിരിയ്ക്കുന്ന എന്നോട് അനുകമ്പ. “മോൾ വീടിനെക്കുറിച്ച് ഓർക്കുവാണല്ലേ? മറ്റു കുട്ടികളോട് കുറേശ്ശെ അടുക്കാൻ നോക്കണം. കണ്ടു കേട്ടും വേണം. മിക്കതും തന്റേടികളും ധിക്കാരികളുമാണ്.”

നാലുമണി പലഹാരത്തിന്റെ മിച്ചം ഒരു പരിപ്പുവടയോ ഏത്തയ്ക്കാ അപ്പമോ കൈയ്യിൽ വച്ചുതരും.

എനിക്ക് മുത്തശ്ശിയുടെ ഓർമ്മ വരും.

അടുത്ത ചിത്രം ഹോസ്റ്റലിലെ വാർഡനും മേട്രനും. വാർഡൻ ശാരദാമ്മടീച്ചർ വിമൻസ് കോളേജിൽ ലക്ചററാണ്. നല്ല ഉയരം. അതിനൊത്ത വണ്ണം. കർക്കശസ്വഭാവം. ഗൗരവം. കുട്ടികളോട് സംസാരം ഇല്ല. എല്ലാവർക്കും പേടിയാണ്.

വൈകിട്ട് അഞ്ചു മണി മുതൽ ആറു മണിവരെയുള്ള light reading സമയമാണ് ഏറ്റവും അപകടം. വായന ഒക്കെ കാറ്റിൽ പറത്തി ഭാവിപരിപാടികളുടെ അഥവാ വികൃതികളുടെ ആസൂത്രണമാണ് മിക്കവാറും. മാഡം പൂച്ചയെപ്പോലെ പതുങ്ങിപ്പതുങ്ങി വരും പരിശോധിക്കാൻ. ഞങ്ങൾ എലികളെപ്പോലെ സീറ്റുകളിലേക്ക് ഓടിപ്പോകും. രസമുള്ള സായാഹ്നങ്ങൾ!

മേട്രൻ മാഡം നേരെ മറിച്ച്. ദമയന്തി. പൊക്കം കുറഞ്ഞ് വെളുത്ത് അതിസുന്ദരി. നെറ്റിയിൽ വീണുകിടക്കുന്ന തലമുടിച്ചുരുളുകൾ. ഭർത്തൃവിയോഗത്തിനുശേഷം ദുഃഖം മറക്കാൻ ജോലിക്ക് ചേർന്നതാണ്. മൂന്നു കുഞ്ഞുങ്ങളുടെ അമ്മ. ആ മാതൃത്വം മാഡത്തിൽ നിറഞ്ഞുനിന്നു. ഞങ്ങൾക്കെല്ലാം പ്രിയപ്പെട്ടവൾ.

മേട്രനും വാർഡനും കൂടി മുറ്റത്തും തോട്ടത്തിലും ഉലാത്തുമ്പോൾ ഞങ്ങൾക്ക് തമാശ. "The Beauty and the Beast' കുസൃതിക്കുടുക്കയായ പ്രഭയുടെ അടക്കിപ്പിടിച്ച കമന്റ്.

മെസ്സിലെ ആഹാരം പൊതുവെ മോശം. പക്ഷേ ഇന്നും ഞാനോർക്കുന്നത് മീനാക്ഷി അമ്മയുടെ ഇഞ്ചിക്കറി (പുളിഇഞ്ചി)യാണ്. ഇഞ്ചിയും പച്ചമുളകും കരിവേപ്പിലയും വെളിച്ചെണ്ണയിൽ വറുത്ത് പൊടിച്ച് പുളിയും ശർക്കരയും ചേർത്ത് കുഴമ്പു പരുവം. ഇന്നും

നാവിൽ വെള്ളമൂറും അതിന്റെ സ്വാദ് ഓർക്കുമ്പോൾ. ആ ഓർമ്മയാണ് എന്റെ സ്പെഷ്യൽ പുളിഇഞ്ചിയുടെ രഹസ്യം എന്നാർക്കും അറിയില്ല.

ഇടയ്ക്ക് മാറിവന്ന മെസ്സ് മേട്രന്റെ പുതിയ കണ്ടുപിടുത്തം. ആഴ്ചയിൽ ഒരു ദിവസം ബ്രേക്ക്ഫാസ്റ്റ് കപ്പയും സംഭാരവും. ആരോഗ്യത്തിന് കപ്പ പുഴുങ്ങിയത് നല്ലതാണത്രേ. കോളേജിൽ പോകുമ്പോൾ തലയ്ക്ക് മത്തു പിടിക്കാതിരിക്കാൻ സംഭാരവും.

ഞങ്ങളുടെ ഐക്യമുന്നണി അന്നാണ് ശക്തിയായി പ്രതികരിച്ചത്. എല്ലാവരും ആഹാരം ബഹിഷ്ക്കരിച്ചു. മേശപ്പുറത്ത് നിരത്തിയ കപ്പ നിറഞ്ഞ പ്ലേറ്റും ഗ്ലാസ്സും അതേപടി. ഒരിക്കൽക്കൂടി ആ പരിപാടി ആവർത്തിച്ചു. പിന്നെ സംഭവം പൊട്ടിപ്പോയി. പട്ടിണി കൊണ്ട് ഞങ്ങൾ പലരും അന്ന് കോളേജിൽ തല ചുറ്റി വീണത് അതിന്റെ മറ്റൊരു തുടർച്ച.

ഹോസ്റ്റലിലെ ഇന്ദിരയുടെ കാര്യം ഇന്നും ഓർക്കുന്നു. മുട്ടുവരെ നീണ്ട് കറുത്ത് തിങ്ങിയ തലമുടി. ഒട്ടും ശ്രദ്ധയില്ല. സദാ ജട പിടിച്ച് അലങ്കോലം. ഉപദേശങ്ങൾ തള്ളിയ അവൾക്ക് നല്ല ശിക്ഷ കിട്ടി. ഒരു വെളുപ്പാൻ കാലത്ത് ഉറങ്ങിക്കിടന്ന ഇന്ദിരയുടെ തലമുടിയിൽ കത്രിക വച്ചു വാർഡനും മേട്രനും കൂടി. ഉണർന്നിരുന്ന ഞങ്ങൾ കുറെപ്പേർ ഞെട്ടി. ഇന്ദിര ഉണർന്നപ്പോൾ കുറ്റിത്തലമുടിയിൽ കൈ ഓടിച്ച് വലിയ കരച്ചിലും മുറവിളിയും. കട്ടിലിനു താഴെ കിടന്ന മുടിക്കെട്ടുകൾ വാരി മടിയിൽ വച്ച് ഒരേ ഇരിപ്പ്. അത്രതന്നെ. അതേ ചൊല്ലി ഒരു ഭൂമികുലുക്കവും സംഭവിച്ചില്ല.

വിമൻസ് കോളേജിൽ പഠിപ്പിച്ച പലരേയും ഓർക്കുന്നു. പക്ഷേ മനസ്സിൽ മാറാത്ത ഒരു രൂപം. മിസ്സ്. മുത്തുനായകം. ഇംഗ്ലീഷ് ലക്ചറർ. തമിഴ് ക്രിസ്ത്യൻ. ഇളം നിറത്തിലുള്ള പട്ടുസാരി ഭംഗിയായി ഉടുത്ത്, വൈരക്കല്ലിന്റെ മൂക്കുത്തിയും കമ്മലും, കഴുത്തിനോട് പറ്റിയ ചെറിയ നെക്ലസ്സും, ബ്രൂച്ചും (സാരി തോളിൽ നിന്ന് ഊർന്നുപോകാതെ കുത്താൻ ഉപയോഗിക്കുന്ന ക്ലിപ്പ്) ഒക്കെയാണ് വേഷം. ഒതുക്കിവച്ച മുടിയും വില പിടിപ്പുള്ള ചെരുപ്പുകളും. റോസാപ്പൂവിന്റെ പരിമളം പോലെയുള്ള പെരുമാറ്റം. അതുപോലെ ആതുര സേവനവും അഗതിസംരക്ഷണവും. പക്ഷേ ഇതിനൊക്കെ ഉപരി എന്റെ ഓർമ്മ വേറൊന്ന്. പെൺകുട്ടികളോടുള്ള ഉപദേശം."You must be like butterflies. മറ്റുള്ളവർക്ക് അഴകും ആഹ്ലാദവും ആനന്ദവും പകരുന്ന ചിത്രശലഭങ്ങൾ.

എത്ര സുന്ദരമായ ഭാവന!

ഗംഗ എന്ന എന്റെ സ്നേഹിതയെ കൂടി ഓർക്കാതെ വയ്യ. രണ്ടു വർഷത്തെ Local guardian. പ്രസിദ്ധനായ മള്ളൂർ ഗോവിന്ദപ്പിള്ളയുടെ പേരക്കിടാവ്. എല്ലാ ഞായറാഴ്ചയും രാവിലെ എന്നെ ഹോസ്റ്റലിൽ വന്ന് കൂട്ടിക്കൊണ്ടുപോകും. അമ്മ, അച്ഛൻ, മൂന്ന് അനിയത്തിമാർ. ദിവസം മുഴുവൻ അടിപൊളി. ബീച്ച്, കാഴ്ചബംഗ്ലാവ്, സിനിമ, നല്ല ഭക്ഷണം അങ്ങിനെ പലതും.

അലമാരയിൽ അടുക്കിവച്ചിരിക്കുന്ന നോട്ടുകെട്ടുകളിൽ നിന്ന് ഗംഗ ആവശ്യത്തിനുള്ള പണം വലിച്ചെടുക്കും. ഞാൻ അത്ഭുതപ്പെട്ട് നോക്കിനിൽക്കും. ഒരു സാധാരണ ബാങ്കറിന്റെ മകളായ ഞാൻ ഇത്രയും പണം കാണുന്നതിന്റെ അമ്പരപ്പ്.

ആയിടെതന്നെ ഗംഗ വിവാഹിതയായി. വിവാഹത്തിന് എന്റെ അമ്മയും അച്ഛനും തിരുവനന്തപുരത്ത് എത്തി. മള്ളൂരിലെ വിവാഹത്തിന്റെ അലങ്കാരവും ചിട്ടയും വെടിപ്പും പിൽക്കാലത്ത് അമ്മ പലരോടും പങ്കുവച്ചിട്ടുണ്ട്.

പിന്നെ ഒരിക്കലേ ഗംഗയെ കണ്ടിട്ടുള്ളു. അന്നവൾ ഒരമ്മയാണ്. ഇത്ര വർഷങ്ങൾ കഴിഞ്ഞും എന്റെ മനസ്സിൽ പവിത്രമായ ഗംഗാനദിയായി അവൾ ഒഴുകുന്നു.

അടുത്ത മൂന്നു വർഷങ്ങൾ യൂണിവേഴ്സിറ്റി കോളേജ്. ബി.എസ്.സി. (ഓണേഴ്സ്) നും ചേരാൻ അച്ഛനുമൊത്ത് കോളേജിൽ എത്തിയ ദിവസം. മാഡം അന്നമ്മ വർക്കിയാണ്. Mathematics Dept ന്റെ head. Interview വേഗം കഴിഞ്ഞു. പക്ഷേ മാഡത്തിന്റെ അവസാനത്തെ വാക്കുകൾ പിന്നീട് പലപ്പോഴും അച്ഛനും ഞാനും ഓർക്കാറുണ്ട്. 'മിസ്റ്റർ വർമ്മ – മകളുടെ പഠിത്തം കഴിഞ്ഞ് നിങ്ങൾ വിവാഹം കഴിച്ചുവിടും. ജോലിക്കൊന്നും അയക്കില്ല. പിന്നെ വെറുതെ എന്തിന് ഒരു സീറ്റ് പാഴാക്കുന്നു? ആ സീറ്റ് ഒരു ആൺകുട്ടിക്ക് കൊടുത്താൽ പ്രയോജനപ്പെടും അടുത്ത തലമുറയ്ക്ക്."

മാഡത്തിന്റെ വാക്കുകൾ മനസ്സിൽ തങ്ങിനിന്നു. മുപ്പതിലേറെ വർഷങ്ങൾ ഞാൻ എന്റെ അറിവ് കുട്ടികളുമായി പങ്കു വച്ചു. അദ്ധ്യാപകജീവിതം സുവർണ്ണ കാലമായിരുന്നു.

കോളേജിലെ പല ഗുരുക്കന്മാരുടേയും സ്മരണകൾ. Astronomy (എന്റെ ഏറ്റവും ഇഷ്ടപ്പെട്ട സബ്ജക്റ്റ്) പഠിപ്പിച്ച ഹരിഹരൻസർ ക്ലാസ്സിൽ വന്നാൽ ആദ്യം ബോർഡിൽ ഒരു വലിയ വൃത്തം വരയ്ക്കും – കോമ്പസ് കൊണ്ട് വരച്ചാൽ പോലും ഇത്ര പെർഫെക്ട് ആവില്ല.

സാഹിത്യകാരനും ഫലിതപ്രിയനുമായ പരമേശ്വരൻസാർ (ഉള്ളൂരിന്റെ മരുമകനാണ്). അമേരിക്കയിൽ രണ്ടുവർഷം ഉപരിപഠനത്തിനു പോയപ്പോൾ സ്വയം പാകം ചെയ്ത് ഭക്ഷിച്ച കഥയും മറ്റും സരസമായി ഞങ്ങളോട് പറയും.

ഇംഗ്ലണ്ടിൽ നിന്ന് കപ്പലിറങ്ങി വന്ന സ്റ്റാറ്റിസ്റ്റിക്സ് അദ്ധ്യാപകൻ.

ഇംഗ്ലീഷ് സ്റ്റൈലിൽ ഡ്രസ്സും സംസാരവും.

അങ്ങിനെ പലരും.

ഒരു ചെറിയ നർമ്മസംഭവം കൂടി ഓർക്കുന്നു. തിരുവനന്തപുരത്ത് ആയിടയ്ക്കാണ് ഡബിൾ ഡക്കർ ബസ് വരുന്നത്. ഹോസ്റ്റലിലെ ക്യാന്റീൻ സൂപ്പർവൈസറായ അമ്മുക്കുട്ടിഅമ്മയ്ക്ക് ഒരാഗ്രഹം. അതിലൊന്നു കയറണം. ഞാനുൾപ്പടെ രണ്ടുമൂന്നു കുട്ടികളോട് പറഞ്ഞു. ആ അമ്മയുടെ കുടവയറും ഭീമാകാരവും മെലിഞ്ഞ കാലുകളും ഒക്കെ പ്രശ്നമാകും. ഞങ്ങൾക്ക് പേടിയുണ്ട് എങ്കിലും സമ്മതിച്ചു.

ഒരു ഞായറാഴ്ച നാലു മണി സമയം. ഞങ്ങൾ പാളയത്ത് എത്തി. ബസ്സ് വന്നു. പിറകിൽ കൂടി ചവുട്ടിക്കയറാൻ തുടങ്ങുമ്പോൾ വണ്ടി വിട്ടു. മൂന്നുപേരും താങ്ങിയിടിച്ച് പടി കയറി മുകളിൽ എത്തി. കഷ്ടിച്ച് ഇരുന്നു എന്നു പറയാം. അപ്പോഴേക്കും ഞങ്ങൾക്ക് ഇറങ്ങാനുള്ള സ്ഥലമായി. താഴെ ഇറക്കിക്കൊണ്ടുവരാൻ പതിനഞ്ചു മിനിട്ട്. കണ്ടക്ടറുടേയും മറ്റു യാത്രക്കാരുടേയും ശകാരവർഷങ്ങൾ. അമ്മുക്കുട്ടി അമ്മക്ക് ഒരു കൂസലും ഇല്ല. ടെൻസിങ്ങിന് ഹിമാലയത്തിൽ കയറിയപ്പോഴുണ്ടായ ആത്മസംതൃപ്തി ആയിരുന്നു ആയമ്മയ്ക്ക്.

ഇന്ന് കേരളരാഷ്ട്രീയത്തിലും കലാവേദികളിലും തിളങ്ങുന്ന ഒ.എൻ.വി. കുറുപ്പ്. സുഗതകുമാരി, കെ.എൽ. മോഹനവർമ്മ തുടങ്ങി പലരും പല മേഖലകളിൽ എന്റെ സതീർത്ഥ്യരായിരുന്നു എന്നോർക്കുന്നു.

ജീവിതത്തിന്റെ അസ്തമനകാലത്ത് ഓർമ്മയിൽ തെന്നിത്തെന്നി നീങ്ങുന്ന മിന്നാമിനുങ്ങുകൾ.

മറവി എന്ന മഞ്ഞിൻമുകിലിൽ മനസ്സിന് തിളക്കവും വെളിച്ചവും വിതറുന്ന കൊച്ചു നക്ഷത്രങ്ങൾ!

●

# എന്റെ പ്രിയപ്പെട്ട വല്ല്യേട്ടൻ

**പി.സി. കുമാരിത്തമ്പുരാട്ടി**

കണ്ടിട്ടില്ലൊരിയ്ക്കലുമാമുഖം ഞാൻ
കേട്ടിട്ടില്ലൊരിയ്ക്കലുമാസ്വരം ഞാൻ
എങ്കിലുമെന്നുമെൻ മാനസത്തിൽ
നിറഞ്ഞുനില്ക്കുന്നുവെൻ വല്ല്യേട്ടൻ തൻ മുഖം
അമ്മയ്ക്കുമച്ഛനും പൊൻ മകനായ്
സോദരങ്ങൾക്കോ പ്രിയ വല്ല്യേട്ടനായ്
സ്നേഹിതർക്കും പിന്നെ ബന്ധുജനങ്ങൾക്കും
സ്നേഹത്തിൻ പര്യായമായിരുന്നു.
അറിഞ്ഞീടുന്നു ഞാനമൃതമാമാസ്നേഹം
സഹോദരങ്ങൾ തൻ വാക്കിലൂടെ
അകാലത്തിൽ വിട ചൊല്ലിയൊരേട്ടന്റെ
അതിരില്ലാത്തൊരാ സ്നേഹവാത്സല്യം.
ഇന്നുമെന്നുള്ളിൽ നീറുന്നൊരു സങ്കടം
എനിക്കുമാത്രമാ സ്നേഹമനുഭവിയ്ക്കാൻ
യോഗമില്ലാതെയായെത്രകഷ്ടം!
വിധിയ്ക്കുന്നതെല്ലാം കൊതിയ്ക്കുന്നതാകുമോ?
ഇനിയൊരുജന്മമെനിക്കുണ്ടെങ്കിലന്നു ഞാൻ
എൻ പ്രിയവല്ല്യേട്ടൻ തൻ കൊച്ചനുജത്തിയായ്
ആ സ്നേഹവാത്സല്യങ്ങളാവോളം നുകർന്നീടാൻ
ആത്മാർത്ഥമായാഗ്രഹിച്ചീടുന്നുവെന്നും
എൻ പ്രിയ വല്ല്യേട്ടൻ തൻ ചിത്രത്തിൻ മുന്നിലായ്
ഒരു പിടിപൂക്കൾ ഞാൻ വെച്ചിടട്ടെ,
ആ നിറവാത്സല്യത്തിൻ മുന്നിൽ ഞാൻ
നിറമിഴികളുമായ് നമിച്ചിടട്ടെ. ●

*കുറിപ്പ്: എനിക്ക് ഓർമ്മവെക്കുന്നതിനു മുൻപ് ഈ ലോകത്തോട് വിടചൊല്ലിയ എന്റെ പ്രിയപ്പെട്ട വല്ല്യേട്ടന്റെ ഓർമ്മയ്ക്കായ്.*

# ഷോഡശക്രിയ കർമ്മപദ്ധതി

*ക്ഷത്രിയരുടെ ആചാരാനുഷ്ഠാനങ്ങൾക്ക് വ്യക്തതയും ഐകരൂപ്യവും നൽകി പ്രചരിപ്പിക്കുകയും അവ പ്രാവർത്തികമാക്കുകയും വേണമെന്ന ആഗ്രഹം പല സന്ദർഭങ്ങളിലും പല വേദികളിലും ഉയർന്നു വന്നിട്ടുണ്ടെങ്കിലും അവ പ്രായോഗികതലത്തിൽ എത്തിക്കാൻ സാധിച്ചിട്ടില്ല. ഏതാനും വർഷങ്ങൾക്കു മുമ്പ് കൊച്ചി ക്ഷത്രിയസമാജം ഒരു വൈദികസദസ്സ് വിളിച്ചുകൂട്ടുകയും അതിൻപ്രകാരം ഇന്നത്തെ കാലസ്ഥിതിക്ക് അനുയോജ്യമായ രീതിയിൽ ക്ഷത്രിയർക്ക് ആചരിക്കാവുന്ന ഒരു 'ലഘുഷോഡശക്രിയാസംഹിത' തയ്യാറാക്കിയത് സമാജത്തിന്റെ മുൻപ്രസിഡന്റ് അന്തരിച്ച വി.കെ. രാമവർമ്മ അവർകൾ ക്ഷത്രിയ സഭയ്ക്ക് കൈമാറിയിരുന്നു.*

*ചെറുമുക്ക് വൈദികൻ ബ്രഹ്മശ്രീ സി.വി. സോമയാജിപ്പാട്, പെരുമ്പടപ്പ് വൈദികൻ ബ്രഹ്മശ്രീ ഹൃഷികേശൻ നമ്പൂതിരിപ്പാട്, വെള്ളൈക്കാട്ടു മനയ്ക്കൽ ബ്രഹ്മശ്രീ നാരായണൻ ഭട്ടതിരിപ്പാട് എന്നിവർക്കു പുറമെ തന്ത്രവിദ്യാപീഠം അദ്ധ്യക്ഷൻ മാധവ്ജി, പൂഞ്ഞാർ വലിയ രാജാ പി. കേരളവർമ്മ രാജ എന്നിവർ ചേർന്ന തയ്യാറാക്കിയ കരട് രേഖ കൊച്ചി ക്ഷത്രിയ സമാജത്തിന്റെ പൊതുയോഗത്തിൽ അവതരിപ്പിച്ച് പാസ്സാക്കിയത് ക്ഷത്രിയർക്കിടയിൽ പ്രചരിപ്പിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടി ക്ഷാത്രസന്ദേശത്തിൽ ഈ ലക്കം മുതൽ പ്രസിദ്ധീകരിക്കുകയാണ്. സമുദായാംഗങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഈ വിഷയത്തിൽ സ്വാഗതം ചെയ്യുന്നു.*        *പത്രാധിപർ*

ത്രൈവർണ്ണികർക്ക് അവശ്യ കർത്തവ്യങ്ങളായി വിധിക്കപ്പെട്ടിട്ടുള്ള പതിനാറു സംസ്കാരങ്ങൾക്കാണ് ഷോഡശക്രിയ എന്നു പറയുന്നത്. ഷോഡശക്രിയയുടെ അനുഷ്ഠാനത്തിൽ പല വ്യത്യാസങ്ങളും ഇന്നു കാണുന്നുണ്ട്. ഉപനയനം, വേളി മുതലായ ക്രിയകൾ ഒന്നിലധിക ദിവസങ്ങളിലായി നടത്തുക എന്നതും ഇന്നത്തെ ജീവിതരീതിയിൽ അപ്രായോഗികമായി തീർന്നിരിക്കുകയാണ്. ഇന്നത്തെ പരിതസ്ഥിതിയിൽ ക്ഷത്രിയസമുദായം ഇതരവിഭാഗങ്ങളിൽ നിന്നും വേർതിരിച്ചറിയുന്നതിന് മേൽപ്പറഞ്ഞ ക്രിയകൾ നമ്മൾ ഉപേക്ഷിക്കാൻ പാടില്ലാത്തതാണ്. ആയതുകൊണ്ട് മേൽപ്പറഞ്ഞ തിരിച്ചറിവിലേക്കു വേണ്ടി ഒരു കർമ്മപദ്ധതി ആവിഷ്ക്കരിക്കേണ്ടത് അത്യാവശ്യമായി വന്നിരിക്കുന്നു. സമുദായാംഗങ്ങൾ ആയത് അങ്ങേയറ്റം പ്രയോജനപ്പെടുത്തി സമുദായാചാരങ്ങളെ ഉദ്ധരിക്കേണ്ടതാണ്. ആശ്വലായനമതം അനുസരിച്ചുള്ള ക്രിയകളാണ് ക്ഷത്രിയർക്ക് ബാധകമാക്കിയിട്ടുള്ളത്. ഉപനയനം കഴിഞ്ഞ ബാലന്മാർക്ക് സന്ധ്യാവന്ദനം ചെയ്യേണ്ട രീതി തീരെ അറിയില്ല എന്നതുകൊണ്ട് സന്ധ്യാവന്ദനം ചെയ്യേണ്ട ക്രമവും ഇതിൽ അന്യത്ര ചേർത്തിട്ടുണ്ട്.

**ശരീരസംസ്കാരങ്ങൾ**

*വൈദികൈഃ കർമ്മ ഭിഃ പുണ്യൈ*
*നിഷേകാദിർ ദ്വിജന്മനാം*
*കാര്യഃ ശരീരസംസ്ക്കാരഃ*
*പാവനപ്രേത്യചേഹച*

വൈദീകങ്ങളും ശുഭകരങ്ങളുമായ കർമ്മങ്ങളാൽ ദ്വിജന്മാരുടെ ഗർഭാധാനാദി ശരീര സംസ്ക്കാരങ്ങൾ നടത്തണം. അവ ദ്വിജന്മാരെ പരിശുദ്ധരാക്കുന്നു. ഗർഭാധാനാദി കർമ്മങ്ങളെ കൊണ്ട് ദ്വിജന്മാരെ ഏനോമാർജ്ജനം ചെയ്ത് ഉപനയനം (രണ്ടാംജന്മം) കൊണ്ട് സംസ്ക്കരിച്ച് വേദാധികാരിയാക്കുന്നു.

*ഗർഭാധാനമൃതൗപുംസവനം*
*സ്പന്ദനാൽ പുരാ*
*ഷേഷ്ടഷ്ടമേ വാസീമന്തൗമാസേ*
*ഥേജാതകർമ്മച*
*അഹന്യേകാദശേനാമ ചതുർത്ഥേ*
*മാനിനിഷ്ക്രമ*
*ഷഷ്ഠേനപ്രാശനം മാസെചുഡാ*
*കാര്യായഥാകുലം*
*ഏവം ഏനശ്ശമംയാതി ബീജഗർഭ*
*സമുത്ഭവം*
*പ്രാങ്ങ്നാഭിവർദ്ധനാൽപുംസോ*
*ജാതകർമ്മം വിധീയതേ*
*മന്ത്രവൽപ്രാശനംചാസ്യ*
*ഹിരണ്യമധുസർപ്പിഷാം (മനു)*
*ജാതെസുതെ തദ്വദനം നിരീക്ഷ്യ*
*സ്നാത്വാസചേലഞ്ചധൃതാദ്ര*
*വസ്ത്രഃ*
*ദത്വാദിജേഭ്യോദ്രവിണാനികുര്യ്യാ*
*ത്തസ്യാശുജാതസ്യഹിജാതകർമ്മ*

കുട്ടിപിറന്നാൽ വിളക്ക് വച്ച് കണ്ട് സൂതികർമ്മണിക്ക് പുടവ കൊടുത്ത് കുളിച്ച് ഈറൻവസ്ത്രം തറ്റുടുത്ത് കിഴക്കോട്ടു തിരിഞ്ഞ് ഗണപതി നിവേദിക്കണം.

മുമ്പിൽ വലതുവശത്ത് വിളക്ക് കത്തിച്ച് ഒരു ഇലയിൽ ശർക്കര–വെല്ലം, നെയ്യ് ഉപസ്തരിച്ചുകൊള്ളണം.

മുമ്പിൽ രണ്ടുകിണ്ടി വെള്ളം നിറച്ചുവെക്കണം. ഒരു ചന്ദനഓടം കിണ്ടിയുടെ വലതുവശത്ത് വയ്ക്കണം. ആവണപലകയിലിരുന്ന് കൈകഴുകി പവിത്രമിട്ട് വലതു

വശത്ത് ഓടത്തിൽ ചന്ദനം കലക്കി പൂവ് അതിൽമുക്കി കിണ്ടിയിൽ ഇടുക. വലത്തെ മോതിരവിരൽകൊണ്ട് കിണ്ടിയിലെ വെള്ളം സ്പർശിച്ച് മൂന്നുതവണ കിണ്ടിയുടെ മുഖം തലോടുക – ഇത് ആപ്യായിച്ച് പ്രോക്ഷിക്കൽ – മുരലിൽനിന്നും കൈയിലേക്ക് വെള്ളം കുറച്ചെടുത്ത് കിണ്ടിയിൽതന്നെ ഒഴിക്കുക. ഇത് പ്രോക്ഷിക്കൽ – ഇതും മൂന്നുതവണ വേണം. ഗണപതിക്ക് നിവേദിക്കാൻ വച്ചിടത്തേക്ക് ഒരു തുളസിക്കഴുത്ത് എടുത്ത് കിണ്ടിയിലെ വെള്ളത്തിൽ മുക്കി മൂന്നുതവണ ''ഗംഗണപതയെ നമഃ'' എന്നു ചൊല്ലി ജലമാത്രം അർച്ചിക്കുക. തുളസിക്കഴുത്തുകൊണ്ടുതന്നെ ചന്ദനവെള്ളത്തിൽ മുക്കി മൂന്നുതവണ അർച്ചിക്കുക. തുളസിക്കഴുത്ത് ഓടത്തിൽ വച്ച് പൂവ് മൂന്നുതവണ "ഗംഗണപതയെ നമഃ" എന്ന് അർച്ചിക്കുക.

ഒരു പൂവെടുത്ത് ചന്ദനവെള്ളത്തിൽ മുക്കി നിവേദിക്കുന്നതിലിട്ട് കിണ്ടിമുരലിൽകൂടി കയ്യിൽ വെള്ളം വാങ്ങി "സത്യന്ത്വർത്തേന പരിഷിഞ്ചാമി" എന്ന മന്ത്രത്താൽ നിവേദ്യത്തിന് ചുറ്റും വെള്ളത്താൽ ചുറ്റുക. വീണ്ടും കൈയിൽ വെള്ളം വാങ്ങി "ഭൂർഭുവസ്വരോം" എന്ന് നിവേദിക്കുന്നത് സ്പർശിച്ച് ഇടത്തെ കിണ്ടിയിൽ കൈകഴുകി വലത്തെ കിണ്ടി ഇരുകൈകൊണ്ടും പിടിച്ച് മുരലിൽകൂടി ഒരു ഇറ്റ് വെള്ളം വിളക്കത്ത് "അമൃതോപസ്തരണമസി" എന്ന് കൊടുക്കുക. ഒരു പൂവെടുത്ത് "ഗംഗണപതയെനമഃ" എന്ന് ആരാധിക്കുക. ഇങ്ങിനെ ഗണപതി നിവേദിക്കൽ.

ഇടതുകൈ ചുരുട്ടി മാറിൽവച്ച് വലതുകൈയിന്റെ മോതിരവിരലിന്റേയും, ചെറുവിരലിന്റേയും മൂലഭാഗത്ത് തള്ളവിരൽ ചേർത്ത് നിവേദ്യത്തിന് ചുറ്റും "പ്രാണായസ്വാഹ'' എന്ന് ചൊല്ലി കൈ മേൽപ്പോട്ടു പൊക്കുക. പാമ്പുവിരലിന്റേയും ചൂണ്ടുവിരലിന്റേയും മൂലസ്ഥാനത്ത് തള്ളവിരൽ ചേർത്ത് മുന്നേ പോലെ "അപാനായസ്വാഹ" എന്ന മന്ത്രം ചൊല്ലി കൊടുക്കുക. മോതിരവിരലിന്റെയും പാമ്പുവിരലിന്റെയും സ്ഥാനത്ത് തള്ളവിരൽ ചേർത്ത് "വ്യാനായസ്വാഹ" എന്ന് മുന്നെ പോലെ ചെയ്ത് ചെറുവിരലൊഴികെ മറ്റു മൂന്നുവിരലിന്റേയും മൂലസ്ഥാനം തള്ളവിരൽ ചേർത്ത് "ഉപനായസ്വാഹ" എന്ന മന്ത്രം ചൊല്ലുക. നാലുവിരലിന്റേയും താഴെ തള്ളവിരൽ ചേർത്ത് "സമാനായസ്വാഹ" എന്ന അഞ്ചുവിധം പ്രാണാഹൂതിചെയ്ത് കൈകഴുകി ഒരു പൂവെടുത്ത് "ഗംഗണപതയെ നമഃ" എന്ന് ആരാധിക്കുക.

മുമ്പിൽ പലകയിട്ട് അതിന്മേൽ ഒരാളെ ഇരുത്തി (ബ്രാഹ്മണനോ, സ്വജാതിയോ ആകാം) ഒരുവെള്ളം കൊടുത്ത് ചന്ദനം ഒരു ഇലക്കീറിലാക്കി കുറിയിടാൻ കൊടുക്കുക. അയാൾ കുറിയിട്ട് ഇടത്തേ കിണ്ടിയിലെ വെള്ളത്താൽ കൈകഴുകി ഒരുവെള്ളം കൊടുത്ത് പൂവും ചന്ദനവുംകൂടി ചൂടാൻ കൊടുക്കുക. അയാൾ ചൂടികഴിഞ്ഞതിനുശേഷം കൈ കഴുകി വെള്ളം കൊടുത്ത് പൂവ്വും, ചന്ദനവും, വെള്ളവും, പണവും കൂട്ടി സർവ്വപ്രായശ്ചിത്തം എന്ന് സങ്കൽപ്പിച്ച് "ഓം തൽസൽ" എന്ന് ചൊല്ലി കൈയിൽ കൊടുക്കുക. ഒരു വെള്ളം കൊടുത്ത് വെറ്റിലയും അടയ്ക്കയും കൊടുത്ത് വെള്ളവും കൊടുക്കുക. വാങ്ങുന്നവൻ പണം വാങ്ങുന്നതുവരെ വലതുകൈ മാത്രം മലർത്തി കാണിക്കുക. വെറ്റിലയും അടയ്ക്കയും ഇരുകൈയ്യും കൂട്ടി വാങ്ങുക.

പിന്നേയും ഒരാളെ ഇരുത്തി ഇതുപോലെ ചെയ്യുക. "മന്ത്രം – ഏതമ്മേനാന്ദീമുഖശ്രാദ്ധം, വിശ്വേഭ്യോദേവേഭ്യാ ഓം തൽസൽ". ഒരാളേയും കൂടി വേണം. പിന്നെ ''ഏതമ്മേനാന്ദീ മുഖശ്രാദ്ധം, പിതൃപിതാമഹപ്രപിതാമഹേഭ്യോ ഓം തൽസൽ" എന്ന് രണ്ടുതവണ ചെയ്താൽ (ഇങ്ങനെ നാലു ആവർത്തി) കിഴക്കോട്ട് തിരിഞ്ഞിരുന്ന് കുട്ടിയെ മടിയിൽ കിടത്തി (ഇടതു മടിയിൽ തലവരണം) പ്രാശിപ്പാനുള്ള ദാനം എന്ന് സങ്കൽപ്പിച്ച് ഒരാൾക്ക് ദാനം ചെയ്യുക. ''ഓം തൽസൽ'' എന്ന മന്ത്രം.

## മദ്ധ്വാജ്യം

ആദ്യമായിട്ടുള്ള ദ്രവ്യം കൊടുക്കലിന് നെയ്യും, തേനും കൂട്ടി സ്വർണ്ണം അരച്ചതാണ്. മറ്റു ഭക്ഷ്യദ്രവ്യ സ്വീകാര്യത്തിനുള്ള അടിത്തറ ഉറപ്പിക്കലാണ് ഇത്. അതോടൊപ്പം കുട്ടിക്ക് ബുദ്ധിവികാസം, മനസ്ധൈര്യം, ആയുരാരോഗ്യങ്ങൾ മുതലായവ നേടുവാനുള്ള ഈശ്വരപ്രാർത്ഥനയുമാണ്. ജനനത്തിൽ ബീജപരവും, ഗർഭപാത്രപരവുമായ എല്ലാ അശുദ്ധിയും ഇതിനാൽ തീരുന്നു. മദ്ധ്വാജ്യം കൊടുക്കുവാനുള്ള മന്ത്രം "പ്രഭേദദാമി മധുനോഘൃതസ്യവേദം സവിത്രാപ്രസുതം മഘോനാം ആയുഷ്മാൻ ഗുപ്തോദേവതാഭിശ്ശതം ജീവ ശരദോലോകേസ്മിൻ" സ്വർണ്ണമോതിരം കൊണ്ട് വായിൽ കൊടുക്കുക.

പദം:– പ്രഭേ, ദദാമി, മധുനഃ, ഘൃതസ്യ, വേദം, സവിത്ര, പ്രസൂതം, മഘോനാം, ആയുഷ്മാൻ, ഗുപ്തഃ, ദേവതാഭിഃ, ശതം, ജീവ, ശരദഃ, ലോകേ, ആസ്മിൻ.

മോതിരം നിലത്തിട്ടുകഴുകി രണ്ടുതവണകൂടി ഇതുപോലെ കൊടുക്കുക. സ്വർണ്ണം കഴുകി പവിത്രംമാറി മോതിരം തള്ളവിരലിലിട്ട് ആ തള്ളവിരൽ മോതിരമടക്കം വലതുചെവിമേൽ തട്ടുമാറുപിടിച്ച്

ചൂണ്ടാണിവിരൽ കൊണ്ട് അവന്റെ ഇടതുചെവിയും തൊട്ടു ചൊല്ലുക.

*മന്ത്രം:– "മേധാതേ ദേവ സവിതാ*
*മേധാം ദേവീ സരസ്വതീ*
*മേധാം തേ അശ്വിനി ദേവൗ*
*ആധത്താം പുഷ്കരസ്രജൗ"*

കൈവിരലുകൾ അതേപോലെ തന്നെ വച്ച് ബാലന്റെ വലത്തേ തോളും, ഇടത്തേ തോളും കൂട്ടി തൊട്ടുചൊല്ലുക.

*മന്ത്രം :– "അശ്മാഭവഃ പരശുഭവഃ*
*ഹിരണ്യം അസ്തൃതം ഭവ*
*വേദ വൈപുത്രനാമാസി*
*സമജീവശരതശ്ശതം"*

മോതിരം നിലത്തിട്ട് അവന്റെ ചെവിയിൽ ശൈവമായാണ് പേരിടുന്നതെങ്കിൽ ഹരഹര എന്നും വൈഷ്ണവമെങ്കിൽ ഹരി എന്നും ചൊല്ലി അവന്റെ നിറുകയിൽ തട്ടുമാറ് വലതുമൂക്കുകൊണ്ട് അവഘ്രാണനം ചെയ്യുക. മേലോട്ട് ശ്വാസം വലിക്കുന്നതിനെ അവഘ്രാണനം എന്നുപറയുന്നു. പിന്നെ അവന്റെ നെറുകതൊട്ടു ചൊല്ലുക.

*മന്ത്രം:–"അംഗാദംഗാൽ സംഭവസി*
*ഹൃദയാദധിജായസേ*
*ആത്മാവൈപുത്രനാമാസി*
*സജീവശരതശ്ശതം*

അവനെ ഇലയിൽ കിടത്തി ചടങ്ങ് ദക്ഷിണ ചെയ്ത് ഗണപതിക്ക് "ഗംഗണപതയെ നമഃ" എന്ന് ഒരു പൂവ് ആരാധിച്ച് "അമൃതാപിധാനമസി" എന്ന് കിണ്ടിയുടെ മുരലാൽ വെള്ളം വിളക്കത്ത് കൊടുത്ത് വീണ്ടും "ഗംഗണപതയെ നമഃ" എന്ന് പൂവ് ആരാധിക്കുക. പവിത്രം ഊരി അഷ്ടാക്ഷരി ജപിക്കുക "ഓം നമോ നാരായണായ". പിന്നെ പഞ്ചാക്ഷരി ജപിക്കുക "ഓം നമശ്ശിവായ"

പെൺകുട്ടിയാണെങ്കിൽ മന്ത്രമില്ലാതെ ക്രിയകൾ എല്ലാം ചെയ്യണം. പ്രസവിച്ച് തൊണ്ണൂറു നാഴികയ്ക്കുള്ളിലാണ് ജാതകർമ്മം വിധിച്ചിട്ടുള്ളത്. അപ്പോൾ പറ്റിയില്ലെങ്കിൽ പുലപോക്കി കുളികഴിഞ്ഞ് പുണ്യാഹമേറ്റതിനുശേഷം ചെയ്യുക. ക്രിയയ്ക്ക് അഞ്ച് ആൾ വേണം. തീരെ കിട്ടിയില്ലെങ്കിൽ ഒരാൾ മതി. അപ്പോൾ നാന്ദിമുഖം ഒരാൾക്ക് എല്ലാംകൂടി ചെയ്യുക. മന്ത്രം:– ഏതന്മേനാന്ദീമുഖശ്രാദ്ധം വിശ്വേഭ്യോദേവേഭ്യോ പിതൃപിതാമഹപ്രപിതാമഹേഭ്യാ ഓം തൽസൽ.

ഇത്രയും സൗകര്യമില്ലെങ്കിൽ ഉണ്ണിയെ ദ്രവ്യം കൊടുത്തുക്കണ്ടു കുളിച്ച് ഈറൻ തറ്റുടുത്ത് ഗണപതി നിവേദിച്ച് ഗോമൂല്യം (3 രൂ. 25 പൈസ) ദാനം പ്രായശ്ചിത്തം ചെയ്ത് മന്ത്രം "ഓം തൽസൽ" ദ്രവ്യം കൊടുക്കൽ മുതൽ ക്രിയ മന്ത്രത്തോടുകൂടി ചെയ്യുക. മന്ത്രം വശമില്ലെങ്കിൽ മന്ത്രമില്ലാതെയും ചെയ്യാം. *(തുടരും)*

---

*ചൂണ്ടിയിൽ കൊളുത്തിയിട്ട..........*

അന്ന് രാജാബഹദൂർ എന്നെ താങ്ങിയില്ലായിരുന്നെങ്കിൽ നാനൂറടി താഴ്ചയിലേയ്ക്കു ഞാൻ തീർച്ചയായും വീണുപോകുമായിരുന്നു. രാജാബഹദൂറിന്റെ സേവകരിൽ ഒരുവന്റെ അനാഥ ശിശുവനത്തിൽ അപ്രത്യക്ഷമായാൽ അതുതികച്ചും സ്വാഭാവികം മാത്രം! ആർക്കും അതുകൊണ്ടു പ്രത്യേകിച്ചൊരു നഷ്ടവും സംഭവിക്കാനില്ല. രാജാബഹദൂറിനു ലഭിയ്ക്കുന്നതോ, നാട്ടുകാർക്ക് പ്രദർശിപ്പിയ്ക്കാനായി ഒരു "റോയൽ ടൈഗറി"ന്റെ ശരീരവും!

ആ സംഭവം നടന്ന് മാസം എട്ടു പിന്നിട്ടു. ഇന്നു ഇത്രയും ഭംഗിയുള്ള ഒരു ജോഡി ഷൂസ് ഉപഹാരമായി ലഭിച്ചപ്പോഴും ആ രാത്രിയിലെ സംഭവം, ഒരു ദുഃസ്വപ്നം പോലെ, എന്റെ ഓർമ്മയിൽ ഇപ്പോഴും നിലനില്ക്കുന്നുവെന്നു മാത്രം! *(അവസാനിച്ചു)*

---

*കൊടുങ്ങല്ലൂർ രാജവംശം..........*

മരിക്കുന്ന സമയം തമ്പുരാൻ, വിഷമിച്ച് കൈകൊണ്ട് 'ഹരി' എന്ന മുദ്ര കാണിക്കുകയുണ്ടായി.

കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ മരണം മലയാള സാഹിത്യത്തിന് ഒരു തീരാനഷ്ടമായിരുന്നു. പ്രശസ്തരും അപ്രശസ്തരുമായ സാഹിത്യകാരന്മാരെല്ലാം ആ വാർത്ത കേട്ടു ദുഃഖാർത്തരായി. അദ്ദേഹത്തെ പരിചയമുള്ള എല്ലാവരും തന്നെ ഞെട്ടലോടെയാണാ വാർത്ത കേട്ടത്.

യാത്രാസൗകര്യം പരിമിതമായ അക്കാലത്ത് കുമ്പള മുതൽ തിരുവനന്തപുരം വരെ യാത്ര ചെയ്ത് പല വിവരങ്ങളും ശേഖരിക്കുകയും പലേ സുഹൃത്തുക്കളേയും സമ്പാദിക്കുകയും ചെയ്ത ഇദ്ദേഹം ഒരസാമാന്യ വ്യക്തിയാണ്. ഏതാണ്ട് നാല്പതു വർഷത്തെ ഊർജ്ജിതമായ പരിശ്രമം കൊണ്ട് വളരെയധികം രചനകൾ നടത്തിയ 'മഹാഭാരതംപോലെ ഒരു ഗ്രന്ഥം, വൃത്താനുവൃത്തം വെറും 374 ദിവസം തർജ്ജ ചെയ്തതോർക്കുമ്പോൾ ആരും വിസ്മയിച്ചുപോകും. ഗിന്നസ് ബുക്ക് അന്നുണ്ടായിരുന്നെങ്കിൽ, നിശ്ചയമായും ഈ മഹാന്റെ നാമം അതിൽ സ്ഥലം പിടിക്കുമായിരുന്നു.

കുഞ്ഞിക്കുട്ടൻതമ്പുരാന്റെ സ്മരണക്കായി, സ്ഥാപിച്ച ഒന്നാം ഗ്രേഡ് കോളേജ്, കൊടുങ്ങല്ലൂർ താലൂക്കിൽ പുല്ലൂറ്റ് എന്ന പ്രദേശത്ത് ഇപ്പോൾ ഗവൺമെന്റ് കോളേജായി നിലനില്ക്കുന്നു. വിശ്വസംസ്കൃതി പ്രതിഷ്ഠാൻ, കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ പേരിൽ, തൃക്കുലശേഖരപുരത്തിന്നടുത്ത് കോട്ടപ്പുറത്ത് കേരളവ്യാസ സംസ്കൃത വിദ്യാപീഠം' എന്ന ഒരു സ്ഥാപനം നടത്തുന്നുണ്ട്. ●

ചിന്ത

# ശിഥില ചിന്തകൾ

കെ.കെ. അശോകൻ

എങ്ങനെ തുടങ്ങണം, എന്ത് എഴുതണം (പറയണം) എന്ന് വ്യക്തമായ ഒരു രൂപരേഖയുമില്ലാതെയാണ് ഈ ഉദ്യമം. ഇപ്പറയുന്ന കാര്യങ്ങൾ ദിവാസ്വപ്നം മാത്രമായിരിക്കാം. എങ്കിലും മനസ്സിൽ പലപ്പോഴായി തോന്നിയ കാര്യങ്ങൾ മറ്റുള്ളവരുമായി പങ്കുവയ്ക്കാമെന്നും ആഗ്രഹിക്കുന്നു.

വളരെ പരിമിതമായ അംഗസംഖ്യയും ഉള്ളവർ തന്നെ പല സ്ഥലങ്ങളിലായി ചിതറിക്കിടക്കുകയും അതിൽത്തന്നെ ഗണ്യമായ ഒരു ഭാഗം ഇപ്പോഴും സംഘടനയിൽ അംഗമല്ലാതിരിക്കുകയും ചെയ്യുന്ന ഒരു അവസ്ഥയിൽ ഇത്തരം ഒരു സംഘടനയ്ക്കും സമുദായാംഗങ്ങളുടെ ക്ഷേമത്തിനും എന്ത് ചെയ്യാൻ കഴിയും എന്നുള്ള ചിന്തകളാണ് ഇതിന് പ്രേരകമായിട്ടുള്ളത്. ഏതൊരു സംഘടനയുടെയും പ്രവർത്തനവിജയം ഒരു പരിധിവരെ അംഗബലത്തേയും സാമ്പത്തികശേഷിയേയും ആശ്രയിച്ചാണ് ഇരിക്കുന്നത്. എന്നാൽ ഇത്തരത്തിലുള്ള അംഗങ്ങളുടെ ആത്മാർത്ഥതയും പ്രവർത്തനസന്മനസ്സും പ്രവർത്തനങ്ങളിലെ സുതാര്യതയും പരമ പ്രധാനമെന്ന കാര്യം വിസ്മരിക്കത്തക്കതല്ല.

നമ്മുടെ സമുദായാംഗങ്ങളിൽ ഉന്നതവിദ്യാഭ്യാസവും സാങ്കേതികവിജ്ഞാനവുമുള്ള പലരും മറ്റുള്ളവർ നടത്തുന്ന സ്ഥാപനങ്ങളിൽ നേതൃസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും സ്വന്തമായി അത്തരം സ്ഥാപനങ്ങൾ നടത്തി വിജയിച്ചവർ വിരളമാണ്. അതിനാൽ, ഉന്നത വിദ്യാഭ്യാസവും സാങ്കേതികജ്ഞാനവുമുള്ള സമുദായാംഗങ്ങളുടെ നേതൃത്വത്തിൽ അത്തരം സംരംഭങ്ങൾ നടത്തുന്ന കാര്യവും അതിൽ യോഗ്യരായ സമുദായാംഗങ്ങൾക്ക് തൊഴിലും പങ്കാളിത്തവും നൽകാൻ ശ്രമിക്കുന്നതും നന്നായിരിക്കും. ഇപ്പോൾ തന്നെ ഇത്തരം സംരംഭങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവർക്കും അവരുടെ സംരംഭത്തിനും മത്സരമില്ലാതെ തന്നെ തല്പരരായ സംഘാംഗങ്ങളുടെ സാമ്പത്തികസഹകരണവും ചിന്താവിഷയമാക്കാവുന്നതാണ്. ഉന്നത സ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നവരും അതിൽനിന്നും വിരമിച്ചവരും പുതുസംരംഭകർക്കും വേണ്ട നിർദ്ദേശങ്ങൾ നൽകുവാൻ സ്വയം സന്നദ്ധരാകേണ്ടതാണ്. കമ്പ്യൂട്ടർ, ഇലക്ട്രോണിക്, വിവരസാങ്കേതികമേഖലകളിൽ ഇത്തരം സംരംഭങ്ങൾക്കും പ്രവർത്തിക്കാനാകും. ക്യാറ്ററിംഗ്, വിവിധതരം അച്ചാറുകൾ, പാക്ക് ചെയ്ത ഭക്ഷണസാധനങ്ങൾ എന്നിവയുടെ നിർമ്മാണവും വിതരണവും തുടങ്ങിയവും അനുയോജ്യ മേഖലകളാണ്.

നമ്മുടെ സമുദായാംഗങ്ങളിൽ പലരും തീർത്ഥാടനം, വിനോദയാത്ര എന്നിവയിൽ വിമുഖരാണ്. സുരക്ഷിതമായ താമസം, പറ്റിയ ഭക്ഷണം, സ്ഥലങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ, യാത്രാസൗകര്യം എന്നിവയാണ് ഇത്തരം കാര്യങ്ങൾക്ക് തടസ്സമായി നിൽക്കുന്നത്. സമുദായാംഗങ്ങളുടെ അധീനതയിലും ഉടമസ്ഥതയിലും പല സ്ഥലങ്ങളിലുമുള്ള വാസയോഗ്യമായ കൊട്ടാരങ്ങളും കോവിലകങ്ങളും ഇത്തരം ആവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തി സമുദായാംഗങ്ങളുടെ കൂട്ടായ്മക്ക് അവസരം ഒരുക്കുന്നതിനെക്കുറിച്ച് ചിന്തിക്കാവുന്നതാണ്.

നമ്മുടെ സമുദായാംഗങ്ങളിൽ പലരും സെക്രട്ടേറിയറ്റ് കളക്ടറേറ്റ് മറ്റു സർക്കാർ/പൊതുസ്ഥാപനങ്ങൾ എന്നിവയിൽ ജോലി ചെയ്യുന്നവരുണ്ട്. അത്തരം സ്ഥാപനങ്ങളിൽ നമ്മുടെ സമുദായാംഗങ്ങൾക്ക് പല ആവശ്യങ്ങളും നടത്തേണ്ടതായിട്ടുണ്ടാകും. ഇത്തരം ആവശ്യങ്ങൾക്കും യൂണിറ്റുകൾ കേന്ദ്രീകരിച്ച് പബ്ലിക് റിലേഷൻസ് ആരംഭിക്കുന്നത് നന്നായിരിക്കും.

കൂട്ടുകുടുംബ വ്യവസ്ഥിതിയുടെ തിരോധാനവും അണുകുടുംബങ്ങളുടെ ആവിർഭാവവും മക്കൾ ജോലി സംബന്ധമായോ മറ്റു കാരണങ്ങളാലോ അന്യസ്ഥലങ്ങളിലാകകൊണ്ടും പ്രായമായ മാതാപിതാക്കൾ ഒറ്റപ്പെട്ടു താമസിക്കുന്ന കാഴ്ച സാധാരണയാണ്. ഇങ്ങിനെ ഒറ്റപ്പെട്ട് ജീവിക്കുന്നവർക്കും സഹായമായി 'ഹോം നേഴ്സിംഗ്' സർവീസ് ലഭ്യമാണെങ്കിലും നമ്മുടെ സംസ്ക്കാരത്തിന്റെ ഭാഗമായ യാഥാസ്ഥിതികത്വം മൂലം അത്തരം സർവ്വീസുകൾ പ്രയോജനപ്പെടുന്നതിൽ പൊതുവെ തല്പരരല്ല. ഇങ്ങിനെ ഒറ്റപ്പെട്ടു താമസിക്കുന്നവരുടെ സഹായത്തിന് നമ്മുടെ സമുദായാംഗങ്ങൾ തയ്യാറാണെങ്കിൽ അങ്ങിനെ സേവനസന്നദ്ധരായവരുടെ ഒരു സർവ്വെ നടത്തുന്ന കാര്യവും ആലോചിക്കേണ്ടതാണ്. •

# ഒറ്റ ശ്ലോകങ്ങൾ

**പി.കെ. കുഞ്ഞിയനുജത്തി തമ്പുരാട്ടി**
അമ്പാടി കോവിലകം

1. ലീലാരസാസ്വാദ്യത കൊണ്ടു പാരി-
നെന്നെന്നുമുള്ളം വിരിയിക്കുവാനും
വിചാരശീലർക്കകതാരിലോരോ-
വിശുദ്ധ ചിന്താഗതിയൂറുവാനും
2. ലീലാരസാസ്വാദവിലോലനുണ്ണി
വെൺപട്ടിൽ വാർമെയ്യുടലാകെ മൂടി
എന്തൊക്കെയൊ മട്ടിൽ നടിച്ചു പേടി-
പ്പെടുത്തിടും മായയിലെന്നപോലെ
3. ലോകത്തെയൊട്ടാകെയനുഗ്രഹിപ്പാൻ
അലിഞ്ഞുമിന്നും യദുനാഥനല്ലി
കൃതജ്ഞതാലേശമിയന്നപുണ്യ-
ശരീരികൾക്കാശ്രയനീയനെന്നും
4. എന്നുണ്ണി നീയെവിടെ നിന്നു വരുന്നു കുഞ്ഞെ?
അയ്യേയിതെന്തു കരിതേച്ചിതു മേനിയെല്ലാം
അല്ലെ, കുറൂരിൽ ജനനീ നികടത്തിലെന്തു-
പൊല്ലാപ്പു കാട്ടിയതു ചൊൽകമടിച്ചീടേണ്ട
5. കരിമിഴികളിൽ നീ, രങ്ങുർന്നൊലിക്കുന്നതെന്തെ?
പടുവികൃതികളെല്ലാം ഗോപികൾ ചൊല്ലിയിട്ടോ
ഉടനെ വടിയെടുത്തങ്ങമ്മതച്ചോ കഥിക്കൂ
അഖിലഭുവനനാഥൻ നിന്റെ കള്ളത്തമെന്നോ?
6. എന്തിന്നുണ്ണിപതുങ്ങി വന്നു മുനി തൻ
ചെയ്യുന്നപൂജാദിയിൽ
സന്തോഷം ചെറുതും പെടാതെയരിശം കൊ-
ള്ളുന്നിതോ മാനസെ
എന്താ പാണികൾ ചൂണ്ടി മുനിയെ കാട്ടി-
ത്തരാമെന്നതോ?
ചെന്താർനേത്ര നിവേദ്യമങ്ങഖിലവും ഭക്ഷിച്ച
തെന്നോർപ്പു ഞാൻ
7. കണ്ണാ! കണ്ണു തുറക്കവെ, ജനനിയെക്കാണാ-
യ്കയാൽ, വെമ്പലാൽ
ചുണ്ടൊന്നങ്ങു പിളർത്തി, നേത്രമതിലായശ്രു-
ക്കൾ വിങ്ങുന്നുവൊ?
ഉണ്ണീ ചെല്ലുകമച്ചിലേക്കു കരയാതെന്നോമനെ
തൈർകടഞ്ഞീടും-
നാദമതിങ്ങു കേൾപ്പു, വഴുതീടൊല്ലെ നട
നടക്കുമ്പൊൾ നീ.
ഉണ്ണീ പോയങ്ങൊളിക്കൂ പശുപ യുവതി-
മാർ വന്നു നിന്നമ്മയോടായ്
ഓരോരേഷണി ചൊല്ലി വന്നു വഷ ളായ്ത്തീരു
-ന്നതിൽ മുന്നമെ
അല്ലാ നീ ജനനിയ്ക്കടുത്തുമരുവീടുന്നാകിലെ
ല്ലാരൊടും
നല്ലോണം ചൊടിയോടെ, ചൊല്ലുക സമാധാ-
നം മടിക്കാതെ നീ
9. കുട്ടാ കൺകെട്ടു കാട്ടിപ്പലവിധമിവളിൽ
മോഹജാലം വളർത്തി
കയ്പാംതിക്തം കഷായം കുടുകുടെയധികം-
മോന്തിമോന്തിക്കുടിപ്പൂ
മത്തോന്മാദസുധാരസം സുമധുരം തൃക്കൈ-
യ്യിൽ മേവുന്നൊരാ-
കണ്ണൻതൻ മൃദുഹാസമെന്നിലരുളീടേ-
ണം, മദിക്കട്ടെ ഞാൻ
10.അല്ലെ കണ്ണ! ഗമിച്ചിടേണ്ട, ബലനില്ലാതെ-
വനാന്തങ്ങളിൽ
ചെല്ലും നീയമുനാജലത്തിലതു, ചെയ്യില്ലെ-
ന്നു, ചൊല്ലേണ്ട നീ
അയ്യൊ കാളിയനെന്റെ കുട്ടനുടലിൽ ചുറ്റി-
പ്പിടിച്ചെങ്കിൽ ഹാ
വയ്യെ മേലിൽ നിനപ്പതിന്നു, കനിവോടെന്നുണ്ണി
പോകേണ്ട നീ
11.ഹാ, ഹാ യിദ്ധിമിതം, ദ്ധിതം ചുവടുകൾ പായു-
ന്നു നീളത്തിലായ്
ആടുന്നൂ ഹരിമാല, പീലികൾ, കളം, നാദത്തൊ
ടൊത്തും മുദാ
തൂകുന്നു ഗഗനത്തിൽ ദേവകളാസൂന
ങ്ങൾ നിന്മൗലിയിൽ
പാടുന്നപ്സരസംഘമാത്തകുതുകം കോ-
ലാഹലം വാനിലും

നൊസ്റ്റാൾജിയ

## എന്റെ ഗ്രാമം ~ 13

# ശിവരാമൻ

**കെ. ഹരികൃഷ്ണ വർമ്മ**

ചെറുകിട വ്യാപാരങ്ങൾ ചെയ്തു ഉപജീവനം കഴിക്കുന്ന കുറച്ചു മനുഷ്യർ ഏതു ഗ്രാമത്തിലും ഉണ്ടാകും. കുപ്പി, പാട്ട, ചാക്ക് മുതലായ ആക്രി സാധനങ്ങൾ പെറുക്കി വിറ്റ് ജീവിക്കുന്നവരും പൊതുനിരത്തിനരികിൽ വിൽപ്പനയ്ക്കായി ഇളനീർ സംഭരിക്കുന്നതിനുവേണ്ടി സഞ്ചരിക്കുന്നവരും ഉറക്കെ കൂവിക്കൊണ്ട് സൈക്കിളിൽ മത്സ്യവിൽപ്പന നടത്തുന്നവരും വൃക്ഷങ്ങൾ അന്വേഷിച്ചു അലയുന്ന മരക്കച്ചവടക്കാരുടെ പ്രതിനിധികളും എല്ലാം ഗ്രാമങ്ങളിലെ പതിവു കാഴ്ചകളാണ്. പകലന്തിയോളം വ്യാപാരം ചെയ്യുന്ന ഇവർക്കു ലഭിക്കുന്നത് ഒരു സാധാരണ തൊഴിലാളിയുടെ ദിവസക്കൂലിക്കു തുല്യമായ തുക മാത്രമാണെന്ന് നമ്മളോർക്കാറില്ല ഒപ്പം അവരും ഓർക്കാറില്ല. ഒരു വ്യാപാരം തരമാകണമെങ്കിൽ വീട്ടുകാരുടെ വിശ്വാസം നേടിയെടുക്കുക എന്നതാണ് പ്രധാനമെന്ന് ഇത്തരം കച്ചവടക്കാർക്കു നന്നായറിയാം. അടുക്കളഭാഗത്തു നിൽക്കുന്ന വെണ്ടയിലെ പുഴുശല്യം മാറ്റുന്നതിനുള്ള വിദ്യയും വാഴക്കുലകൾക്കു വലിപ്പം വെയ്ക്കാനുള്ള പൊടിക്കൈകളും ഒക്കെ അവരിൽ പലരും മനസ്സിൽ വെച്ചിരിക്കും. വിശ്വാസം കൂടുമ്പോൾ കച്ചവടക്കാരന്റെ ലാഭവും അൽപ്പം ഉയരും. കിട്ടുന്ന തുകയിൽ ഒരു വിഹിതം വട്ടച്ചെലവിനും മറ്റൊരു വിഹിതം 'വീരഭദ്രനും' ചെറിയൊരു വിഹിതം വീട്ടിലേക്കും നീക്കി വെച്ചുകഴിഞ്ഞാൽ പിന്നെ അവരുടെ മനസ്സു ശുദ്ധവും നിർമ്മലവും ആയി മാറുകയാണ് പിറ്റേന്നു ജോലി ആരംഭിക്കുന്നതു വരെ. ഇത്തരം വ്യാപാരങ്ങൾ നടത്തിയിരുന്ന ഒരു ചെറുപ്പക്കാരനായിരുന്നു ശിവരാമൻ. മറ്റു പലരിൽ നിന്നും വ്യത്യസ്തനായി തിരുവിവിഴയുടെ പുത്രൻ തന്നെ ആയിരുന്നു ശിവരാമൻ. മെലിഞ്ഞ ശരീരവും നല്ല ഉയരവും മുതുകിനു ഒരു ചെറിയ കൂനും മുഷിഞ്ഞ മുറിക്കയ്യൻ ബനിയനും മുഷിഞ്ഞ മുണ്ടും ഒരു തോർത്തും ആയി പകൽസമയത്തു വീടുകളിലും ഇടവഴികളിലും ശിവരാമൻ സഞ്ചരിക്കും. ശിവരാമന്റെ വ്യാപാരപർവ്വം ആരംഭിക്കുന്നതിനു കുറച്ചുകാലം മുൻപു വരെ നാട്ടിൽ മനുഷ്യപ്രയത്നം ആവശ്യമായ മരച്ചക്കുകൾ പ്രവർത്തിച്ചിരുന്നു. അവയുടെ പ്രവർത്തനത്തെ സംബന്ധിച്ചു മുൻപൊരദ്ധ്യായത്തിൽ വിശദമായി വിവരിച്ചിട്ടുണ്ട്. എണ്ണയാട്ടു യന്ത്രങ്ങൾ പ്രചരിച്ചപ്പോൾ സ്വാഭാവികമായും മരച്ചക്കുകൾക്കും അതുകൊണ്ട് ഉപജീവനം കഴിച്ചിരുന്നവർക്കും ജോലി ഇല്ലാതായി. മരച്ചക്കുകൾ വാതപ്പനി ബാധിച്ചവരെപ്പോലെ പുതച്ചുമൂടി ഇവരുടെ മുറ്റത്തു ഇരിപ്പും ആരംഭിച്ചു. 'ശേഷം ചിന്ത്യം'എന്നെഴുതിവെച്ചിരുന്ന ഒരു തലയോടിന്റെ കഥ കുഞ്ഞുനാളുകളിൽ അമ്മൂമ്മ പറഞ്ഞു തന്നിട്ടുണ്ട്. മരച്ചക്കുകൾക്കും പിന്നീടു സംഭവിച്ച അന്ത്യം ആലോചിച്ചാൽ അതിന്മേലെല്ലാം 'ശേഷം ചിന്ത്യം' എന്നെഴുതിയിട്ടുണ്ടായിരുന്നോ എന്നു അതിശയിച്ചുപോകും. തലമുറകളോളം തുടർച്ചയായ പ്രവർത്തനവും പഴക്കവുമുണ്ടായിരുന്ന മരച്ചക്കുകളുടെ ചക്കും കണയും വെളിച്ചെണ്ണയുമായി നിരന്തര സമ്പർക്കത്തിൽ ആയിരുന്നതിനാൽ എണ്ണയുടെ അംശം ഈ തടികളിൽ ധാരാളമായി ഉണ്ടായിരുന്നു. ഈ എണ്ണ വേർതിരിച്ചെടുത്താൽ ഔഷധമാണെന്നൊരു വാർത്ത നാട്ടിൽ പ്രചരിച്ചതോടെ മരച്ചക്കുകളുടെ കഷ്ടകാലവും ആരംഭിച്ചു. പൊട്ടിയ ഓട്ടുരുളി പണയം വെച്ച മാതിരി വീട്ടുമുറ്റത്തു പുതച്ചു മൂടിയിരിക്കുന്ന ചക്കുകളെ കിട്ടിയ വിലക്കു വിറ്റ് ഒഴിവാക്കാൻ വീട്ടുകാർ മുന്നോട്ടു വന്നുതുടങ്ങി. ശിവരാമൻ ഇത്തരം ചക്കുകൾ ഓരോന്നായി വിലക്കു വാങ്ങും. ഈ ചക്കുകളെ ചെറിയ കഷണങ്ങളായി വെട്ടിക്കീറും. എന്നിട്ടു ആവി കയറ്റുമ്പോൾ എണ്ണയുടെ അംശം പുറത്തേക്കു വരുമെന്നാണ് അദ്ദേഹം പറയാറ്. സത്യം ശിവരാമനു മാത്രം അറിയാം. ഈ എണ്ണ വിറ്റ് കുറച്ചൊക്കെ ലാഭം ഉണ്ടാക്കിക്കൊണ്ടിരുന്നപ്പോഴും അയാൾ അതിനായി ഒരുപാടു കഠിനാദ്ധ്വാനം ചെയ്യുന്നുണ്ടായിരുന്നു. അചിരേണ ഒരു തൊഴിൽ സംസ്ക്കാരത്തിന്റെ ഭാഗമായിരുന്ന പുരാവസ്തുക്കൾ ഒന്നൊന്നായി ആവിയായും വിറകായും ചാരമായും വളമായും പ്രകൃതിയിൽ അലിഞ്ഞുചേർന്നു.

മരച്ചക്കുകളുടെ തിരോധാനത്തോടെ ശിവരാമൻ പച്ചമരുന്നു

വ്യാപാരത്തിലേക്കു ശ്രദ്ധ തിരിച്ചു. കൂവയും കുറുന്തോട്ടിയും പൈനും കാഞ്ഞിരക്കായയും മറ്റുമായി മേഖലകൾ. വ്യാപാരം നടത്തുക എന്നതല്ലാതെ അതിൽ നിന്നുള്ള വരുമാനം ആകർഷകമാണോ അല്ലയോ എന്നൊന്നും ശിവരാമൻ ചിന്തിക്കാറില്ല. ഒരു കുളത്തിന്റെ ചുറ്റും പിടിച്ചു നിൽക്കുന്ന കൂവച്ചെടികളിൽ നിന്നും എത്ര കിഴങ്ങു ലഭിക്കുമെന്നും അത് പറിച്ചെടുക്കാൻ എത്ര അദ്ധ്വാനം വേണ്ടിവരുമെന്നും അങ്ങനെ പറിച്ചെടുത്ത കൂവ അങ്ങാടിയിലെത്തിക്കുമ്പോൾ എന്തു വില ലഭിക്കുമെന്നും മറ്റു കണക്കുകൂട്ടാൻ ശിവരാമനു വശമില്ല. എന്റെ സുഹൃത്തായ ഗോപാലകൃഷ്ണന്റെ വീട്ടിലെ കുളക്കടവിൽ നിൽക്കുന്ന കൂവയ്ക്ക് ശിവരാമൻ വന്നു ഇരുപത്തി അഞ്ചു രൂപ വില പറഞ്ഞു. മുപ്പതു വർഷം മുൻപാണെന്നു കൂടി ഓർക്കണം. പത്തുറുപ്പികപോലും കിട്ടാൻ സാദ്ധ്യത ഇല്ലാത്ത ചരക്കിനു ഈ വില പറഞ്ഞപ്പോൾ ഗോപാലകൃഷ്ണൻ ചിരിച്ചുപോയി. തമ്മിൽ കരാറായ നിലക്കു താമസംവിനാ വ്യാപാരി ജോലിയും ആരംഭിച്ചു. രാവിലെ ഒൻപതു മണി മുതൽ ഉച്ച കഴിഞ്ഞു നാലുമണിവരെ പാവം നിരന്തരമായി അദ്ധ്വാനിച്ചു ഒരു കുട്ടയോളം കിഴങ്ങുകൾ സംഭരിച്ചു. മുഷിഞ്ഞ മുണ്ടിന്റെ മടിക്കുത്തിൽ നിന്നും ഇരുപത്തിഅഞ്ചുറുപ്പിക നുള്ളിയെടുത്ത് ഗോപാലകൃഷ്ണനു കൊടുത്തു. ഗോപാലകൃഷ്ണൻ പതിനഞ്ചു രൂപ തിരികെ കൊടുത്തപ്പോൾ വ്യാപാരിയുടെ മുഖത്തുണ്ടായ അന്ധാളിപ്പ് കാണേണ്ടതായിരുന്നു.

മുൻപൊരിക്കൽ പറഞ്ഞ മാതിരി ചെറുപ്പകാലത്തു എല്ലാ ദിവസവും വൈകിട്ട് ദീപാരാധനക്കു തിരുവിഴേശനെ തൊഴുതു കഴിഞ്ഞാൽ എട്ടരക്കു അത്താഴശ്ശീവേലി വരെ ഞങ്ങൾ നാലഞ്ചുപേർ അമ്പലപ്പറമ്പിൽ വർത്തമാനം പറഞ്ഞിരിക്കും. പരദൂഷണങ്ങളും നാട്ടുവർത്തമാനങ്ങളും തീരുകപതിവില്ലല്ലോ. അത്യപൂർവമായി ശിവരാമനും വന്നിരിക്കും ഒരു മാറ്റത്തിനുവേണ്ടി മാത്രം. അങ്ങനെ ഇരുന്ന ഒരു ദിവസം ശിവരാമൻ കഞ്ചാവു വലിച്ച കഥ വിവരിക്കുകയുണ്ടായി.

കച്ചവടത്തിന് അക്കരെ (കോട്ടയം ഭാഗം) പോയപ്പോഴാണു കുറച്ചു കഞ്ചാവു കിട്ടിയത്. വൈകിട്ടു വീട്ടിൽ വന്നു മുറി അടച്ചിട്ട് ഒരു ബീഡി അഴിച്ച് അതിലുള്ള ചുക്ക കളഞ്ഞിട്ടു കഞ്ചാവു വെച്ചു തെറുത്തു കത്തിച്ചു വലി തുടങ്ങി.

''പിന്നെ നമുക്കു വലിയ സന്തോഷമാണ്. നമ്മൾ സ്വർഗ്ഗത്തിൽ പറന്നു നടക്കും. വലിയ വെളിച്ചങ്ങളും വലിയ വെള്ളി ഗോളങ്ങളും നമുക്കു ചുറ്റും പറന്നു നടക്കും. നമ്മൾ തുടർച്ചയായി ഒഴുകിക്കൊണ്ടേ ഇരിക്കും.''

വീട്ടുകാരുടെ റിപ്പോർട്ടും ശിവരാമൻ തന്നെ തന്നു. കഥാനായകൻ വെറും നിലത്തു കിടന്നു വട്ടം കറങ്ങുകയും ഭിത്തിയിൽ മാന്തുകയും ചവിട്ടുകയും 'വെള്ളം തായോ..' എന്നലറിക്കരയുകയുമായിരുന്നത്രെ. രണ്ടുപേർ മുറുകെ പിടിച്ചുകൊണ്ട് മൂന്നാമത്തെ ആൾ ഒരു തൂക്ക് (രണ്ടു കുടം) വെള്ളം വായിൽ ഒഴിച്ചു കൊടുത്തു. ഈ വെള്ളമൊക്കെ എങ്ങോട്ടു പോയി എന്നു കാണികൾ മൂക്കത്തു വിരൽവെച്ചു.

മാങ്ങയുടെ കാലമായാൽ ശിവരാമൻ മാങ്ങാക്കച്ചവടം ആരംഭിക്കും. പാവത്താനും നിഷ്കളങ്കനും രസികനുമായിരുന്നതിനാൽ ഒരുവിധപ്പെട്ട വീടുകളിലൊക്കെ ശിവരാമനു സ്വാതന്ത്ര്യമാണ്. മാവിൽ കയറാൻ ഒരു ശിങ്കിടിയും ഉണ്ടാകും കൂടെ. കണ്ണിമാങ്ങയായും കടുമാങ്ങക്കുള്ള മാങ്ങയായും വിളഞ്ഞ മാങ്ങയായും ഒക്കെ വിൽപ്പന നടത്തും തകൃതിയായി. പല ദിവസങ്ങളിലും പത്തും ഇരുപത്തി അഞ്ചും കടം വാങ്ങിയാണു വൈകിട്ടു വീട്ടിൽ പോകുന്നത്. നിഷ്കളങ്കമായ ചിരി അപ്പോഴും ആ മുഖത്തുണ്ടായിരിക്കും. വ്യാപാരത്തിലെ നഷ്ടങ്ങളും ചിരിക്കൊരവസരം പോലെയാണ് അയാൾ കണക്കാക്കിയിരുന്നത്.

ഏതു തമാശയും ഏറ്റവും ആസ്വാദ്യമാകുന്നത് അതിന്റെ പദപ്രയോഗമിതത്വ (brevity)ത്തിലാണ്. സ്വതവെ തമാശക്കാരനായിരുന്ന ശിവരാമന്റെ ജീവിതവും ആസ്വാദ്യമായ ഫലിതം പോലെ കൃശവും മിതവുമായിരുന്നു. ●



REACT-ൽ നിന്നുള്ള ചികിത്സ ധനസഹായം ശ്രീ. വിജയകുമാരവർമ്മ, മണ്ടൂർ, കരിവെള്ളൂർ യൂണിറ്റ് എന്നയാൾക്ക് സംസ്ഥാന പ്രസിഡന്റ് ശ്രീ. കെ.സി. മാനവർമ്മരാജ കൈമാറുന്നു. യൂണിറ്റ് പ്രസിഡന്റ് എൻ.പി. കൃഷ്ണൻ ഉണിത്തിരി സെക്രട്ടറി ടി.എം. ശ്രീകുമാർ എന്നിവർ സമീപം.

# പുസ്തകജാലകം



## പി. സുഭാഷ്കുമാർ വർമ്മ

### അമ്പാടിക്കവിതകൾ
**പി.കെ. കുഞ്ഞി അനുജത്തി തമ്പുരാട്ടി**
**വില : ₹ 30**
**പ്രസാ: ഇ.ഡി. ക്ലബ്, സാമൂതിരി ഗുരുവായൂരപ്പൻ കോളേജ്, കോഴിക്കോട് – 14**



അമ്പാടിക്കോവിലകം ശ്രീമതി. പി. കെ. കുഞ്ഞി അനുജത്തി തമ്പുരാട്ടി രചിച്ച കവിതകൾ. സാമൂതിരി കോവിലകത്തെ മുതിർന്ന വനിതാ അംഗമാണ് അമ്പാടിക്കോവിലകം എന്ന സ്ഥാനപ്പേരിൽ അറിയപ്പെടുന്നത്. ഭക്തിഭാവം തുളുമ്പുന്ന പതിനാലു കൃതികളാണ് ഇതിലുൾപ്പെടുത്തിയിട്ടുള്ളത്. സംസ്കൃത രചനയായ ഗോവിന്ദാഷ്ടകവും ഭക്തിരസസ്ഫുരണാത്മകമായ മഞ്ജരി വൃത്തത്തിലെഴുതിയ മൂകാംബികാസ്തുതിയും ഇതിൽപ്പെടുന്നു. ഭാഷയും സംസ്കൃതവും ഇടകലർന്ന മണിപ്രവാള ശൈലിയാണ് പ്രായേണ ഉപയോഗിച്ചു കാണുന്നത്. പാരമ്പര്യത്തിന്റെ ചിട്ടവട്ടങ്ങൾക്കനുസരിച്ച് ഗണേശസ്തുതിയും തുടർന്ന് പരദേവതാസ്തുതിയുമാണ് തുടക്കത്തിൽ. ശ്രീമതി അമ്പാടിക്കോവിലകത്തിന്റെ ഭക്തി പ്രകടനപരമല്ല. പരമ്പരാഗതശൈലി തന്നെ യാണ് സ്തുതികൾക്ക് സ്വീകരിച്ചിരിക്കുന്നതെങ്കിലും സൂക്ഷ്മവായനയിൽ കൈകൂപ്പി പരിസരം മറന്ന് ഭജിക്കുന്ന ഒരു ഭക്തയെയാണ് ഈ കവിതകളിൽ കാണാനാവുന്നത്. ഒരു ഭക്തൻ അവന്റെ കൈയിലുള്ളതെന്തോ അതാണ് ഭഗവാനു സമർപ്പിക്കുന്നത്. ഇവിടെ തമ്പുരാട്ടി തനിക്ക് ഏറ്റവും എളുപ്പം നൽകാൻ എപ്പോഴും കൈവശമുള്ള വാക്കുകൾ കോർത്ത് കവിതകളാക്കി ഭഗവാനു സമർപ്പിക്കുന്നു. എല്ലാം കൃഷ്ണമയമാണ് ഈ അമ്മയ്ക്ക്. എന്നാൽ വെറും ജല്പനമല്ല. സിദ്ധിയും അതിനൊത്ത സാധനയും തെളിഞ്ഞുകാണുന്നവയാണ് ഇതിലെ കൃതികൾ. സമസ്യാപൂരണവും, ശ്രീകൃഷ്ണസ്തുതിയും വേട്ടക്കരസ്തവവും വായിക്കുന്നവർക്ക് അയത്നലളിതമായി പ്രവഹിക്കുന്ന സരസ്വതീകടാക്ഷം അനുഭവവേദ്യമാകും.

### എന്റെ കുട്ടിക്കവിതകൾ
**ആതിരാവർമ**

ഏഴാം സ്റ്റാൻഡേർഡിൽ പഠിക്കുന്ന ആതിരാവർമ്മയുടെ മുപ്പത്തിഅഞ്ചു ചെറുകവിതകളാണ് ഈ സമാഹാരത്തിൽ. 'എന്റെ കവിതാരചനാഘട്ടങ്ങൾ' എന്ന കവിത തന്റെ കവിതകളുടെ പിറവിയെക്കുറിച്ച് ആതിര തന്നെ നൽകുന്ന മുഖവുരയാണ്. സമാഹാരത്തിൽ ആദ്യം തന്നെ നൽകേണ്ട ഈ വരികൾ മുപ്പത്തിരണ്ടാമതായാണ് ചേർത്തു കാണുന്നത്. ആതിര പറയുന്നതുപോലെ തനിക്കു ചുറ്റും കണ്ടതും നടന്നതുമായ കാര്യങ്ങൾ കുറിക്കുകയാണ് ഈ കവിതകളിലൂടെ. എഴുതാൻ ആഗ്രഹിക്കുന്ന കുട്ടികൾ ആദ്യം ചെയ്യേണ്ട തെന്തോ അതു തന്നെയാണ് ആതിരയും ചെയ്തിട്ടുള്ളത്. ചുറ്റും കണ്ടതിനെ വർണിക്കുകയും ഉള്ളിൽ തോന്നിയതിനെ പ്രകടിപ്പിക്കുകയും കൂട്ടിച്ചേർത്തു പറയേണ്ടതിനെ അങ്ങിനെ ചെയ്യുകയും ചെയ്യാനാണ് ശ്രമിച്ചിട്ടുള്ളത്. ഭാഷാസ്വാധീനവും സാങ്കേതികമികവും ഇപ്പോൾ അളക്കേണ്ടതില്ല. തുറന്ന കണ്ണുകളുമായി ഒരു കൊച്ചുകൂട്ടുകാരി അക്ഷരലോകത്തേക്ക് കടന്നുവന്നതായി കണക്കാക്കിയാൽ മതി. മിന്നാമിനുങ്ങ്, പൂച്ച, പൂക്കൾ, എന്റെ പാവക്കുട്ടി, ഉത്സവപ്പറമ്പ് തുടങ്ങിയവ വർണ്ണനാസ്വഭാവം കാണിക്കുമ്പോൾ ഒരു പുഴയുടെ വിധി, വായനാ മഹത്വം, ജലം അമൂല്യം തുടങ്ങിയവ ഉദ്ബോധനസ്വഭാവം പ്രകടിപ്പിക്കുന്നു. പ്രൊഫസർ അമ്പലപ്പുഴ രാമവർമ്മയുടെ ഉദാരമായ സൗമനസ്യത്തോടെയുള്ള അവതാരികയുമായി സ്വകാര്യവിതരണത്തിനായി അച്ചടിച്ച കവിതാസമാഹാരമാണിത്.



### കുടമാറ്റം (കവിതകൾ)
**ലളിത കെ. വർമ്മ**
**വില : ₹45**
**പ്രതിഭാബുക്സ്, മാവേലിക്കര – 6**

മുപ്പത്തിയാറു കവിതകളുടെ ഒരു സമാഹാരമാണ് 'കുടമാറ്റം.' വണ്ണാത്തിപ്പുഴ, ഓണമേ വന്നാലും, മഴക്കാലം, തിരുവാതിര, ആവണിപ്പാടം തുടങ്ങിയ ഗൃഹാതുര സ്മരണകളിഴ ചേർത്ത കവിതകളും കുടമാറ്റം, നോട്ടം, ഒളിച്ചിരിപ്പ് തുടങ്ങി കാല്പനികസ്വഭാവമുള്ള കവിതകളും ഇതിലുണ്ട്. തത്വചിന്താപരമായ സമീപനം സ്വീകരിച്ചിട്ടുള്ളവയും കാണാം. ഉദാ: മനസ്സ്, സത്യത്തിന്റെ മുഖം. സാന്നിദ്ധ്യം കൊണ്ടും അഭാവം കൊണ്ടും പ്രകൃതി കവയിത്രിയിൽ സൃഷ്ടിക്കുന്ന വിവിധ തരത്തിലുള്ള പ്രതികരണങ്ങളാണ് മിക്ക കവിതകളിലും പ്രചോദകമായി കാണുന്നത്. അതല്ലാതെയുമുണ്ട്. കവയിത്രിയുടെ പ്രസിദ്ധീകൃതമാക്കുന്ന രണ്ടാമത്തെ കവിതാ സമാഹാരമാണിത്. ആദ്യത്തെ കവിതാസമാഹാരം 'മഴപ്പൂവുകൾ'.



### ഞാൻ കണ്ട ബഹ്റിൻ
**(യാത്രാവിവരണം)**
**പി. കേരളവർമ്മ തിരുമുല്പ്പാട്**
**വില : ₹ 50**

ചരിത്രം, പഠനം, കവിത ഗദ്യം തുടങ്ങിയ വിവിധ വിഭാഗങ്ങളിൽ ഇതിനകം രചന നടത്തിയിട്ടുള്ള പി. കേരളവർമ്മ തിരുമുൽപ്പാടിന്റെ യാത്രാവിവരണഗ്രന്ഥമാണ് ഞാൻ കണ്ട ബഹ്റൈൻ. 1999 -2000 വർഷങ്ങളിൽ സഹധർമ്മിണിയുമൊത്ത് നടത്തിയ ബഹ്റൈൻ സഞ്ചാരത്തിൽ നിന്നാണ് ഈ കൃതിയുടെ പിറവി.



ബഹ്റൈനിൽ നിന്നു തിരിച്ചെത്തുംമുമ്പായി ദിവംഗതയായ സഹധർമ്മിണിക്ക് സമർപ്പിച്ചിരിക്കുകയാണ് ഈ ഗ്രന്ഥം. ബഹ്റൈന്റെ പൂർവ്വകാലസ്ഥിതിയേയും വർത്തമാനകാലസ്ഥിതിയേയും പരിവർത്തനത്തെയും കുറിച്ച് വിശദമായി പരാമർശിക്കുന്നുണ്ട്. വിവരണത്തിനിടയ്ക്കുതന്നെ ശ്രദ്ധാപൂർവം നിരീക്ഷണവും നടത്തുന്നുണ്ട്. ഒരേ സമയം വിജ്ഞാനഗ്രന്ഥമായും കൈപ്പുസ്തകമായും ഇതിനെ പ്രയോജനപ്പെടുത്താവുന്നതാണ്.

# വളരുന്ന പ്രതിഭകൾ

**വി.ആർ. സിതാര.**



തിരുപ്പതി ശ്രീ വെങ്കിടേശ്വര യൂണിവേഴ്സിറ്റിയിൽ നിന്നും മനഃശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ വി.ആർ. സിതാര. കൊരട്ടി സ്വരൂപം വിക്രമൻ–രമണി ദമ്പതികളുടെ മകളും കോതക്കുറിശ്ശി മൂലയിൽ പി.എം. രമേഷിന്റെ ഭാര്യയുമാണ്.

**സൂര്യ എസ്. വർമ്മ**

എസ്. എസ്. എൽ.സി.യ്ക്ക് തൃപ്പൂണിത്തുറ ചിന്മയ വിദ്യാലയത്തിൽ നിന്നും എല്ലാ വിഷയങ്ങൾക്കും A+ നേടി വിജയിച്ചിരിക്കുന്നു. തൃപ്പൂണിത്തുറ കോയിക്കൽ മഠത്തിൽ ശ്രീകുമാർ വർമ്മയുടെയും ലതാരവിയുടെയും മകളാണ് സൂര്യ എസ്. വർമ്മ.



**ജ്യോതിർമയിക്ക് ഭാഷാശാസ്ത്രത്തിൽ ഡോക്ടറേറ്റ്**



മാങ്കാവ് കോവിലകത്ത് ജ്യോതിർമയിക്ക് ഭാഷാശാസ്ത്രത്തിൽ ഡോക്ടറേറ്റ് ലഭിച്ചു. 'Indian Theories of Meaning with Special Stress on Bharthruhari and chromsky' എന്ന പ്രബന്ധത്തിനാണ് ഡോക്ടറേറ്റ് ലഭിച്ചത്. മാങ്കാവ് കോവിലകത്ത് പി.സി. ശ്രീദേവി തമ്പുരാട്ടിയുടെയും അന്തരിച്ച ശങ്കരൻനമ്പൂതിരിയുടെയും മകളാണ് ജ്യോതിർമയി. ബാംഗ്ലൂരിൽ മൗണ്ട്കാർമൽ ഡിഗ്രി കോളേജിൽ അദ്ധ്യാപികയാണ്. ഭർത്താവ് വെള്ളാങ്ങല്ലൂർ മഠത്തിൽ കോവിലകത്ത് കൃഷ്ണകുമാർ.

## കല്ലേറ്



അലക്ഷ്യമായി കല്ലുകൾ എറിയുന്നത്
അവന് ഇഷ്ടമായിരുന്നു
ഒരിക്കൽ അവനെറിഞ്ഞ കല്ല്
അവനോട് വിളിച്ചു ചോദിച്ചു
"എന്തിനാണ് എന്നെ നീ ബുദ്ധിമുട്ടിക്കുന്നത്?
എനിക്കൊരു ലക്ഷ്യം നീ കാണിച്ചുതരിക"
അവൻ ചിരിച്ചുകൊണ്ട്
തിരികെ വിളിച്ചു പറഞ്ഞു
നിന്റെ ലക്ഷ്യങ്ങൾ തെറ്റിക്കുകയാണ്
എന്റെ ദൗത്യം.

## ബുദ്ധൻ

തട്ടിൻ പുറത്ത് വെച്ച് എലിയും
പൂച്ചയും കണ്ടുമുട്ടി
എലി പൂച്ചയോട് ചോദിച്ചു
എന്നെ കണ്ടിട്ട് നിനക്ക്
കൊല്ലാൻ തോന്നുന്നുണ്ടോ?
പൂച്ച പറഞ്ഞു, "ഇല്ല"
ഇതുകേട്ട എലി പറഞ്ഞു
"എന്നാൽ ഇനി മുതൽ ഞാൻ എലിയല്ല
നീ പൂച്ചയും."

## ഗായകൻ

കുയിൽ പാടിക്കൊണ്ടിരിക്കുകയായിരുന്നു
അപ്പോഴാണ് കാക്ക വന്നത്
കുയിൽ പാട്ടു നിർത്തി ചോദിച്ചു
നിനക്കും എന്നെപ്പോലെ പാടണമെന്നുണ്ടോ?
കാക്ക പറഞ്ഞു
ഈ പാട്ട് നിനക്ക് മനോഹരമായിരിക്കും
പക്ഷെ എനിക്ക് അരോചകമാണ്
ശരിയായ പാട്ടെന്താണെന്ന് നിനക്ക്
ഞാൻ പഠിപ്പിച്ചു തരാം
കാ...കാ...കാ...

**– ശിവജിവർമ്മ**
കിഴക്കേ കോവിലകം
കോട്ടയ്ക്കൽ
മലപ്പുറം ജില്ല




## നിശീഥിനിതൻ നിലവിളി



നിശ്ചല നിശീഥിനിയിൽ
നിഷ്ഠൂരത നിപതിപ്പിച്ചൊരാ
"സൗമ്യ"സൂനത്തിൻ
നിലവിളിയെന്നെ യുണർത്തുന്നു
വിധിയൊറ്റക്കയ്യനായിയ-
വതരിച്ചെന്നേ കരുതാവൂ
ഇനിയൊരു മകൾക്കും
ഈ ഗതി വരുത്തീടൊല്ലെയെന്നു
വിലപിക്കയാണു മാതൃഹൃദന്തം.

## കീടനാശിനിതൻ ചവർപ്പ്

യന്ത്രപ്പക്ഷി തളിച്ചാൻ
യെൻഡോസൾഫാനവിടെ
യെത്ര ക്രൂര-
മെത്ര നിഷ്ഠൂരം
കാസർകോടിൻ കണ്ണീർക്കണങ്ങൾ
കദനകുതൂഹല ഗീതകങ്ങൾ
ഗർഭച്ഛിദ്രങ്ങൾ
ദൈന്യചിത്രങ്ങൾ
മുലപ്പാലിൽ കലരുന്നിതയ്യോ
കീടനാശിനിതൻ ചവർപ്പ് !

**ഗോകുൽ. കെ.എൻ**
ഗോകുലം, തിരുവെങ്കിടം, ഗുരുവായൂർ

## പുസ്തകപ്രകാശനം

ഡോ. ആശാലത തമ്പുരാൻ രചിച്ച "തിരുവനന്തപുരം - മോണോഗ്രാഫ് ഓഫ് ഹെറിറ്റേജ് ബിൽഡിംഗ്സ്" എന്ന ഗ്രന്ഥം ഉത്രാടംതിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവ് ജൂൺ 11ന് കോട്ടയ്ക്കകം ലെവിഹാളിൽ നടന്ന ചടങ്ങിൽ പ്രകാശനം ചെയ്തു. ഇന്ത്യൻ നാഷണൽ അക്കാദമി ഓഫ് എൻജിനീയറിംഗിന്റെയും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർക്കിടെക്റ്റിസിന്റെയും സംയുക്താഭിമുഖ്യത്തിലാണ് ചടങ്ങ് സംഘടിപ്പിച്ചത്.

## പ്രശസ്ത വിജയികൾ

### പല്ലവി വർമ്മ



ഇക്കഴിഞ്ഞ സംസ്ഥാന ഹയർസെക്കന്ററി +2 പരീക്ഷയിൽ 95% മാർക്കോടെ വിജയിയായ കുമാരി പല്ലവിവർമ്മ. തിരുവനന്തപുരം കോട്ടൺഹിൽ ഗേൾസ് ഹൈസ്കൂൾ വിദ്യാർത്ഥിനിയായ പല്ലവി ചാഴൂർ കോവിലകത്ത് സി.കെ. കൃഷ്ണദാസിന്റെയും (വി.എസ്.എസ്.സി) തിരുവണ്ണൂർ കോവിലകത്ത് ബിന്ദുവർമ്മയുടെയും (ഇന്ത്യൻ ഓവർ സീസ് ബാങ്ക്, തിരുവനന്തപുരം) മകളാണ്.

### ദേബശ്രീവർമ്മ

സി.ബി.എസ്.ഇ. 2011 10th സ്റ്റാൻഡേർഡിൽ എല്ലാ വിഷയങ്ങളിലും A+ നേടി പാസ്സായ കുമാരി ദേബശ്രീവർമ്മ. ചാഴൂർ കോവിലകത്ത് യാമിനിവർമ്മയു



ടെയും മാങ്കാവ് കോവിലകത്ത് ഡോ. നന്ദകുമാർ വർമ്മയുടെയും മകളായ ദേബശ്രീ കോഴിക്കോട് കേന്ദ്രീയവിദ്യാലയത്തിലെ വിദ്യാർത്ഥിനിയാണ്.

### വിഷ്ണു ആർ. വർമ്മ



ഇക്കഴിഞ്ഞ ഹയർസെക്കന്ററി പരീക്ഷയിൽ +2 (സയൻസ്) പരീക്ഷയിൽ 86 ശതമാനം മാർക്ക് വാങ്ങി പാസ്സായ വിഷ്ണു ആർ. വർമ്മ. ഹരിപ്പാട്ട് അനന്തപുരത്ത് കൊട്ടാരത്തിൽ കെ. രാഘവവർമ്മയുടെയും തിരുവല്ലാ കാരകത്ത് മഠത്തിൽ സി. അംബികാവർമ്മയുടെയും പുത്രനാണ് വിഷ്ണു. തിരുവനന്തപുരത്ത് സെന്റ് ജോസഫ് സ്കൂളിൽ നിന്നും XII$^{th}$ Std. പാസ്സായ വിഷ്ണു വയലിൻവാദനത്തിൽ സി.സി.ആർ.റ്റി. യുടെ സ്കോളർഷിപ്പ് നേടിയിട്ടുണ്ട്.

## മാളവികവർമ്മ



മാളവികവർമ്മ (D/o വർമ്മ.കെ. രഘു & ബീനാവർമ്മ)യ്ക്ക് ഡൽഹി ഐ.ഐ.റ്റി.യിൽ എം. ടെക് (റോക്ക് എഞ്ചിനീയറിംഗ് & അണ്ടർഗ്രൗണ്ട് സ്ട്രക്ച്ചേഴ്സ്) കോഴ്സിൽ പ്രവേശനം ലഭിച്ചു. തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ നിന്നും സിവിൽ എഞ്ചിനീയറിംഗിലാണ് മാളവിക ബിരുദമെടുത്തത്.

## ആർ. കിഷോർ കുമാർവർമ്മ

ക്ഷാത്രസന്ദേശം പത്രാധിപസമിതിയംഗമായ ആർ. കിഷോർ കുമാർവർമ്മ എൽ. എൽ. ബി. കോഴ്സ് ഫസ്റ്റ്ക്ലാസ്സോടെ പാസ്സായി. കേരള നിയമസഭയിലെ അണ്ടർ സെക്രട്ടറിയായ ഇദ്ദേഹം തിരുവനന്തപുരം ലോകോളേജ് ലോ അക്കാദമി ഈവനിംഗ് ബാച്ചിൽ ചേർന്നാണ് നിയമം പഠിച്ചത്

# വാർത്തകൾ - വിശേഷങ്ങൾ

## സംഘടനാവാർത്ത

### 2011 മേയ് 8ന് പന്തളത്തു നടന്ന പ്രവർത്തകസമിതി യോഗത്തിലെ പ്രധാന തീരുമാനങ്ങൾ

ക്ഷത്രിയ ക്ഷേമസഭയുടെ 2009-11 വർഷത്തെ പ്രവർത്തക സമിതിയുടെ എട്ടാമത് യോഗം 8.5.2011ന് ഞായറാഴ്ച പന്തളം മുണ്ടയ്ക്കൽ കൊട്ടാരത്തിൽ വെച്ച് സംസ്ഥാന പ്രസിഡന്റ് കെ.സി. മാനവർമ്മ രാജായുടെ അദ്ധ്യക്ഷതയിൽ നടന്നു.

പ്രധാന തീരുമാനങ്ങൾ:

**ബാങ്ക് അക്കൗണ്ടുകൾ:** സഭയ്ക്ക് നാലു ബാങ്ക് അക്കൗണ്ടുകൾ ഉള്ളതിൽ സംസ്ഥാന സഹകരണ ബാങ്കി ലെ അക്കൗണ്ട് നിലവിൽ ഉപയോഗിക്കാറില്ലാത്തതുകൊണ്ട് ക്ലോസ് ചെയ്യാവുന്നതാണെന്ന ട്രഷററുടെ നിർദ്ദേശം യോഗം അംഗീകരിച്ചു. സിൻഡിക്കേറ്റ് ബാങ്കിലെ അക്കൗണ്ട് ക്ഷാത്രസന്ദേശത്തിന്റെയും കോർപ്പറേഷൻ ബാങ്കിലെ അക്കൗണ്ട് സ്കോളർഷിപ്പിന്റെയും കാര്യങ്ങൾക്കായി മാത്രം ഉപയോഗിക്കുന്ന രീതി തുടരണമെന്നും ജില്ലാസഹകരണ ബാങ്കിലെ അക്കൗണ്ട് സഭയുടെ പൊതുക്കാര്യങ്ങൾക്കായി ഉപയോഗിക്കണമെന്നും യോഗം നിർദ്ദേശിച്ചു.

**സ്കോളർഷിപ്പ്** : സ്കോളർഷിപ്പ് സംബന്ധിച്ച വിജ്ഞാപനം എല്ലാ പ്രമുഖപത്രങ്ങളിലും പ്രസിദ്ധീകരിച്ചിരുന്നു. എല്ലാ യൂണിറ്റുകൾക്കും ഈ വിജ്ഞാപനത്തിന്റെ പകർപ്പും സ്കോളർഷിപ്പ് ഫോറത്തിന്റെ പകർപ്പും അയച്ചിട്ടുണ്ട്. യൂണിറ്റുകളുടെ അഭ്യർത്ഥന മാനിച്ച് സ്കോളർഷിപ്പിനുള്ള അപേക്ഷ ലഭിക്കേണ്ട തീയതി ജൂൺ 15 വരെ ദീർഘിപ്പിക്കുവാൻ തീരുമാനിച്ചു.

**നിയമാവലി ഭേദഗതികൾ**
**- ആജീവനാംഗത്വ പ്രശ്നം**

ആജീവനാംഗങ്ങളെ ഒരു പ്രത്യേക യൂണിറ്റായി പരിഗണിച്ചുകൊണ്ട് അവരുടെ പ്രതിനിധികളെ മാത്രം പൊതുയോഗത്തിൽ പങ്കെടുപ്പിക്കുന്ന രീതിയിലുള്ള ഒരു മാറ്റത്തെക്കുറിച്ച് ആലോചിക്കുന്നുണ്ട്. ഇതോടൊപ്പം കാലികമായ മറ്റ് മാറ്റങ്ങൾ കൂടി നിയമാവലിയിൽ കൊണ്ടുവരേണ്ടതുണ്ട്. ഇതിനായി രൂപീകരിച്ച ഉപസമിതിയുടെ നിർദ്ദേശങ്ങൾ പ്രവർത്തകസമിതിയിൽ ചർച്ച ചെയ്ത് അന്തിമരൂപം നൽകുന്നതാണ്.

**ക്ഷാത്രസന്ദേശം:** ക്ഷാത്രസന്ദേശം വരിക്കാരുടെ പട്ടിക കഴിയുന്നിടത്തോളം തെറ്റുകൾ തിരുത്തി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതായി സെക്രട്ടറി അറിയിച്ചു. യൂണിറ്റ് ഭാരവാഹികൾ ഈ പട്ടിക പരിശോധിച്ച് തിരുത്തലുകളോ കൂട്ടിച്ചേർക്കലുകളോ ഉണ്ടെങ്കിൽ എത്രയും വേഗം അറിയിക്കേണ്ടതാണ്. ക്ഷാത്രസന്ദേശം നേരിട്ടുള്ള കോപ്പികൾ ഒരൊറ്റ ദിവസം ഒരേ പോസ്റ്റാഫീസിലാണ് പോസ്റ്റ് ചെ യ്യുന്നത്. അതിനാൽ ക്ഷാത്രസന്ദേശം കിട്ടിയിട്ടില്ലായെങ്കിൽ തപാൽപ്പിഴവു മൂലമാകും കിട്ടാതെ വന്നിട്ടുള്ളത്. പണം നൽകിയിട്ടും ത്രൈമാസിക കിട്ടാതെ വരുന്നുവെങ്കിൽ ആ കാര്യം ശ്രദ്ധയിൽപ്പെടുത്തിയാൽ ഉടൻ തന്നെ പരിശോധിച്ച് തെറ്റ് തിരുത്തുന്നതായിരിക്കും. യൂണിറ്റുകളിലെ അംഗസംഖ്യക്ക് ആനുപാതികമായി ക്ഷാത്രസന്ദേശം വരിക്കാർ ഇല്ലെന്ന് ചൂണ്ടിക്കാട്ടി വരിക്കാരുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതാണെന്ന ചീഫ് എഡിറ്ററുടെ നിർദ്ദേശം യോഗം അംഗീകരിച്ചു. താഴെപ്പറയുന്ന നിർദ്ദേശങ്ങളും യോഗം അംഗീകരിച്ചു.

i) ക്ഷാത്രസന്ദേശത്തിന്റെ ബാങ്ക് അക്കൗണ്ട് പ്രത്യേകമായിത്തന്നെ തുടരേണ്ടതാണ്.

ii) വൈവാഹിക പരസ്യങ്ങളുടെ പണം ചീഫ് എഡിറ്ററുടെ പേരിൽ സ്വീകരിച്ച് പ്രസ്തുത അക്കൗണ്ടിൽ ത്തന്നെ വരവുവെക്കണം.

iii) ചെക്ക്, ഡി.ഡി. എന്നിവ വഴി പണം സ്വീകരിക്കുന്നതാണ്. ഓഫീസ് തുറന്നിരിക്കുന്ന സമയത്ത് നേരിട്ട് പണമായും തുകകൾ സ്വീകരിക്കുന്നതാണ്.

**സെൻസസ്/സാംസ്കാരിക കേന്ദ്രങ്ങൾ**

'സെൻസസ് പ്രവർത്തനത്തിന്റെ ഒന്നാം ഘട്ടം", "സാംസ്ക്കാരിക കേന്ദ്രങ്ങൾ" എന്നീ വിഷയങ്ങളിലുള്ള വിശദമായ മാർഗ്ഗനിർദ്ദേശ രേഖകൾ തയ്യാറാക്കി ഉടൻതന്നെ എല്ലാ യൂണിറ്റുകൾക്കും അയച്ചു നൽകുന്നതാണ്.

**മറ്റു തീരുമാനങ്ങൾ/അറിയിപ്പുകൾ**

എം.സി. കേരളവർമ്മ ജന്മശതാബ്ദിയാഘോഷത്തിനായി ലഭിച്ച സംഭാവനകളുടെ നീക്കിയിരിപ്പ് വിനിയോഗിക്കുന്നതിനെക്കുറിച്ച് ഈ മാസം തന്നെ നിർദ്ദേശം രൂപപ്പെടുത്തുന്നതാണെന്ന് ജനറൽ കൺവീനർ ആർ. രാമവർമ്മ അറിയിച്ചു.

റിയാക്ട് ന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്തെ ശ്രീ ചിത്രാപുവർ ഹോം, പൂജപ്പുര മഹിളാമന്ദിരം എന്നീ സംഘടനകൾക്കും കരിവെള്ളൂർ യൂണിറ്റംഗം വിജയകുമാരവർമ്മക്കും 5000 രൂപാ വീതം ധനസഹായം നൽകിയതായി രവിവർമ്മരാജാ യോഗത്തെ അറിയിച്ചു.

തൃശ്ശൂർ യൂണിറ്റു സെക്രട്ടറി സൂചിപ്പിച്ച ഗായത്രീവർമ്മയുടെ കാര്യത്തിൽ Varmas Association of UAE, തിരുവിതാംകൂർ രാജകുടുംബം എന്നിവരുമായി ബന്ധപ്പെട്ട് സാധ്യമാകുന്ന സഹായങ്ങൾ നൽകാൻ ശ്രമിക്കണമെന്ന് യോഗം നിർദ്ദേശിച്ചു. REACT ന്റെ ശ്രദ്ധയിലും ഇത് കൊണ്ടുവരണം.

## മറ്റ് സംഘടനാവാർത്തകൾ

**നീലേശ്വരം:** റിപ്പോർട്ട് കാലയളവിൽ ഭരണസമിതി മൂന്നുതവണ ചേർന്നു. നീലേശ്വരം തളിയിൽ ശ്രീനീലകണ്ഠേശ്വരം ക്ഷേത്രത്തിലെ ഉത്സവം ഫെബ്രുവരി 22 മുതൽ മാർച്ച് 1 വരെയുള്ള തീയതി

കളിൽ നടന്നു. കോവിലകം അംഗങ്ങളും ബന്ധുജനങ്ങളും സജീവമായി പങ്കെടുത്തു. ക്ഷേത്രത്തിന്റെ ഭരണം ഏറ്റെടുക്കാൻ ദേവസ്വം ബോർഡ് നടത്തിയ ശ്രമത്തെ ക്ഷത്രിയക്ഷേമസഭയുടെ നേതൃത്വത്തിൽ ഭക്തജനങ്ങളുടെ കൂട്ടായ്മ സംഘടിപ്പിച്ചുകൊണ്ട് തടയുവാൻ കഴിഞ്ഞിട്ടുണ്ട്.

**കോഴിക്കോട്**: രണ്ടുതവണ തിരുവണ്ണൂർ വെച്ചും ഒരു തവണ ബേപ്പൂരിൽ വെച്ചുമായി പ്രവർത്തകസമിതി മൂന്നു തവണ ചേർന്നു. 2010ൽ രൂപീകൃതമായ ബേപ്പൂർ ക്ലസ്റ്റർ യൂണിറ്റ് സജീവമാണ്. ഏപ്രിൽ മാസം 10ന് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കുട്ടികൾക്കായി ഏകദിന ശില്പശാല സംഘടിപ്പിച്ചു. പ്രസിദ്ധ സാഹിത്യകാരന്മാരായ മലയത്ത് അപ്പുണ്ണി, എം.കെ. രവിവർമ്മ (ബാലുശ്ശേരി) എന്നിവർ പങ്കെടുത്തു. കവിതാ രചന, കവിതാസ്വാദനം, നാടക രചന, നാടകാഭിനയം, സംവിധാനം തുടങ്ങിയ വിഷയങ്ങളിൽ ക്ലാസുകളും എഴുത്തുകളരിയും അഭിനയക്കളരിയും നടത്തുകയും ചെയ്തു. കാർട്ടൂൺ രചനയെക്കുറിച്ച് ജി. പ്രദീപ് വർമ്മ ക്ലാസ്സെടുത്തു. തുടർന്ന് ബേപ്പൂർ പുലിമുട്ടിലേക്ക് ഉല്ലാസയാത്രയും നടത്തി. സഭയുടെയും ക്ഷാത്രസന്ദേശത്തിന്റെയും വരിസംഖ്യാപിരിവ് ഉടൻതന്നെ നടത്തുന്നതിനും സിറ്റി പ്രദേശത്തുള്ള ബന്ധുജനങ്ങളെ സഭയിൽ അംഗങ്ങളാക്കാനും തീരുമാനിച്ചു. പൈതൃകസംസ്ക്കാരവും നാട്ടറിവും കുട്ടികൾക്കായി പകർന്നു നൽകുക എന്ന ലക്ഷ്യം മുന്നിൽക്കണ്ട് മുത്തശ്ശിമാരും കുഞ്ഞുങ്ങളും എന്ന പേരിൽ ഒരു ഏകദിന ക്യാമ്പ് മദ്ധ്യവേനലവധിക്കാലത്ത് നടത്തുന്നതാണ്.

**തൃശൂർ**: ഭരണസമിതി മൂന്നു തവണ ചേർന്നു. ചികിത്സാ സഹായനിധി ആരംഭിച്ചു. സഭാംഗം ശ്രീമതി ഗായത്രീദേവിക്ക് ധനസഹായം നൽകിവരുന്നു. അടുത്തവർഷം മുതൽ വിദ്യാഭ്യാസ പുരസ്ക്കാരത്തിന്റെ പേര് പദ്മഭൂഷൺ രാഘവൻ തിരുമുല്പാട് വിദ്യാഭ്യാസ പുരസ്കാരം എന്നാക്കാൻ നിശ്ചയിച്ചു. തൃശ്ശൂരിന്റെ ആഭിമുഖ്യത്തിൽ മദ്ധ്യമേഖലാ യൂണിറ്റുകളുടെ ഒരു യോഗം നടത്തണമെന്നു തീരുമാനിച്ചു. വിഷുവേല ഈ വർഷം നടത്തി. കുട്ടികൾക്കായി ചിത്രരചനാ മത്സരം നടത്തി. ക്ലസ്റ്റർ യോഗങ്ങൾ പുരോഗമിക്കുന്നു. തിരുത്തൂർ ക്ലസ്റ്ററിന്റെ ആഭിമുഖ്യത്തിൽ വെട്ടത്തുകാവ്, ചമ്രവട്ടം, തൃപ്പരങ്ങോട്, മന്ദലത്തിയൂർ എന്നിവിടങ്ങളിൽ തീർത്ഥയാത്ര നടത്തി. മഹിളാ വിഭാഗത്തിന്റെ ഭരണസമിതി മൂന്നു തവണ ചേർന്നു. പതിവുപരിപാടികൾ ഭംഗിയായി നടക്കുന്നു. വാർഷിക യോഗം അടുത്തുതന്നെയുണ്ടാകും.

**വെള്ളാരപ്പിള്ളി**: ഭരണസമിതി മൂന്നു തവണ യോഗം കൂടി. ഏപ്രിൽ 17ന് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കോടനാട്, ഇരിങ്ങോൾക്കാവ് തുടങ്ങിയ സ്ഥലങ്ങളിലേക്ക് ഒരു ഏകദിന വിനോദയാത്ര സംഘടിപ്പിച്ചു. 45 പേർ പങ്കെടുത്തു. യൂണിറ്റിന്റെ ഒന്നാം വാർഷികം ഏപ്രിൽ 22ന് കോയിക്കൽ ക്ഷേത്രം ആഡിറ്റോറിയത്തിൽ വെച്ച് ആഘോഷിച്ചു. വാർഷികത്തിന്റെ ഭാഗമായി പൊതുയോഗവും കലാപരിപാടികളും സംഘടിപ്പിച്ചു. പൊതുയോഗത്തിൽ സംസ്ഥാന പ്രസിഡന്റും, സെക്രട്ടറിയും, ജോയിന്റ് സെക്രട്ടറിയും പങ്കെടുത്തിരുന്നു.

**ഇടപ്പള്ളി**: ഭരണസമിതി മൂന്നുതവണ ചേർന്നു. മേയ് അവസാനം പൊതുയോഗം നടത്തുന്നതിനും തീരുമാനിച്ചു. ഡയറക്ടറിയുടെ പ്രാരംഭനടപടികൾ ആരംഭിച്ചു.

**തൃപ്പൂണിത്തുറ**: എല്ലാ രണ്ടാം ശനിയാഴ്ചകളിലും സമാജത്തിന്റെയും മഹിളാ വിഭാഗത്തിന്റെയും ഭരണസമിതികൾ യോഗം ചേരാറുണ്ട്. ലഘു സമ്പാദ്യ പദ്ധതി ഭംഗിയായി നടന്നുവരുന്നു. അംഗങ്ങളുടെ get-together ഫെബ്രുവരി 10ന് നടന്നു. ജ്യോതിഷത്തെക്കുറിച്ച് ശ്രീ വിനോദ് വർമ്മ, ആരോഗ്യസംരക്ഷണ മരുന്നുകളെക്കുറിച്ച് ശ്രീ പ്രമോദ് വർമ്മ എന്നിവർ പ്രഭാഷണം നിർവ്വഹിച്ചു. തൃശൂരിലെ ഗായത്രീവർമ്മയ്ക്ക് സമാജത്തിന്റെ വകയായി 10,000/- രൂപ ചികിത്സാ ധനസഹായം നൽകി. മേയ് 15ന് വാർഷിക പൊതുയോഗം നടത്തുവാൻ തീരുമാനിച്ചു.

**ആലപ്പുഴ**: ആലപ്പുഴ യൂണിറ്റിന്റെ ഔപചാരിക പ്രവർത്തനം ആരംഭിച്ചിട്ടില്ല. അതിനായി കേന്ദ്രസഭയുടെ സഹകരണം തേടുന്നു. നിർദ്ദിഷ്ട പ്രസിഡന്റിന്റേതായ രണ്ടു നിർദ്ദേശങ്ങൾ അറിയിച്ചു. (1) അടുത്തൂൺ മുഴുവൻ ക്ഷത്രിയ കുടുംബാംഗങ്ങൾക്കും ലഭ്യമാക്കാനായി ശ്രമിക്കണം. ഇതിനായി പ്രമേയം പാസ്സാക്കി സംസ്ഥാന സർക്കാരിനു സമർപ്പിക്കണം. (2) സാമൂഹ്യ രാഷ്ട്രീയ സംഭവവികാസങ്ങൾ സംബന്ധിച്ച പ്രതികരണങ്ങൾ മാദ്ധ്യമങ്ങൾ വഴി അറിയിക്കണം. സഭ സജീവമായി നിലനിൽക്കുന്നതിനും മറ്റും അതുമൂലം കഴിയും.

**തിരുവനന്തപുരം**: പ്രവർത്തകസമിതി മൂന്നു തവണ ചേർന്നു. മാർച്ചിൽ നടന്ന പ്രതിമാസ പരിപാടിയിൽ മഹാശിവരാത്രി മാഹാത്മ്യത്തെക്കുറിച്ച് കെ.ജി. വാര്യർ പ്രഭാഷണം നടത്തി. തുടർന്ന് സഭാംഗവും സംസ്കൃത അദ്ധ്യാപകനുമായ ഡോ. പ്രദീപ് വർമ്മ 'പാണ്ഡവഗീത' എന്ന ഗ്രന്ഥത്തിനു രചിച്ച 'ശ്രീഭദ്ര വ്യാഖ്യാന'ത്തിന്റെ പ്രകാശനം പുസ്തകത്തിന്റെ ആദ്യപ്രതി സഭയിലെ മുതിർന്ന അംഗം അപ്പുക്കുട്ടൻ തമ്പാന് നൽകിക്കൊണ്ട് കെ.ജി. വാര്യർ നിർവഹിച്ചു. മഹാകവി കെ.സി.കേശവപിള്ളയുടെ ചെറുമകളായ രാധികാസുന്ദരേശന്റെ നേതൃത്വത്തിൽ ഭക്തിസാന്ദ്രമായ സംഗീതസന്ധ്യയും ഉണ്ടായിരുന്നു. ഡയറക്ടറി പുതുക്കുന്നതിനുള്ള വിവരങ്ങളുടെ ശേഖരണവും വരിസംഖ്യാ പിരിവും മാർച്ച് മാസം മുതൽ നടന്നുവരുന്നു. തിരുവനന്തപുരം

പത്മനാഭ സ്വാമി ക്ഷേത്രത്തിലെ പള്ളി വേട്ട, ആറാട്ട് മഹോത്സവങ്ങളിൽ സഭാ പ്രതിനിധികൾ പങ്കെടുത്തു. പത്മനാഭ സ്വാമിക്ഷേത്രം സംബന്ധിച്ച കോടതി വിധിയുമായി ബന്ധപ്പെട്ട് ഹിന്ദുഐക്യ വേദി സംഘടിപ്പിച്ച നിയമസഭാ മാർച്ചിലും മാർച്ചുമാസം നടന്ന ഹിന്ദു പാർലമെന്റ് സമ്മേളനത്തിലും യൂണിറ്റ് പ്രസിഡന്റ് എം. രവിവർമ്മ രാജയും പ്രസാദ് വർമ്മ തമ്പുരാനും പങ്കെടുത്തു. മേയ് മാസം 3ന് കിളിമാനൂർ പാലസ് ട്രസ്റ്റ് സംഘടിപ്പിച്ച ശ്രീ രാജരാജ വർമ്മ വിദ്വാൻ കോയിത്തമ്പുരാന്റെ 199-ാം ജന്മദിനാഘോഷവും ചിത്രകാരനായ രാജാരവിവർമ്മയുടെ 163-ാം ജന്മദിനാഘോഷവും നടന്ന വേളയിൽ യൂണിറ്റ് തുടങ്ങണമെന്ന് അവിടത്തെ രാജകുടുംബാംഗങ്ങളോട് അഭ്യർത്ഥിച്ചിട്ടുണ്ട്. മേയ് മാസം 22ന് ഒരു വിനോദയാത്ര സംഘടിപ്പിക്കുന്നതാണ്.

**പ്രവർത്തന റിപ്പോർട്ട്**

എല്ലാ മാസവും പ്രവർത്തക സമിതിയോഗം കൂടുന്നുണ്ട്. മെയ് മാസം 21ന് സഭാംഗങ്ങൾ തെന്മല എക്കോ ടൂറിസത്തിലേക്ക് ഒരു വിനോദ യാത്ര സംഘടിപ്പിച്ചു. ജൂൺ മാസം26ന് ന്യൂഡൽഹി ഇന്ത്യൻ കൗൺസിൽ ഓഫ് ഗാന്ധിയൻ സ്റ്റഡീസിന്റെ ചെയർമാൻ ഡോ. എൻ. രാധാകൃഷ്ണൻ "അഴിമതി രഹിത സമൂഹം വ്യക്തികളുടെ പങ്ക്" എന്ന വിഷയത്തെക്കുറിച്ച് പ്രഭാഷണം നടത്തി. തുടർന്ന് തിരുവനന്തപുരം സഭയിലെ അംഗം ശ്രീവിദ്യാവർമ്മയുടെ വീണക്കച്ചേരിയും നടന്നു. സഭയിലെ സെൻസസ് പ്രവർത്തനങ്ങൾ ഊർജ്ജിതമമായി നടന്നുവരുന്നു.

## കരിവെള്ളൂർ

**2011 മെയ് മാസം**

ക്ഷത്രിയക്ഷേമസഭ കരിവെള്ളൂർ യൂണിറ്റിന്റെ കുടുംബയോഗം സി.കെ. ശ്രീധരവർമ്മയുടെ ഭവനത്തിൽവെച്ച് 29.5.2011ന് എൻ.കെ. നാരായണൻ ഉണിത്തിരിയുടെ അദ്ധ്യക്ഷതയിൽ നടന്നു. യോഗത്തിൽ യൂണിറ്റ് സെക്രട്ടറി ടി.എം. ശ്രീകുമാർ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു. വാർഷിക വരിസംഖ്യ പിരിവ്, പുതുതായി ആരംഭിക്കുന്ന ചിട്ടി, ക്ഷാത്രസന്ദേശം വരിസംഖ്യ പിരിച്ചെടുക്കൽ മുതലായ വിഷയങ്ങൾ ചർച്ച ചെ യ്തു. മഹാറാണി സേതു പാർവ്വതീഭായ് സ്മാരക സ്കോളർഷിപ്പിന് അപേക്ഷ സമർപ്പിക്കുന്നതു സംബന്ധിച്ച കേന്ദ്രസഭയുടെ നിർദ്ദേശങ്ങൾ സെക്രട്ടറി യോഗത്തിൽ വായിച്ചു. സർവ്വശ്രീ സി.കെ. രാഘവൻ, ഇ.എം. കൃഷ്ണകുമാർ, എൻ.പി. വത്സല എന്നിവർ യോഗത്തിൽ സംസാരിച്ചു. യോഗത്തിൽ ഉഷ ശ്രീധരവർമ്മ സ്വാഗതവും എൻ.പി. ബാലകൃഷ്ണൻ നന്ദിയും പറഞ്ഞു.

**2011 ജൂൺ മാസം**

യൂണിറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ജൂൺ 12ന് വങ്ങാട്ട് മഠത്തിൽവെച്ച് നടന്നു. യോഗത്തിൽ പ്രസിഡന്റ് എൻ.പി. കൃഷ്ണൻ ഉണിത്തിരി അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി ടി.എം. ശ്രീകുമാർ റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ സി. മാധവൻ, സി.കെ. രാഘവവർമ്മ, എൻ.പി. പുരുഷോത്തമൻ, കെ. ചന്ദ്രകാന്തൻ, വി.എം.രാജൻ, വി.എം. ബാലകൃഷ്ണൻ എന്നിവർ പങ്കെടുത്തു. ഓരോ യോഗത്തിലും അതുവരെ നടന്ന പ്രവർത്തനം വിശദീകരിക്കുന്ന ഒരു സംക്ഷിപ്തറിപ്പോർട്ട് എഴുതി വായിക്കണമെന്ന സി. കെ. ചന്ദ്രകാന്തന്റെ നിർദ്ദേശം യോഗം അംഗീകരിച്ചു. ശ്മശാനനിർമ്മാണം സംബന്ധിച്ച കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കാൻ സബ്ബ് കമ്മിറ്റിയോട് നിർദ്ദേശിച്ചു. യോഗത്തിൽ താഴെ കാണിച്ച തീരുമാനങ്ങൾ ഉണ്ടായി.

1. വാർഷിക പൊതുയോഗം 10.7.2011ന് ഉച്ചയ്ക്ക് $2^1/_2$ മണിക്ക് വങ്ങാട്ട് മഠത്തിൽ വിളിച്ച് ചേർക്കാൻ തീരുമാനിച്ചു.

2. പുതുതായി 50,000 (അമ്പതിനായിരം) രൂപ സലയുള്ള ചിട്ടി ജൂൺമാസം മുതൽതന്നെ തുടങ്ങാൻ തീരുമാനിച്ചു. ചിട്ടിയുടെ നിജവാർ 1000 രൂപയെന്നും, 50 പേരിൽ അധികം മെമ്പർമാരെ ചേർക്കേണ്ടെന്നും തീരുമാനിച്ചു.

3. കഴിഞ്ഞ കുറിയുടെ സംഖ്യയിൽ മുതൽ കുറിയായ 27500 രൂപ സഭയുടെ അക്കൗണ്ടിലും, ബാക്കി സംഖ്യ ചിട്ടി അക്കൗണ്ടിലും വെക്കണമെന്ന യോഗനിർദ്ദേശം അംഗീകരിച്ചു.

4. മെമ്പർഷിപ്പ് പ്രവർത്തനം ജൂൺ 30 ന് മുമ്പായി പൂർത്തിയാക്കാൻ തീരുമാനിച്ചു.

യോഗത്തിൽ എൻ.പി. ബാലകൃഷ്ണൻ സ്വാഗതവും സി.ആർ. സുദേവവർമ്മ നന്ദിയും പറഞ്ഞു. യോഗം 5 മണിക്ക് അവസാനിച്ചു.

## കൊരട്ടി

കൊരട്ടി ക്ഷത്രിയക്ഷേമസഭയു



*കൊരട്ടി സഭയുടെ വാർഷിക സമ്മേളനത്തിൽ ഡോ. എഴുമറ്റൂർ രാജരാജവർമ്മ പങ്കെടുത്ത് സംസാരിക്കുന്നു*

ടേയും കൊരട്ടിസ്വരൂപം ട്രസ്റ്റിന്റേയും വാർഷിക പൊതുയോഗവും രജത ജൂബിലി ആഘോഷങ്ങളും 2011 മെയ് മാസം 14,15 തീയതികളിൽ വാളൂർ മഹേശ്വരി മെമ്മോറിയൽ ഹാളിൽ വെച്ച് വിവിധ കലാസാംസ്കാരിക പരിപാടികളോടെ നടത്തുകയുണ്ടായി.

14.05.2011 ശനിയാഴ്ച രാവിലെ 10 മണിക്ക് സഭയുടേയും ട്രസ്റ്റിന്റേയും സംയുക്ത വാർഷിക പൊതുയോഗം പ്രസിഡന്റ് കെ. വിക്രമന്റെ അദ്ധ്യക്ഷതയിൽ കൂടി. യോഗത്തിന്റെ ഔപചാരിക നടപടികൾക്കുശേഷം കൊരട്ടി ക്ഷത്രിയക്ഷേമസഭയുടെ മുൻ പ്രസിഡന്റുമാരെ അനുസ്മരിക്കുകയും പൊന്നാട അണിയിച്ച് ആദരിക്കുകയുമുണ്ടായി. തുടർന്ന് വിവിധ കലാ, സാഹിത്യ, വിദ്യാഭ്യാസ മേഖലകളിൽ പ്രഗൽഭരും പുരസ്കാര ജേതാക്കളുമായ യുവപ്രതിഭകളെ സ്നേഹോപഹാരങ്ങൾ നല്കി ആദരിച്ചു.

കഴിഞ്ഞ വാർഷിക യോഗത്തിലെ മിനിട്ട്സും പ്രവർത്തന റിപ്പോർട്ടും കണക്കും വായിച്ച് പാസ്സാക്കി.

11.30ന് ജയന്തി ആഘോഷം കൊരട്ടി സ്വരൂപത്തിലെ കാരണവർ ശ്രീരവിവർമ്മ തമ്പുരാൻ (ബോംബെ) നിലവിളക്ക് കൊളുത്തി ഉത്ഘാടനം ചെയ്തു.

അന്നമനട ചിരിക്ലബ്ബിന്റെ പരിപാടിയെക്കുറിച്ച് ഉദയവർമ്മ വിശദമായി വിവരിച്ചു. ചിരി ക്ലബ്ബിന്റെ പരിപാടി എല്ലാവർക്കും ഇഷ്ടപ്പെട്ടു.

ഉച്ചതിരിഞ്ഞ് കുട്ടികളുടെ കലാപരിപാടികൾ അവതരിപ്പിച്ചു. 6 മണി മുതൽ നടത്തിയ കലാപരിപാടികളിൽ ലക്ഷ്മി ഉണ്ണിക്കൃഷ്ണന്റെ മോഹിനിയാട്ടം ശ്രദ്ധേയമായി. ലക്ഷ്മിനന്ദകുമാർ, ഐശ്വര്യ നന്ദകുമാർ വൈഖരി സജീവ് എന്നിവർ ഭരതനാട്യം അവതരിപ്പിച്ചു. സൂര്യസായി പലതരം ഡാൻസുകൾ അവതരിപ്പിച്ച് അരങ്ങിന് മോടി കൂട്ടി. കുടുംബാംഗങ്ങളായ സ്ത്രീകളും കുട്ടികളും ചേർന്ന് മനോഹരമായ ഒരു തിരുവാതിരക്കളി അരങ്ങേറി. പരിപാടിയിൽ പങ്കെടുത്ത എല്ലാവർക്കും സമ്മാനങ്ങൾ വിതരണം ചെയ്തു.

15.5.11ന് രാവിലെ രജതജൂബിലി ആഘോഷത്തിന്റെ ഭാഗമായി നടത്തിയ സാംസ്ക്കാരിക സമ്മേളനം കേരള ക്ഷത്രിയസഭ പ്രസിഡന്റ് കെ.സി. മാനവർമ്മരാജയുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. അദ്ധ്യക്ഷപ്രസംഗത്തിൽ അദ്ദേഹം സഭയുടെ ഇന്നത്തെ നിലയും ഇനിയും മുന്നോട്ടുപോകാനുള്ള കാര്യങ്ങളും ചുരുക്കമായി പ്രതിപാദിച്ചു. ഡോ. എഴുമറ്റൂർ രാജരാജവർമ്മ സാഹിത്യത്തിൽ ക്ഷത്രിയർക്ക് ഉള്ള പങ്കിനെക്കുറിച്ച് കാര്യമായി വിശദീകരിച്ചു. അദ്ദേഹത്തിന്റെ പ്രസംഗം ഏറെ ശ്രദ്ധേയമായിരുന്നു. അതിനുശേഷം കെ.ബി. രാജാനന്ദ് കഥകളിയുടെ വളർച്ചയെയും അതിൽ ക്ഷത്രിയരുടെ പങ്കിനെയും കുറിച്ച് പ്രതിപാദിച്ചു. കഥകളിയെപ്പറ്റി പുതിയ അറിവു കിട്ടിയ അനുഭവമായിരുന്നു സദസ്സിന്. കേരള ക്ഷത്രിയസഭ സെക്രട്ടറി സുഭാഷ്കുമാർ വർമ്മ സഭ ഇനിയും വളരേണ്ടതിന്റെ ആവശ്യകതയെപ്പറ്റി വിശദീകരിച്ചു. ഉച്ച തിരിഞ്ഞ് നടന്ന ഗാനമേളയിൽ നമ്മുടെ കുടുബാംഗങ്ങളും പങ്കെടുത്തു.

6 മണി മുതൽ പ്രൊഫസർ കലാമണ്ഡലം ലീലാമ്മയും സംഘവും അവതരിപ്പിച്ച നൃത്തസന്ധ്യ വളരെ മനോഹരമായിരുന്നു.

**ഭാരവാഹികൾ**

ഈ കൊല്ലം തെരഞ്ഞെടുപ്പ് ഉണ്ടായില്ല. 2010ൽ തെരഞ്ഞെടുത്ത പ്രതിനിധികൾ വീണ്ടും തുടരാൻ തീരുമാനിച്ചു. പ്രസിഡന്റ് വിക്രമൻ, വൈസ് പ്രസിഡന്റ്, കെ. കേരളവർമ്മ, സെക്രട്ടറി പി.ആർ. സോമവർമ്മ, ജോയിന്റ് സെക്രട്ടറി സുനിൽവർമ്മ, ഖജാൻജി ഉഷാരാജ.

**കമ്മറ്റിഅംഗങ്ങൾ**: കെ. രാമവർമ്മ, നന്ദകുമാർ വർമ്മ, കെ. ആദിത്യവർമ്മ, ഷൈജുകുമാർ, പി.സി.സി. രാജ, ബി.ശാന്ത, കെ.ഉഷ, പി. ഗോദവർമ്മ, പി. കൊച്ചനിയൻ.

## കരപ്പുറം

കരപ്പുറം ക്ഷത്രിയസഭയുടെ 2010-11ലെ വാർഷിക പൊതുയോഗം ഈ മാസം 15-ാം തീയതി കോപ്പുഴ ക്കോവിലകത്ത് വച്ചുനടന്നു. സെക്രട്ടറി വാർഷിക റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. സഭയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രസിഡന്റ് രവീന്ദ്രവർമ്മ വിശദമായി സംസാരിച്ച ശേഷം ഹരികൃഷ്ണവർമ്മ, കെ.എൻ.എസ്. വർമ്മ, വേണുഗോപാലവർമ്മ തുടങ്ങിയവർ ചർച്ചകളിൽ പങ്കെടുത്തു. സഭയുടെ പ്രവർത്തനങ്ങളെ പ്രശംസിച്ചുകൊണ്ട് കെ.എൽ. ശ്രീകൃഷ്ണദാസ്, ശശീന്ദ്രവർമ്മ എന്നിവർ സംസാരിച്ചു. തുടർന്ന് അടുത്ത പ്രവർത്തനവർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു. ഉച്ചയ്ക്ക്ശേഷം സഭാംഗങ്ങളുടേയും കുട്ടികളുടെയും വിവിധ കലാപരിപാടികൾ നടന്നു. ഇതിൽ കുമാരി സ്നേഹാവർമ്മ, കുമാരി ഭദ്രാവർമ്മ, ചിത്രാവർമ്മ, ലക്ഷ്മിവർമ്മ എന്നിവർ അവതരിപ്പിച്ച നൃത്തപരിപാടികൾ ഏവരേയും വളരെ രസിപ്പിച്ചു. ഐശ്വര്യവർമ്മ ഡാൻസ് അവതരിപ്പിച്ചു. കൂടാതെ ഗൗരിവർമ്മ, നയനാവർമ്മ എന്നിവരുടെ ഗാനാലാപനവും ഉണ്ടായിരുന്നു. അർജ്ജുൻ വർമ്മയുടെ മൃദംഗം വായനയും മാസ്റ്റർ ശരത് വർമ്മയുടെ ലളിതഗാനവും നല്ല നിലവാരം പുലർത്തി. ഇക്കൊല്ലം 10th Std-ൽ വളരെ പ്രശസ്തമായ വിജയം കൈവരിച്ച മാസ്റ്റർ ശരത് വർമ്മയ്ക്ക് പുത്തൻ കോവിലകത്ത് പരേതനായ കേരളവർമ്മയുടെ ഓർമ്മയ്ക്കായി അദ്ദേഹത്തിന്റെ മകൻ പി.കെ. ശശീന്ദ്രവർമ്മ ഏർപ്പെടുത്തിയ സ്കോളർഷിപ്പ് തുകയായ Rs. 1000 നൽകുകയുണ്ടായി. ഈ മാസം 8-ാം തീയതി നടത്തിയ കായിക മത്സരങ്ങളിൽ വിജയിച്ച കുട്ടികൾക്ക് പ്രസിഡന്റ് സമ്മാനദാനം നിർവഹിച്ചു.

ഉച്ചകഴിഞ്ഞ് 4.30ന് പ്രസിഡന്റിന്റെ ഉപസംഹാരത്തിനും സെക്രട്ടറിയുടെ

നന്ദിപ്രകടനത്തിനുംശേഷം ദേശീയ ഗാനാലാപനത്തോടെ പരിപാടികൾ സമാപിച്ചു.

**പുതിയ ഭാരവാഹികൾ**

പ്രസിഡന്റ് - പി.കെ. രവിവർമ്മ

സെക്രട്ടറി - എൻ. ഉദയവർമ്മ

കമ്മിറ്റി അംഗങ്ങളായി എൻ. ബാല രാമവർമ്മ, എൻ. ബാലകേരളവർമ്മ, കെ.എൻ.എസ്. വർമ്മ, വേണുഗോപാലവർമ്മ, കൃഷ്ണവർമ്മ, ഷൈലജ ധനേഷ്, ഹരികൃഷ്ണവർമ്മ, എൻ. വിജയ വർമ്മ എന്നിവരെ തെരഞ്ഞെടുത്തു.

വാരനാട് ദേവസ്വം നോമിനിയായി എൻ. ബാലരാമവർമ്മയെയും സെൻട്രൽ സഭാ നോമിനിയായി ആർ. രാമചന്ദ്ര വർമ്മയെയും തെരഞ്ഞെടുത്തു.

## പന്തളം

**പ്രവർത്തന റിപ്പോർട്ട്**

കഴിഞ്ഞ മൂന്നു മാസക്കാലത്തിൽ ഭരണസമിതി മൂന്നു തവണ കൂടുകയുണ്ടായി. സഭ ആരംഭിച്ച പച്ചക്കറികൃഷി പ്രോത്സാഹനപദ്ധതി വിജയകരമായിരുന്നു. എല്ലാ കുടുംബാംഗങ്ങളും പങ്കുചേർന്നു എന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്. ഈ പദ്ധതിയുടെ ഭാഗമായി ഏർപ്പെടുത്തിയ സമ്മാനങ്ങൾക്ക് താഴെപ്പറയുന്ന കുടുംബാംഗങ്ങൾ അർഹരായി.

ഒന്നാം സമ്മാനം - ശ്രീദേവി വർമ്മ, തൂവേലിൽ

രണ്ടാംസമ്മാനം - പത്മജ തമ്പുരാട്ടി, സ്രാമ്പിക്കൽ കൊട്ടാരം

പ്രോത്സാഹനസമ്മാനം - രമണി തമ്പുരാട്ടി, കൊച്ചു കൊട്ടാരം.

മറ്റൊരു പദ്ധതിയായ " വാഴ കൃഷി" ഈ മാസം ആരംഭിക്കുകയാണ്. ഇതിനായി ഭാനുമതി തമ്പുരാട്ടി, രശ്മിഭവൻ വക സ്ഥലം ഉപയോഗിക്കുന്നതിന് അനുമതി തന്നിട്ടുണ്ട്.

പ്ലസ്ടു പരീക്ഷയിൽ A+ മാർക്കോടുകൂടി വിജയിക്കുന്ന കുട്ടികൾക്ക് സമ്മാനം നൽകുവാൻ ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. മെയ് മാസം 8-ന് കേന്ദ്രകമ്മിറ്റിയുടെ യോഗം പന്തളത്തു വെച്ച് നടന്നു. മെയ് മാസം 21,22 തീയതികളിൽ അംഗങ്ങളുടെ പഴനി തീർത്ഥാടനം സംഘടിപ്പിക്കുകയുണ്ടായി. ഈ യാത്രക്കിടയിൽ തേക്കടി, തെന്മല എന്നീ സ്ഥലങ്ങളും സന്ദർശിച്ചു.

**സംസ്ഥാനസഭ വാർഷിക പൊതുയോഗം ആഗസ്റ്റ് 14ന് ഇടപ്പള്ളിയിൽ**

ക്ഷത്രിയക്ഷേമസഭ സംസ്ഥാന വാർഷിക സമ്മേളനം ആഗസ്റ്റ് 14ന് ഇടപ്പള്ളി തൃക്കണ്ണപുരം പാർത്ഥസാരഥി ക്ഷേത്രം ഭജനമണ്ഡപത്തിൽ ചേരും. പരിപാടിയുടെ വിശദവിവരങ്ങൾ അന്യത്ര ചേർത്തിരിക്കുന്നു.

**വാർഷിക പൊതുയോഗം 2010-11**
**കാര്യപരിപാടി**

- രാവിലെ 9 മണി : രജിസ്ട്രേഷൻ
- 10 മണി : വാർഷിക പൊതുയോഗം അദ്ധ്യക്ഷൻ: കെ.സി. മാനവർമ്മ രാജ (സംസ്ഥാന പ്രസിഡന്റ്, ക്ഷത്രിയക്ഷേമസഭ
- ഈശ്വരപ്രാർത്ഥന
- *നോട്ടീസ് അംഗീകാരം*
- *സ്വാഗതം:* പ്രസിഡന്റ്, ഇടപ്പള്ളി ക്ഷത്രിയ സമാജം
- വാർഷിക റിപ്പോർട്ട് : പി. സുഭാഷ്കുമാർ വർമ്മ (സംസ്ഥാന സെക്രട്ടറി, ക്ഷത്രിയ ക്ഷേമസഭ)
- റിപ്പോർട്ട്, കണക്ക് എന്നിവയിന്മേലുള്ള ചർച്ച
- *ബജറ്റ് അവതരണം*
- *പ്രമേയങ്ങൾ*
- *നിയമാവലി ഭേദഗതികൾ:* പി.ജി. ശശികുമാർ വർമ്മ (സംസ്ഥാന വൈസ് പ്രസിഡന്റ്)
- *മദ്ധ്യമേഖലയിലെ പ്രവർത്തനങ്ങൾ* ടി. സുകുമാരവർമ്മ (മദ്ധ്യമഖലാ ഓർഗനൈസിംഗ് സെക്രട്ടറി)
- തെരഞ്ഞെടുപ്പ്
- *നന്ദി :* സെക്രട്ടറി, ഇടപ്പള്ളി ക്ഷത്രിയസമാജം

*കുറിപ്പ്: പ്രമേയങ്ങൾ അവതരിപ്പിക്കുവാനുണ്ടെങ്കിൽ 2011 ആഗസ്റ്റ് മാസം 1-ാം തീയതിക്കകം സഭാ ഓഫീസിൽ എത്തിക്കേണ്ടതാണ്.*

**വെള്ളാരപ്പിള്ളി ക്ഷത്രിയസഭ ഒന്നാംവാർഷികാഘോഷവും വിനോദയാത്രയും**

വെള്ളാരപ്പിള്ളി ക്ഷത്രിയസഭയുടെ ഒന്നാംവാർഷികം 22.04. 2011ന് സമുചിതമായി ആഘോഷിച്ചു. യൂണിറ്റ് പ്രസിഡന്റ് ശർമ്മിളവർമ്മ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കുമാരി അമൃത സ്വാഗതം ആശംസിച്ചു. സഭാപ്രസിഡന്റ് മാനവർമ്മരാജ ഉത്ഘാടകനായി. സഭാസെക്രട്ടറി സുഭാഷ് വർമ്മ, ജോയിന്റ് സെക്രട്ടറി മനോജ് വർമ്മ എന്നിവർ ആശംസകൾ അർപ്പിച്ചു. യൂണിറ്റ് സെക്രട്ടറി കെ.ബി.രാമചന്ദ്രൻ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. കെ. മുകുന്ദൻ, രാജവർമ്മ എന്നിവർ സംസാരിച്ചു. വിഷ്ണുപ്രസാദിന്റെ കൃതജ്ഞതയോടെ യോഗം അവസാനിച്ചു. യോഗാനന്തരം ഉച്ചഭക്ഷണവും അംഗങ്ങളുടെ കലാപരിപാടികളും ഉണ്ടായിരുന്നു.

**വിനോദയാത്ര:**

ഏപ്രിൽ 17ന്, കോടനാട്, പാണിയേലി പോര്, കല്ലിൽ ക്ഷേത്രം, ഇരിങ്ങോൾ കാവ് എന്നീ സ്ഥലങ്ങളിലേക്ക് ഒരു ഏകദിന വിനോദയാത്ര നടത്തി. രാവിലെ 9.30ന് ആരംഭിച്ച യാത്രയിൽ കോടനാട് ആന കൊട്ടിലിലായിരുന്നു ആദ്യ സന്ദർശനം. ഒരു വയസ്സിനു താഴെ പ്രായമുള്ള ആനക്കുട്ടി പ്രധാന ആകർഷണമായിരുന്നു. 11.30ഓടെ "പോര്" വെള്ളച്ചാട്ട പരിസരത്തെത്തി. പാറക്കെട്ടുകൾക്കിടയിലൂടെ ശക്തിയായി ഒഴുകുന്ന പുഴയുടെ നടുക്കുള്ള വമ്പൻ പാറക്കെട്ടുവരെ, യാത്രയിൽ പങ്കെടുത്ത പ്രായമായവരും കുട്ടികളും അടക്കമുള്ളവർക്ക് എത്താനായി. പുഴയുടെ ഒത്ത നടുക്കുനിന്നുള്ള കാഴ്ച അത്ഭുതവും ഒപ്പം ആശങ്കയും ഉണ്ടാക്കുന്നതാണ്.ഉച്ചഭക്ഷണത്തിനുശേഷം കല്ലിൽ ക്ഷേത്രം, ഇരിങ്ങോൾ കാവ് എന്നിവിടങ്ങൾ കൂടി സന്ദർശിച്ചതിനുശേഷം 5.30ന് യാത്ര അവസാനിച്ചു. വിനോദയാത്രയിൽ കുട്ടികളടക്കം 51 പേർ പങ്കെടുത്തു.

# കുടുംബ വിശേഷങ്ങൾ

## എൺപതാം പിറന്നാൾ ആഘോഷം

### വി.എം. നാരായണൻ ഉണിത്തിരി, കോക്കാട്

ക്ഷത്രിയക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് രക്ഷാധികാരിയും തല മുതിർന്ന അംഗവുമായ വി.എം. നാരായണൻ ഉണിത്തിരിയുടെ എൺപതാം പിറന്നാൾ 11.04.2011ന് കുടുംബാംഗങ്ങളുടെയും ബന്ധുക്കളുടെയും, സുഹൃത്തുക്കളുടെയും സാന്നിദ്ധ്യത്തിൽ ആഘോഷിച്ചു. ക്ഷത്രിയസഭയുടെ നേതൃത്വത്തിൽ നടന്ന അനുമോദനയോഗത്തിൽ ടി.എം. ശ്രീകുമാർ സ്വാഗതം പറഞ്ഞു. മാധവൻ അദ്ധ്യക്ഷത വഹിച്ചു. യൂണിറ്റ് പ്രസിഡന്റ് എൻ.പി. കൃഷ്ണൻ ഉണിത്തിരി, വി.എം. നാരായണൻ ഉണിത്തിരിയെ പൊന്നാട അണിയിച്ച് ആദരിച്ചു. എൻ.കെ. നാരു ഉണിത്തിരി, എൻ. കുഞ്ഞോമൻ ഉണിത്തിരി, പേർക്കുണ്ടി ഉണ്ണിക്ക്യഷ്ണൻ നമ്പൂതിരി, കെ.ഇ. ഗോവിന്ദൻ നമ്പൂതിരി, ഭട്ടതിരി ഈശ്വരൻ നമ്പൂതിരി, കെ. ശങ്കരൻ നമ്പ്യാർ (റിട്ട. താസിൽദാർ) എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. യോഗത്തിൽ അഡ്വ. വി.എം. കൃഷ്ണകുമാർ നന്ദിപ്രകടനം നടത്തി. ആഘോഷത്തോടനുബന്ധിച്ച് വിഭവസമൃദ്ധമായ സദ്യയും നടന്നു.

## വൈവാഹികം

### ഹനീഷ് – സൗഭാഗ്യ

കരിവെള്ളൂർ തെക്കെ മണക്കാട്ട് എൻ.എസ്. ശങ്കരൻ നമ്പൂതിരിയുടെയും എൻ.കെ. സരസ്വതിയുടെയും മകൻ ഹനീഷും അന്നൂർ കിഴക്കെ കൊവ്വൽ പി.വി. രവീന്ദ്രന്റെയും അംബിക അന്തർജ്ജനത്തിന്റെയും മകൾ കുമാരി സൗഭാഗ്യയും തമ്മിലുള്ള വിവാഹം 11.6.2011ന് അന്നൂർ മഹാവിഷ്ണു ക്ഷേത്രത്തിൽ വെച്ച് സമംഗളം നടന്നു.

### ശ്രീനാഥ് – പാർവ്വതി

ചിറയ്ക്കൽ കോവിലകത്ത് പരേതനായ ശരച്ചന്ദ്രവർമ്മയുടെയും (സീതാസദനം), തിരുവണ്ണൂർ കോവിലകത്ത് ശ്രീദേവിവർമ്മയുടെയും മകൻ ശ്രീനാഥ് വർമ്മയും, തിരുവല്ലാ പാലിയക്കര കിഴക്കേ കൊട്ടാരത്തിൽ നന്ദിനി സതീഷിന്റെയും സതീഷിന്റെയും മകൾ പാർവ്വതിയും തമ്മിലുള്ള വിവാഹം ജനുവരി 16ന് തിരുവല്ല പാലിയക്കര കിഴക്കേകൊട്ടാരത്തിൽ വെച്ച് നടന്നു.

### ഷഷ്ട്യബ്ദപൂർത്തി

ചിറയ്ക്കൽ കോവിലകത്ത് (കിഴക്കേകോവിലകം) സി.കെ. രാജരാജവർമ്മയുടെ (സുകുമാരൻ) സഹധർമ്മിണി സുഷമാവർമ്മയുടെ (തങ്കമണി, നിലമ്പൂർ കോവിലകം) ഷഷ്ട്യബ്ദപൂർത്തി 2011 മാർച്ച് 11-ാം തീയതി പൂങ്കുന്നത്ത് (തൃശൂർ) ശങ്കരൻകുളങ്ങര ക്ഷേത്ര ഹാളിൽവെച്ച് ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും സാന്നിദ്ധ്യത്തിൽ ആഘോഷിച്ചു.

### സപ്തതി

ചിറയ്ക്കൽ കിഴക്കേ കോവിലകത്ത് (നന്ദനം) ലീലാരാമവർമ്മയുടെ 'സപ്തതി' സ്വഗൃഹമായ നന്ദനത്തിൽ വെച്ച് ബന്ധുമിത്രാദികളുടെ സാന്നിദ്ധ്യത്തിൽ 2011 മാർച്ച് 19-ാം തീയതി ആഘോഷിച്ചു. പൂഞ്ഞാർ കാഞ്ഞിരമിറ്റം കൊട്ടാരത്തിൽ പി. രാമവർമ്മയാണ് (വിജയൻ) ഭർത്താവ്.

### ശതാഭിഷേകം

1. ഹരിപ്പാട്ട് അനന്തപുരത്തു കൊട്ടാരത്തിൽ തിരുവോണംനാൾ രുഗ്മിണി തമ്പുരാട്ടിയുടെ ശതാഭിഷേകം ജൂൺ 19ന് സമുചിതമമായി ആഘോഷിച്ചു. രാവിലെ കൊട്ടാരം ക്ഷേത്രശാന്തി കിഴികുളം ഹരിയുടെ കാർമ്മികത്വത്തിൽ ഗണപതി ഹോമവും വിഷ്ണുപൂജയും തുടർന്ന് കുംഭാഭിഷേകവും നടന്നു. ഹരിപ്പാട്, മാവേലിക്കര, പന്തളം, തിരുവല്ല, തൃപ്പൂണിത്തുറ, കൊടുങ്ങല്ലൂർ, തൃശൂർ മുതലായ സ്ഥലങ്ങളിൽ നിന്നും നൂറുകണക്കിനാളുകൾ ചടങ്ങുകളിലും സൽക്കാരത്തിലും പങ്കെടുത്തു. സഹോദരി വത്സലാരവിവർമ്മ രചിച്ച് ഉഷ, ലതിക എന്നിവർ ചേർന്ന് ആലപിച്ച മംഗളാശംസയും ചെമ്പ്രോൽ കൊട്ടാരത്തിൽ സി.കെ. രാജരാജവർമ്മ (രാമഭദ്രൻ ചേട്ടൻ) യുടെ ആശംസാസന്ദേശവും സദസ്സിനെ ഏറെ ആകർഷിച്ചു.

2. അനന്തപുരത്തു കൊട്ടാരത്തിൽ ആർ.രവിവർമ്മയുടെ ശതാഭിഷേകം ജൂലായ് 3ന് തിരുവനന്തപുരത്ത് സമുചിതമായി ആഘോഷിച്ചു. തിരുവനന്തപുരം, ഹരിപ്പാട്, തിരുവല്ല, തൃപ്പൂണിത്തുറ, തൃശ്ശൂർ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും ബന്ധുമിത്രാദികളടക്കം നൂറുകണക്കിനാളുകൾ ചടങ്ങുകളിലും സൽക്കാരങ്ങിലും പങ്കെടുത്തു. നേരത്തേ നന്തൻകോട്ടെ വസതിയിൽ നെല്ലിയോട് വാസുദേവൻ നമ്പൂതിരിയുടെ കാർമ്മികത്വത്തിൽ പൂജാകർമ്മങ്ങളും തുടർന്ന് രാജാഭിഷേകവും ഉണ്ടായിരുന്നു. കാവാലം നാരായണപ്പണിക്കർ, സഹോദരൻ വേലായുധപ്പണിക്കർ, ഹരിസേനവർമ്മ, കാവാലം ശ്രീകുമാർ, കുമാരകേരളവർമ്മ എന്നിവർ ആശംസകൾ അർപ്പിച്ചു. വത്സലാ രവിവർമ്മ രചിച്ച് ശംഭു ആലപിച്ച മംഗളാശംസയും മായാവർമ്മയുടെ വീണക്കച്ചേരിയും സദസ്സിനെ ഏറെ ആകർഷിച്ചു.

### ഉപനയനം

1. തൃപ്പൂണിത്തുറ കണ്ണൻകുളങ്ങര കനകധാരയിൽ സുരേഷ്കുമാറിന്റെയും ദേവികവർമ്മയുടെയും മകൻ അഭിജിത്ത് വർമ്മയുടെ ഉപനയനം 18.5.2011 ബുധനാഴ്ച കണ്ണൻകുളങ്ങര അന്യോന്യം നാലുകെട്ടിൽ വച്ചു നടന്നു.

2. തിരുവനന്തപുരം പേരൂർക്കടയിൽ ജയചന്ദ്രവർമ്മയുടെയും ശ്രീജിതാ

വർമ്മയുടെയും മകൻ ജിതേന്ദ്രവർമ്മയുടെ ഉപനയനം തൃപ്പൂണിത്തുറ അന്യോന്യം നാലുകെട്ടിൽ വച്ച് മെയ് 18ന് സമംഗളം നടക്കുകയുണ്ടായി.

3. വെള്ളാരപ്പിള്ളി ചൊവ്വര മഠത്തിൽ അജിത്കുമാർ വർമ്മയുടെയും സജിതാവർമ്മയുടെയും മകൻ ഗണേഷ് വർമ്മയുടെ ഉപനയനം മെയ് 18ന് തൃപ്പൂണിത്തുറ അന്യോനം നാലുകെട്ടിൽ വച്ച് നടക്കുകയുണ്ടായി.

4. ബാംഗ്ലൂരിലുള്ള തൃശൂർ അഞ്ചേരി മഠത്തിൽ സുരേഷ്കുമാർ വർമ്മയുടേയും യാമിനിവർമ്മയുടേയും മകൻ ദീപക് എസ് വർമ്മയുടെ ഉപനയനം കൊടുങ്ങല്ലൂർ ചിറയ്ക്കൽ കോവിലകത്ത് വച്ച് മേയ് 18ന് മംഗളകരമായി നടന്നു.

5. പന്തളത്ത് ലക്ഷ്മിവിലാസം കൊട്ടാരത്തിൽ വർമ്മ കെ പൃഥുവിന്റെയും പഴയന്നൂർ കൊട്ടാരത്തിൽ ശ്രീദേവി വർമ്മയുടെയും മകൻ **പാർഥിവ് വർമ്മ**യുടെയും കിളിമാനൂർകൊട്ടാരത്തിൽ പ്രേം വർമ്മയുടെയും പന്തളം ലക്ഷ്മിവിലാസം കൊട്ടാരത്തിൽ മീരയുടെയും മകൻ **സത്ചിത് വർമ്മ**യുടെയും ഉപനയനം തൃപ്പൂണിത്തുറ അന്യോന്യത്തിൽ വച്ച് 2011 മെയ് 11ന് നടന്നു. ക്ഷത്രിയക്ഷേമ സഭ മുൻ സെക്രട്ടറി എ കെ. രാജരാജ വർമ്മയുടെ പേരക്കുട്ടികളാണ്.

## ചരമം

**കൊച്ചി രാജകുടുംബത്തിലെ ഇളയമ്മ തമ്പുരാൻ**



തൃപ്പൂണിത്തുറ: കൊച്ചി രാജകുടുംബത്തിലെ ഇളയമ്മ തമ്പുരാൻ തൃപ്പൂണിത്തുറ കോട്ടയ്ക്കകം ചന്ദ്രവിലാസം പാലസിൽ പത്മം തമ്പുരാൻ (95) (7-5-2011ന്) അന്തരിച്ചു. ഭർത്താവ്: പരേതനായ തെക്കേടം അഷ്ടമൂർത്തി നമ്പൂതിരി. മക്കൾ: ഡോ. സുരേന്ദ്രൻ തമ്പുരാൻ (ഇംഗ്ലണ്ട്) പ്രേമചന്ദ്രൻ തമ്പുരാൻ (പാലസ് അഡ്മിനിസ്ട്രേഷൻ ബോർഡംഗം), ശോഭന തമ്പുരാൻ (റിട്ട. ഫെഡറൽ ബാങ്ക്). മരുമകൻ: പരേതനായ ആനന്ദ് വർമ്മ.

**ഭോജൻ**

തെക്കുംകൂർ കൊട്ടാരത്തിൽ പരേതനായ ടി.എൻ. രാജയുടെയും കൊരട്ടി സ്വരൂപത്തിൽ പരേതയായ തങ്കം തമ്പുരാട്ടിയുടെയും മകൻ ഭോജൻ 2011 മാർച്ച് 31-ാം തീയതി അന്തരിച്ചു. ഭാര്യ തിരുവണ്ണൂർ കോവിലകത്തെ മീര തമ്പുരാട്ടിയും മകൾ ശരണ്യയുമാണ്. ബാലുശ്ശേരി കോവിലകത്ത് രാഗേഷ് മരുമകൻ.

**ശ്രീകുമാർ വർമ്മ**

കോഴിക്കോട് പതിരാങ്കാവിൽ അരുണാഞ്ജലിയിൽ അവിട്ടത്തൂർ കൊട്ടാരത്തുമഠത്തിൽ പരേതനായ രാമവർമ്മയുടേയും എളങ്കുന്നപ്പുഴ നടയ്ക്കൽ കോവിലകത്ത് ലീലാരാമവർമ്മയുടേയും പുത്രൻ ശ്രീകുമാർ വർമ്മ (48) 4-04-2011-ൽ നിര്യാതനായി. ഭാര്യ ഉഷവർമ്മ (പെരുന്തുരുത്തി കോവിലകം) മക്കൾ അഞ്ജലി, അരുൺ.

**ഉമ**

തൃപ്പൂണിത്തുറ: കൊച്ചി രാജകുടുംബാംഗം തൃപ്പൂണിത്തുറ ഭക്തിവിലാസ് പാലസിൽ ഉമ (50) 02.06.2011ൽ വാഹനാപകടത്തിൽ നിര്യാതയായി. ബെർജർ പെയിന്റ്സിൽ ഉദ്യോഗസ്ഥയായിരുന്നു. കൊച്ചി രാജകുടുംബത്തിലെ കൊച്ചമ്മിണി തമ്പുരാന്റെയും പുലിയന്നൂർ മനയ്ക്കൽ ദാമോദരൻ നമ്പൂതിരിയുടെയും മകളാണ്. ഭർത്താവ്: കൃഷ്ണകുമാർ. മകൾ: ചാന്ദ്നി

**വി. ജയരാമൻ**



തൃപ്പൂണിത്തുറ: പ്രശസ്ത സംഗീത-കലാനിരൂപകൻ തൃപ്പൂണിത്തുറ വിശ്വഭാരതിയിൽ വി. ജയരാമൻ (65) പുനെയിൽ അന്തരിച്ചു. കൊച്ചി രാജകുടുംബാംഗം രവിവർമ്മ രവി അപ്പൻ തമ്പു രാന്റേയും ദേവി വാരസ്യാരുടെയും മകനാണ്. ഭാര്യ: രമ. മകൾ: അർച്ചന. മരുമകൻ: ഗിരീഷ്.

**സരോജിനി തമ്പുരാട്ടി**

ചെന്നിത്തല തുളിശ്ശാല കോയിക്കൽ സരോജിനി തമ്പുരാട്ടി (82) മെയ് 3ന് നിര്യാതയായി.

**രാജരാജവർമ്മ**

തെക്കുംകൂർ സ്വരൂപത്തിലെ രാജരാജവർമ്മ (87) മെയ് 23ന് തിരുവനന്തപുരത്ത് അന്തരിച്ചു. ഭാര്യ പന്തളത്ത് വടക്കേ കൊട്ടാരത്തിൽ ഓമനതമ്പുരാട്ടി.

**ടി.പി. രാമവർമ്മ (കുട്ടൻചേട്ടൻ)**

തൃശൂർ തിരുത്തൂർ വടക്കേമഠത്തിൽ ടി.പി. രാമവർമ്മ (80) ജൂൺ 20ന് അന്തരിച്ചു. ഭാര്യ: ഗായത്രീവർമ്മ.

**ഇ. രാധാമണി (77)**

കാരപ്പുഴ ഇളയകോവിലകത്ത് ഇ. രാധാമണി ജൂൺ 20ന് നിര്യാതയായി. ഭർത്താവ്: എം. രാജപ്പൻ മാളിയക്കൽ മഠം, തൃപ്പൂണിത്തുറ മക്കൾ: അനിൽ വർമ്മ (യു.എസ്സ്) സ്വപ്നവർമ്മ. മരുമക്കൾ: പമീല വർമ്മ (യു.എസ്സ്.) ആത്മജ വർമ്മ തമ്പുരാൻ.

**എൻ. ആർ. ചന്ദ്രവർമ്മതമ്പുരാൻ**



പാണ്ടനാട്: എഴുമറ്റൂർ നെയ്തല്ലൂർ കോയിക്കൽ കുടുംബത്തിലെ വലിയ തമ്പുരാൻ എൻ. ആർ. ചന്ദ്രവർമ്മ തമ്പുരാൻ (79) 26.04.2011ൽ നിര്യാതനായി. റിട്ടയേർഡ് ഹൈസ്കൂൾ അദ്ധ്യാപകനായിരുന്നു. ഭാര്യ: പാണ്ടനാട് മംഗലപ്പിള്ളിൽ കോവിലകത്ത് പരേതയായ മകം നാൾ ഇന്ദിരാഭായി തമ്പുരാട്ടി. മക്കൾ: രതീഷ് വർമ്മ, സതീഷ് വർമ്മ, ശ്രീകല വർമ്മ, അനൂപ് വർമ്മ, മരുമക്കൾ: പത്മിനി വർമ്മ, മുരളീകൃഷ്ണവർമ്മ, ഗിരിജവർമ്മ.

# വരനെ ആവശ്യമുണ്ട്

## BOX No. 447

ക്ഷത്രിയ യുവതി 25 വയസ്സ് (26-2-1986) ഉത്രം നക്ഷത്രം. ഉയരം 154 cm, ഇരുനിറം B.Com, അനുയോജ്യമായ ക്ഷത്രിയുവാക്കളുടെ രക്ഷിതാക്കളിൽ നിന്നും ആലോചന ക്ഷണിക്കുന്നു. Ph: 09437632394, 09937901809

| | | | |
|---|---|---|---|
| ബു | സ | മാ | - |
| ര ശു ഗു | Rasi രാശീ | | - |
| - | | | ല |
| - | കു മ | ശി | ച |

| | | | |
|---|---|---|---|
| ച | ശു | - | ല സ |
| ര | Navamsa നവാംശകം | | മാ ബു |
| കു | | | - |
| ഗു ശി | മ | - | - |

ശിഷ്ടദശ 0 കൊല്ലം 10 മാസം 24 ദിവസം രവി ദശ

## BOX No. 448

Kshatriya girl, 26 Yrs, (20-5-1985),Karthika Nakshathram 152cms doing BDS final Semaster, invites proposals from parents of professionally qualified boys. Father : Retired Army Officer, Mother from Aranmula Palace.

| | | | |
|---|---|---|---|
| ശു | ബു.സ | ല.ര. ച.ക | - |
| - | ഗ്രഹനില | | - |
| ഗു | | | - |
| മാ | മ | ശി | - |

| | | | |
|---|---|---|---|
| - | - | ശി | - |
| ര.ച | അംശകം | | കു.ഗു. മ |
| ല.ശു | | | ബു |
| - | സ | മാ | - |

ഗർഭശിഷ്ടദശ: 1 വർഷം, 8 മാസം, 11 ദിവസം, ആദിത്യദശ
ജനന സമയം 5.15 മ.ാ. അംബാല, ഹരിയാന സ്റ്റേറ്റ്

Contact: 9446303917

## BOX No. 450

നമ്പീശ യുവതി 26 വയസ്സ്. (22-11-1984) കൊ.വ 1160 വൃശ്ചികം 7) വിശാഖ നക്ഷത്രം 159 സെ.മീ. ഉയരം വെളുത്തനിറം. ഇപ്പോൾ സൗദി അറേബ്യയിൽ സ്റ്റാഫ് നേഴ്സ് ആയി ജോലി ചെയ്യുന്നു. ഗൾഫിൽ ഫാമിലി വിസ ഉള്ളവരും സാമാന്യ വിദ്യാഭ്യാസമുള്ളവരുമായ ക്ഷത്രിയ/നമ്പൂതിരി/തിരുമുൽപ്പാട്/ നമ്പ്യാർ യുവാക്കളുടെ രക്ഷിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.

| | | | |
|---|---|---|---|
| - | - | സ | - |
| ല | ഗ്രഹനില | | - |
| കു | | | - |
| ഗു മാ ശു | ര ബു ശി | ച മ | - |

| | | | |
|---|---|---|---|
| ച ബു | കു | - | മ |
| സ | നവാംശകം | | മാ |
| - | | | ര ശു |
| - | - | ല | ഗു |

നക്ഷത്രദശ:- 12 കൊല്ലം 2 മാസം 1 ദിവസം 36 നാഴിക വരെ നില്കും നക്ഷത്രപക്ഷെ ജനനശിഷ്ടം വ്യാഴദശാ

## BOX No. 451

Kshatriya girl, 24 Yrs, (8-7-1987, 1162 Midhunam 24),Anizham Nakshathram. B.Tech. (Civil), employed in a Public Sector undertaking in Banglore) Medium Complession, 157 cms proposals invited from suitable kshatriya youths.

| | | | |
|---|---|---|---|
| സ | ഗു | - | ര ബു * |
| - | ഗ്രഹസ്ഥിതി | | കു |
| - | | | - |
| ല | ച മ | - | ശി മാ |

| | | | |
|---|---|---|---|
| - | ര ഗു ശി | - | മാ |
| ബു | നവാംശകം | | |
| മ | | | |
| ശു | പ | സ | ല കു |

1987 ജൂലൈ 8
1 വർഷം 9 മാസം 29 ദിനം ശനിദശാശിഷ്ടം 1162 മിഥുനം 24 ബുധനാഴ്ച
6.31 pm അനിഴം നക്ഷത്രം 4-ാം പാദം ധനുലഗ്നം മദ്ധ്യത്രേക്കാണം സ്ത്രീജനനം

## BOX No. 453

Kshatriya girl, 24 Yrs, (4-7-1987, 1162 Midhunam 20) (Atham) Height 164 Cm, B.Tech. (Civil), Presently working in Thrissur seeks suitable alliance from parents of educated and employed kshathriya youth.

| | | | |
|---|---|---|---|
| സ | ഗു | - | ര ബു ശു മാ |
| - | ഗ്രഹനില | | കു |
| - | | | - |
| - | മ | ല | ച ശി |

| | | | |
|---|---|---|---|
| ര ബു | ഗു ശി | - | ച മാ |
| - | അംശകം | | - |
| മ | | | കു |
| - | ശു | ല സ | - |

04 വയസ്സ് 01 മാസം 06 ദിവസം വരെ ചന്ദ്രദശ

## BOX No. 456

ക്ഷത്രിയ യുവതി 24 വയസ്സ്. മകയിരം നക്ഷത്രം. ഉയരം 157 സെ.മീ. Msc Physics, Phd യ്ക്ക് ചേരുവാൻ പോകുന്നു. അനുയോജ്യരായ ക്ഷത്രിയ യുവാക്കളുടെ രക്ഷിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു.
Contact No. 9446260186

| | | | |
|---|---|---|---|
| - | ല ബു.ഗു | ശി | കു മാ |
| - | അംശകം | | - |
| മ | | | ശു |
| ര | സ | - | ച |

| | | | |
|---|---|---|---|
| സ | ഗു | ച ശു | രകു ബു |
| - | ഗ്രഹനില | | - |
| - | | | ല മാ |
| - | മ | - | ശി |

1987 ജൂൺ 25, 9-5 am, മകയിരം നക്ഷത്രം 4-7-20 കുജദശ

## BOX No. 457

Proposals are invited for a fair and beautiful girl of Kshatriya origin, age 23 yrs, height 164 cm, BTech, MBA working as consultant in a reputed firm in Bangalore. She posses a cheerful disposition and positive outlook towards life. We belong to an aristocratic and educated family from Central Travancore. The boy should be tall, friendly, and well employed hailing from an educated and well settled Kshatriya familiy, preferably born after 1983.

| | | | |
|---|---|---|---|
| SA GU | - | - | CHA |
| BU SHU | Grahanila | | LA |
| RA | | | - |
| MA | K U | MAA | SHI |

| | | | |
|---|---|---|---|
| SA GU | - | MA RA SHU | - |
| BU SHU | നവാംശകം | | LA |
| RA | | | - |
| MA | KU | MAA | SHI |

Janmashishtam: 12 varsham, 3 Masam, 18 Days, Rahu Dasa Till Completion of 28 rs: Vyasham

# വധുവിനെ ആവശ്യമുണ്ട്

## BOX No. 449

Kshatriya boy, 27 Yrs, (18-10-1983), Chathayam Nakshatram. 172 cm, Slim,handsome- B- Tech- employed in a Multi -National company in Technopark, Thiruvananthapuram. Proposals invited from parents of suitable kshatriya girls, preferably employed.

## BOX No. 454

ക്ഷത്രിയ യുവാവ് 39 വയസ്സ്. (18.3.1972 -1147 മീനം 5) ഭരണി നക്ഷത്രം. ഉയരം 165 സെ.മീ എറണാകുളത്ത് ഒരു സ്വകാര്യ സ്ഥാപനത്തിൽ പ്രൈവറ്റ് ഫേമിൽ സെയിൽസ് എക്സിക്യൂട്ടീവ് . അനുയോജ്യരായ ക്ഷത്രിയ യുവതികളുടെ രക്ഷിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.

| | | | | | |
|---|---|---|---|---|---|
| മ സ | ര ബു മാ | ച ശു | കു മ | - | |
| | | ഗ്രഹനില 6.24 pm | | ശി | ഗു |
| കു ബു ല | സ | | | - | ര |
| | ഗു | - | - | ല | ച ശു ശി |
| | | മാ | | | |

ശിഷ്ടം ശുക്രദശ 14 വർഷം 4 മാസം 0 ദിവസം

## BOX No. 455

ക്ഷത്രിയ യുവാവ് 29 വയസ്സ്. മകം നക്ഷത്രം. ഉയരം 178 സെ.മീ., ബി.ടെക്, സോഫ്റ്റ് വെയർ എൻജിനീയർ, ബാംഗ്ളൂർ, യോഗ്യരായ പെൺകുട്ടികളുടെ രക്ഷകർത്താക്കളിൽ നിന്ന് ജാതകക്കുറിപ്പും ബയോഡഡേറ്റയും സഹിതം ആലോചനകൾ ക്ഷണിച്ചുക്കുന്നു. ബന്ധപ്പെടേണ്ട ഫോൺ നമ്പർ: 9847125794

| | | | |
|---|---|---|---|
| | - | - | - |
| | ഗ്രഹനില | | സ |
| ശി | | | ച കു |
| - | ല ശു മാ | ര | ബു ഗു മ |

| | | | |
|---|---|---|---|
| ല | - | - | കു |
| - | നവാംശകം | | ച മ സ |
| ശു ശി | | | ബു |
| - | ര | - | ഗു മാ |

1981 ഒക്ടോബർ 23 വെള്ളി പകൽ 10 മണി 0 മിനിറ്റ്
മകം നക്ഷത്രം 0-1-24 കേതുദശ

## BOX No. 452

Kshatriya youth, 29 years (02-04-1982) Punartham Star, Height 175 + cms, B.Com, CA - Inter, Asstt. Manager in a reputed company at Abu Dhabi, only son- no brothers or sisters Father- Retired from Service. Mother - House wife. Settled at Thrissur, Mobile No. 9447529470, Proposals invited from parents of Kshathriya girls employed or qualified for employment.

| | | | | | |
|---|---|---|---|---|---|
| | ര ബു | മാ | - | ല സ | |
| ഗു | ശു | ഗ്രഹനില പുറത്ത് അംശകം | | ച | ച |
| | - | | | - | മ |
| ര മാ | ശി | - | ഗു | കു മ | ബു |

ഗർഭശിഷ്ടദശ = വ്യാഴം 1 വയസ്സ് 8 മാസം 1 ദിവസം

## അടുത്ത ലക്കത്തിൽ

### ശ്രീകൃഷ്ണവിലാസത്തിലെ സുമേരു ശൈലം – ഒരു പഠനം

കാളിദാസകൃതികളുമായി ഒരു രചനാസാദൃശ്യം ഉണ്ടെന്ന് കരുതപ്പെടുന്ന ഒരു സംസ്കൃത മഹാകാവ്യമാണ് 'ശ്രീകൃഷ്ണവിലാസം' കാളിദാസൻ കുമാരസംഭവത്തിൽ ഹിമാവലത്തെയും അതിന്റെ പ്രാന്തപ്രദേശങ്ങളെയും വർണ്ണിക്കുന്നതുപോലെ ശ്രീകൃഷ്ണവിലാസത്തിൽ സുമേരുശൈലത്തെക്കുറിച്ചുള്ള വർണ്ണനയുടെ പരിഭാഷ അടുത്ത ലക്കത്തിൽ ആരംഭിക്കുന്നു. പരിഭാഷകൻ: ഡോ.കെ.സി.എം. രാജ

# VARMA BUILDERS AND DEVELOPERS

*We undertake Building construction and all maintenance works*

*Please contact:*

**P.K. Giri Varma**

C 6, Belhaven gardens, Kowdiar P.O. Tvm -3
Email, girivarmapk@gmail.com
Mob: 9447124229

വിവാഹം, ഷഷ്ടിപൂർത്തി, ശതാഭിഷേകം,
അടിയന്തിരം, ചോറൂണ്, വിശേഷ ദിവസങ്ങൾ
ഏതും ആയിക്കോട്ടെ
വിളമ്പുജോലികൾക്ക് സമീപിക്കുക

# വിഘ്നേശ്വര ശ്രമദാനം

കാഞ്ഞൂർ, കാലടി
എറണാകുളം ജില്ല

അനിൽകുമാർ വർമ്മ
Mob: 9946408876

അജിത്കുമാർ വർമ്മ
Mob: 9400074714